

. 1646

യവനിക





1202

ചങ്ങനാശ്ശേരി

1648
ൽ 46

യവനിക

[നാലാംപതിപ്പ്]



ഗ്രന്ഥകർത്താ:
ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

ഇടപ്പള്ളി

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

KATTOOKAREN BOOK STALL
BROADWAY, ERNAKULAM.

First Impression in 1121
Second Impression 1124
Third Impression 1125
Fourth Impression 1126
Copies 1000

All rights reserved by
MRS SREE DEVI CHANGAMPUZHA
"Sree Devi Mandiram"
EDAPPALLY
(N. Travancore)

Price:
Rupee One and
Annas Eight.

Printed at
THE MANGALODAYAM PRESS
TRICHUR.

Stained Rose

1

സമർപ്പണം

കാളിക്കൊച്ചേലോടെ കമിഴ്ന്നു നീന്തിയിരുന്ന
എന്റെ കവനകലാകൗതുകത്തെ
വാത്സല്യപൂർവ്വം കൈപിടിച്ചു സാഹിത്യലോകത്തിൽ
പിച്ചവപ്പിച്ചനടത്തിയതാരോ;
അപ്രതിമമായ യുക്തി, അതിതീക്ഷ്ണമായ ബുദ്ധി,
സമ്പുഷ്ടമായ നിർമ്മാണശക്തി, സംസ്കാര
സമ്പന്നമായ വിജ്ഞാനലബ്ധി:—
ഇവയുടെ സംഘടിതമായ ചൈതന്യം
മൂർത്തിമത്തായിപ്പരിലസിക്കുന്നതാരോ;
ഇന്നത്തെ കേരളീയപുരോഗമനചിന്തകന്മാരിൽ
അദ്വിതീയനായ ആ ഉത്തമവിമർശകന്റെ

ശ്രീ. കുറിപ്പുഴ കൃഷ്ണപിള്ളയുടെ

ജ്വലിക്കുന്ന പ്രതിഭയുടെ മുമ്പിൽ,
എന്റെ സ്നേഹം, ബഹുമാനം, കൃതജ്ഞത, ഭക്തി
ഇവയുടെ അപൂർണ്ണമെങ്കിലും ഏറ്റവും ആത്മാർത്ഥമായ
ഒരുപഹാരമെന്ന നിലയിൽ,
ഞാൻ ഈ കാവ്യം സാഭിമാനം
സമർപ്പണം ചെയ്യുന്നു.

'ശ്രീദേവിമന്ദിരം'
ഇടപ്പള്ളി,
1—1—1122

ചങ്ങമ്പുഴ കൃഷ്ണപിള്ള.

നീ കവേ, നിഷ്പ്രതനാകവേ, നിൻ പ്രേമം
ലോകത്തിൻ ചിന്തയിൽത്തങ്ങിയെങ്കിൽ!

ജി.

JNANODAYAM HIGH SCHOOL
Date
ERNAKULAM.

അവതാരിക

I

രാജകൊട്ടാരങ്ങളുടേയും പ്രഭുസദനങ്ങളുടേയും അധികാരവലയത്തിൽനിന്നു കാവ്യകലയെ മോചിപ്പിച്ചു സാമാന്യജനതയുടെ ഹൃദയവേദിയിൽ സകാലം പ്രതിഷ്ഠിച്ച മനുഷ്യസ്നേഹിയും മഹാകവിയുമായ ശ്രീ: ചങ്ങമ്പുഴ കൃഷ്ണപിള്ളയോടൊപ്പം ജനപ്രീതിക്കു പാത്രീഭൂതനായ മറെറാരു കലാകാരൻ ഇന്നത്തെ കേരളത്തിൽ ഇല്ലെന്നു തീർത്തു പറയാം. നാട്ടിൻപുറത്തെ സാധുവായ കൃഷിക്കാരനും, പരിഷ്കാരമില്ലാത്ത കാലിച്ചെറുക്കനും പട്ടണത്തിലെ പാവപ്പെട്ട തൊഴിലാളിയും ചങ്ങമ്പുഴക്കവിതകൾ പാടി ആനന്ദിക്കുന്നുണ്ട്. പക്ഷേ, ഈ പാവങ്ങൾ ചങ്ങമ്പുഴയുടെ കലാകൗശലതയെപ്പററി നിരൂപണം ചെയ്യുന്നതിനു ശ്രമിച്ചിട്ടില്ല. ഇവർ നിരൂപകന്മാരല്ലല്ലോ. അതിനുണ്ട് വേറൊരു കൂട്ടർ. അസൂയയും സ്വദ്ധ്യംകൊണ്ടുമാത്രം ചങ്ങമ്പുഴക്കവിതയെ അവഹേളിക്കുന്ന ഒരു കൂട്ടം നിരൂപകപ്പുരുഷന്മാരുണ്ടല്ലോ. ഉൽകൃഷ്ടചിന്തകളും സംസ്കാരമൂല്യങ്ങളും ചങ്ങമ്പുഴക്കവിതയിൽ വളരെ വിരളമാണെന്നു പറഞ്ഞുകൊണ്ട് 'ഫ്രൈഡിയലിസ'ത്തിന്റെ വാലിൽ തൂങ്ങുന്ന 'മനംനോക്കികൾ' മ

റൊരുവിധത്തിൽ. (കലാസൃഷ്ടി ഒരു സാമൂഹ്യപ്രവർത്തനമാണെന്നു വാദിക്കുന്ന ശ്രീ: എ. ബാലകൃഷ്ണപിള്ളയെ ഞാൻ ബഹുമാനപുരസ്സരം സ്മരിക്കുന്നു. പക്ഷേ കേരളത്തിൽ അദ്ദേഹത്തെപ്പോലെ അദ്ദേഹത്തെ മാത്രമേ കണ്ടിട്ടുള്ളൂ) കണ്ണുസുഖം നല്കുന്ന ദ്രാവിഡശീലുകളിൽക്കൂടി സംഗീതം പകരുന്ന ജനങ്ങളെ വശീകരിക്കുകമാത്രമാണ് ശ്രീ: ചങ്ങമ്പുഴ ചെയ്തിട്ടുള്ളതെന്നും, കുറേ 'കളകളാരവങ്ങളും' 'കിലുകിലാരവങ്ങളും' മാറിനോക്കിയാൽ ചങ്ങമ്പുഴക്കവിത അന്തഃസത്തയില്ലാത്ത പൊങ്ങുതടിയാണെന്നു കാണാൻ കഴിയുമെന്നും മറുമാണ് ചങ്ങമ്പുഴയെ ആക്ഷേപിക്കുന്നവർ സാധാരണ പറയാറുള്ളതു്. ഈ ആക്ഷേപത്തെപ്പറ്റി അല്പമൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. കുറേ മധുരപദങ്ങൾ പെറുക്കി നിരത്തിയതുകൊണ്ടുമാത്രം സാമാന്യജനതയെ വശീകരിച്ചു കീഴ്പെടുത്തുവാൻ സാദ്ധ്യമാണോ? മധുരപദങ്ങൾ നിരത്തിവെച്ച മറ്റു പലരുമില്ലേ? അവരും ജനങ്ങളും തമ്മിലുള്ള ബന്ധമെന്താണ്? കഴമ്പില്ലാത്ത സംഗീതത്തിന്റെ പിറകേ നടന്നു മിനക്കെടാൻമാത്രം സമയവും സഹകൃയും സാധാരണക്കാർക്കുണ്ടോ? സംഗീതാത്മകതപമാത്രമാണോ ചങ്ങമ്പുഴക്കവിതയും കേരളീയരും തമ്മിലുള്ള ഉഗ്രബന്ധത്തിന്റെ അടിസ്ഥാനം?

ഏതൊരു സമുദായത്തിലും മനുഷ്യമനസ്സിന്റെ വ്യാപാരഫലങ്ങളായ സാഹിത്യം, തത്ത്വശാസ്ത്രം, മത

നിബന്ധനകൾ എന്നിവയെല്ലാം അന്ത്യത്രുപം നല്കുന്നു് ആ സമുദായത്തിൽ നിലവിലിരിക്കുന്ന സാമ്പത്തിക ബന്ധങ്ങളാണെന്നും, ഒരു കലാകാരൻ (സാഹിത്യകാരൻ) ഏതൊരു വർഗ്ഗത്തിൽപ്പെട്ടവനോ ആ വർഗ്ഗത്തിനും അയാൾക്കും പൊതുവേയുള്ള രാഷ്ട്രീയാഭിപ്രായങ്ങൾ, അയാളുടെ സന്മാർഗ്ഗചിന്തകൾ, നീതിബോധം മുതലായവയിൽക്കൂടിയാണു് സാമ്പത്തികബന്ധങ്ങൾ പ്രകടീഭവിക്കുന്നതെന്നും, കലാകാരൻ ജീവിക്കുന്ന കാലത്തു കൈവന്നിട്ടുള്ള ശാസ്ത്രീയപുരോഗതി, അയാളുടെ സ്വന്തമായ ശാസ്ത്രീയവിജ്ഞാനം, അയാൾക്കും അയാളുടെ വർഗ്ഗത്തിനും മതം തത്ത്വശാസ്ത്രം മുതലായവയോടുള്ള മനോഭാവം എന്നിവയെ ആശ്രയിച്ചായിരിക്കും മനുഷ്യനും പ്രകൃതിയും—മനുഷ്യനും പരിതഃസ്ഥിതിയും—തമ്മിലുള്ള ബന്ധം അയാളുടെ കലാസൃഷ്ടിയിൽ പ്രതിഫലിക്കുന്നതെന്നും 'കാൾമാർക്സ്' പറയുന്നു. കേരളത്തിലെ കവികളുടേയും ഇതരസാഹിത്യകാരന്മാരുടേയും കൃതികളിൽ പ്രകാശിക്കുന്ന ആശയങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചാലും മാർക്സിന്റെ പ്രസ്താവന പ്രത്യക്ഷരം വാസ്തവമാണെന്നു കാണാം. നാടൻവാഴികളെയും പ്രഭുക്കന്മാരെയും വാനോളം വാഴ്ത്തിപ്പുകഴ്ത്തിയ പ്രാചീനകവികളും നിരപരാധികളെ നിലവിളിക്കും വണ്ണിച്ച ഭൂതകാലമഹത്വത്തെ സ്ഥാപിക്കുവാൻ വെമ്പുന്ന ഇന്നത്തെ കവികളും മാർക്സിയൻ സിദ്ധാന്തത്തെ ഉദാഹരിക്കുകയാണു് ചെയ്യു

ന്നതു്. ചില സാഹിത്യകാരന്മാർ പറയുന്നതു കേട്ടിട്ടുണ്ടു്, അവർ ഒരു കക്ഷിയിലും പെടാത്തവരും, രാഷ്ട്രീയ ചിന്തകൾക്കും മറ്റും അതീതരായി നിലകൊള്ളുന്നവരുമാണെന്നു്. ദിവാൻജിമുതൽ രണ്ടാംക്ലാസു വാല്യുവരെയുള്ള ഗവമ്മെൻറുദ്യോഗസ്ഥന്മാർ ഉദ്ധസചരത്തിൽ പറയാറുണ്ടു്, വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കരുതെന്നു്. രാഷ്ട്രീയകാര്യങ്ങളുടെ എ. ബി. സി. അറിയാവുന്ന സത്യസ്നേഹികൾക്കൊക്കെ ഇതു കേൾക്കുമ്പോൾ പുച്ഛം തോന്നുവാനേ വഴിയുള്ളു. രാഷ്ട്രീയകാര്യങ്ങളിൽനിന്നു മാറുള്ളവരെ മാറിനിർത്തുവാൻ ശ്രമിക്കുന്നവർ തന്മൂലം നഗ്നമായ രാഷ്ട്രീയപ്രചരണം നടത്തുകയല്ലേ ചെയ്യുന്നതു്? രാഷ്ട്രത്തെ (State) സംബന്ധിക്കുന്ന കാര്യങ്ങളാണല്ലോ രാഷ്ട്രീയകാര്യങ്ങൾ. ഒരു ഗവമ്മെണ്ടും ആ ഗവർമ്മെൻറിനു കീഴ്പെട്ടിരിക്കുന്ന കുറേ ആളുകളുമുണ്ടെങ്കിൽ ഒരു രാഷ്ട്രമാകുമെന്നു സാമാന്യമായി പറയാം. അപ്പോൾ ഗവമ്മെൻറുദ്യോഗസ്ഥന്മാർ ആരാണു്? അവരുടെ ജോലിയെന്താണു്? ഒരു രാഷ്ട്രത്തെ ഭരിക്കുന്ന ഗവമ്മെൻറിൻെറ രാഷ്ട്രീയാധികാരം നിലനിർത്തുവാൻ വേണ്ടി ശമ്പളം കൊടുത്തു നിയോഗിച്ചിരിക്കുന്ന രാഷ്ട്രീയപ്രവർത്തകന്മാരാണവരെന്നു് ഒരർത്ഥത്തിൽ പറയാം. രാഷ്ട്രത്തിൻെറ തലവനെ പള്ളിക്കൂടങ്ങളിലും, യോഗസ്ഥലങ്ങളിലും, നാടകശാലകളിലും, സക്കസ്ക്യാമ്പുകളിലും, ഗ്രസ്തിവളപ്പുകളിലുമൊക്കെവെച്ചു സ്തോത്രം ചെ

യ്യണമെന്നു വന്നാൽ—അതു ശരിയാണെങ്കിലും തെറ്റാ
ണെങ്കിലും—അതും പരസ്യമായ രാഷ്ട്രീയപ്രചരണമല്ലാ
തെ മറ്റെന്താണു്? രാഷ്ട്രാധിപനെ അനുസരിച്ചുകൊ
ള്ളാമെന്നും, അങ്ങിനെ രാഷ്ട്രത്തിന്റെ ഇന്നത്തെ രൂപം
സംരക്ഷിച്ചുകൊള്ളാമെന്നും ഉള്ള വാശത്തമല്ലേ ഇതി
ന്റെ പുറകിൽ പ്രത്യക്ഷപ്പെടുന്നതു്? സാഹിത്യകാരന്മാ
രെപ്പോലെതന്നെ വേറെ ചില സാധുക്കളും—കൃഷിക്കാ
രും, കച്ചവടക്കാരും, കൂലിവേലക്കാരും മറ്റും—പറയാറു
ണ്ടു്, അവക്കു രാഷ്ട്രീയകായ്ങ്ങളുമായി യാതൊരു ബന്ധവു
മില്ലെന്നു്. തങ്ങൾ പറയുന്നതെന്താണെന്നു് ഇവരും ഗ്ര
ഹിച്ചിട്ടില്ല. കരയും, നികുതിയും, മറ്റും മറ്റും കൊടുത്തു്
ഇന്നത്തെ രാഷ്ട്രത്തോടുള്ള കൂറു വെളിപ്പെടുത്തുന്ന 'രാഷ്ട്രീ
യപ്രവർത്തകരാ'ണു് തങ്ങളെന്നു് ഇവർ അറിയാത്തതു
പരിതാപകരമെന്നല്ലാതെ എന്തു പറയട്ടെ! ഇങ്ങനെ
നോക്കുമ്പോൾ രാഷ്ട്രീയകായ്ങ്ങളിൽ വിദ്യാർത്ഥികൾ, സാ
ഹിത്യകാരന്മാർ മുതലായവർ പങ്കെടുക്കരുതെന്നു നിർദ്ദേശി
ക്കപ്പെടുന്നതിന്റെ അർത്ഥമെന്താണു്? ഗ്രന്ഥദോഷങ്ങളെ
പ്പറ്റി ചിന്തിക്കാതെ നിലവിലിരിക്കുന്ന രാഷ്ട്രീയവ്യവ
സ്ഥിതിയെ അനുസരിക്കുകയും, അതിൽ മാറ്റം വരു
ത്താൻ കരുമ്പെടാതിരിക്കുകയും ചെയ്യണമെന്നോ ഇതി
നർത്ഥമുള്ളു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജനങ്ങളു
ടെ രാഷ്ട്രീയപ്രവർത്തനം ഇന്നത്തെ ഭരണകൂടത്തെ—അ
തു നല്ലതോ ചീത്തയോ എന്നു വ്യവച്ഛേദിക്കാതെ—പി

ന്താങ്ങുന്ന രീതിയിലായിരിക്കണമെന്നാണ് നിഷ്കൃഷ്ടിക്കപ്പെട്ടുന്നത്. പക്ഷേ പിന്താങ്ങുന്നവരും എതിർക്കുന്നവരും, ഒരു രാഷ്ട്രത്തിൽ ജീവിക്കുന്നവരാണെങ്കിൽ, ഒരുപോലെ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നവരാണെന്നു സുസ്പഷ്ടമാണ്. പിന്താങ്ങുന്നവരിൽ പലരും അവരുടെ രാഷ്ട്രീയപ്രവർത്തനത്തിന്റെ സ്വഭാവവും വ്യാപ്തിയും മനസ്സിലാക്കുന്നില്ലെന്നേയുള്ളൂ. രാഷ്ട്രീയചിന്തകളിൽനിന്നൊഴിഞ്ഞു നില്ക്കുവാൻ ശ്രമിക്കുന്ന സാഹിത്യകാരന്മാരും—ഇവരിൽ ചില പുരോഗമനക്കാരുമുണ്ട്!—ഒരു പ്രത്യേകരാഷ്ട്രീയവ്യവസ്ഥയെ പരോക്ഷമായിട്ടെങ്കിലും പിന്താങ്ങുകയാണ് ചെയ്യുന്നത്. ഇവരിൽ പലരുടേയും പിന്താങ്ങൽ ബോധപൂർവ്വകമല്ലായിരിക്കാം. അതുകൊണ്ടു പിന്താങ്ങൽ പിന്താങ്ങലല്ലാതായിത്തീരുന്നില്ല. 'സോഷ്യലിസം', 'കമ്മ്യൂണിസം' എന്നൊക്കെ കേൾക്കുമ്പോൾ കണ്ണു ചുവപ്പിച്ചു്, ഏതെങ്കിലും കക്ഷിയിൽ പെടുന്നതു കലാകാരന്റെ മഹത്വത്തിനു ചേർന്നതല്ലെന്നു ശഠിച്ചു്, ത്രിശങ്കുസ്വർഗ്ഗത്തിൽ തൂങ്ങിക്കിടക്കുവാൻ പാടുപെടുന്ന എത്രയോ സാഹിത്യകാരന്മാർ—നല്ല കഴിവുള്ളവർപോലും!—നമ്മുടെ ഇടയിലുണ്ട്. ഇവരും, മാർക്സ് പറയുന്നതുപോലെ, ഒരു പ്രത്യേകവർഗ്ഗത്തിന്റെ സ്ഥാപിതതാൽപര്യങ്ങൾക്കുവേണ്ടി പ്രത്യക്ഷമായ പ്രചരണം നടത്തുന്നവരോ, നിഷ്പക്ഷതമൂലം പ്രസ്തുതതാൽപര്യങ്ങളെ സഹായിക്കുന്നവരോ, അവയോടെതിരിടാൻ ഭയപ്പെ

ടുന്ന ഭീരുക്കളോ ആണ്. ഇങ്ങിനെ പരിശോധിച്ചാൽ വർഗ്ഗപരമായ (Class) താൽപര്യസംരക്ഷണത്തിനുവേണ്ടി നിലകൊള്ളാത്തവർ, സാഹിത്യകാരന്മാരായാലും അല്ലെങ്കിലും, ഇല്ലെന്നുള്ള മാർക്സിന്റെ സിദ്ധാന്തം അർത്ഥസമ്പൂർണ്ണമാണെന്നു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ പരിവർത്തനത്തിന്റെ പ്രാധാന്യവും, പ്രയോജനവും, അപ്രതിരോധ്യതയും മനസ്സിലാക്കി, സ്വവർഗ്ഗതാൽപര്യങ്ങളിൽനിന്നു വ്യതിരിക്തമായി നിന്നുകൊണ്ട്, സമുദായപുരോഗതിക്കുവേണ്ടി പ്രയത്നിക്കുന്ന കലാകാരന്മാരും ശാസ്ത്രജ്ഞന്മാരുമൊക്കെ ഏതൊരു സമുദായത്തിലും ഉണ്ടായിരിക്കുമെന്നും 'മാർക്സിസം' ചൂണ്ടിക്കാണിക്കുന്നുണ്ട്. കാൾമാർക്സിന്റെ ജീവിതചരിത്രംതന്നെ ഇതിന് ഉത്തമദൃഷ്ടാന്തമാണ്.

കല, തത്ത്വശാസ്ത്രം മുതലായവയിൽക്കൂടി നിഴലിക്കുന്ന ആദർശസംഹിതയ്ക്ക് (Ideology) അന്ത്യരൂപം നല്കുന്നതു സാമ്പത്തികബന്ധങ്ങളാണെങ്കിലും, കലയ്ക്കും മറ്റും സാമ്പത്തികബന്ധങ്ങളിൽ താല്കാലികമായ സ്വാധീനശക്തി ചെലുത്താൻ കഴിയുമെന്നും മാർക്സ് പറയുന്നുണ്ട്. ഈ ഭാഗം വിശദീകരിച്ചുകൊണ്ട് ഒരൊന്നാന്തരം റഷ്യൻസാഹിത്യനിരൂപകനായ 'എഫ്. യൂഡിൻ' ഇപ്രകാരം പറയുന്നു:—"ആദ്യകാലത്തു ഗാനങ്ങൾ, നൃത്തങ്ങൾ, ചുമർചിത്രങ്ങൾ, വീട്ടുസാമാനങ്ങളിന്മേലുള്ള അലങ്കാരങ്ങൾ ആദിയായവയ്ക്ക് സാമ്പത്തികപ്രയത്നങ്ങ

ളെ നേരിട്ടു നിയന്ത്രിക്കണമെന്നുള്ള ഉദ്ദേശ്യമുണ്ടായിരു ന്നു. മറുള്ളവരുടെ പ്രയത്നഫലം ചൂഷണംചെയ്യു, യാതൊരു കായക്ലേശവും കൂടാതെ, കഴിയുന്ന വർഗ്ഗങ്ങൾ അടിമസമുദായത്തിലും ജന്മിസമുദായത്തിലും ഉണ്ടായ തോടുകൂടി മാനസികവ്യാപാരങ്ങൾ ഇത്തരക്കാരുടെ കു ത്തകയായിത്തീർന്നു. ഭൗതികസാധനങ്ങളുടെ നിർമ്മാണ ത്തിൽ നേരിട്ടു ബന്ധപ്പെടാത്തതെ ശാസ്ത്രീയവും കലാ പരവും മറ്റുമായ പ്രവർത്തനത്തെ ഇവർ സ്വായത്തമാ ക്കി. മുതലാളിസമുദായത്തിൽ കായികവും മാനസികവും ആയ പ്രയത്നങ്ങൾ തമ്മിലുള്ള വിഭജനം ഉച്ചകോടി യിൽ എത്തുകയാണു് ചെയ്തിരിക്കുന്നതു്. കായികാദ്ധ്വാ നവും മാനസികാദ്ധ്വാനവും തമ്മിലുള്ള അസ്വാഭാവിക വും വിനാശകരവുമായ വിഭജനത്തെ സാധൂകരിക്കുന്ന തിനായി ചില പ്രത്യേകസിദ്ധാന്തങ്ങളെ—'കലകലയ്ക്കു വേണ്ടി', 'വർഗ്ഗരഹിതമായ ശാസ്ത്രം' എന്നിങ്ങനെ വള രെയെണ്ണത്തെ—മുതലാളിസമുദായം സൃഷ്ടിച്ചുവിടുകയും ചെയ്തിട്ടുണ്ടു്. ഈ പരിതഃസ്ഥിതിയിൽ കല, തത്വ ശാസ്ത്രം, മതം മുതലായവ യാതൊരു ക്രമവുമില്ലാതെ, അനിയതമായിട്ടാണു് സാമ്പത്തികബന്ധങ്ങളിൽ സ്വാ ധീനശക്തി ചെലുത്തുന്നതു്. കലാനിർമ്മാണമാദിയായ മാനസികപ്രവർത്തനങ്ങളിൽ ഇത്തരം ക്രമക്കേടുകളുണ്ടെ ങ്കിലും, ഭരണകർത്തൃത്വം നടത്തുന്ന വർഗ്ഗത്തിന്റെ താൽ പര്യങ്ങൾക്കനുരൂപമായി ജനങ്ങളുടെ മനോഭാവത്തെ സജ്ജീകരിക്കുകയെന്നതാണു് ആ പ്രവർത്തനങ്ങളുടെയെ

ല്ലാം ഉദ്ദേശ്യമെന്നു് അവഗ്രഥനാന്ത്യത്തിൽ വെളിപ്പെടാതിരിക്കയില്ല.”

കലാസൃഷ്ടി ഒരു സാമൂഹ്യികപ്രവർത്തനമാണെന്നുള്ള ശ്രീ: എ. ബാലകൃഷ്ണപിള്ളയുടെ വാദവും മുകളിൽ ഉദ്ധരിച്ച മാർക്സ്യിൻ സിദ്ധാന്തവും തമ്മിൽ സാരാംശത്തിൽ വ്യത്യാസമില്ല. ആകാശത്തിൽനിന്നു കയറുപൊട്ടി ഭൂമിയിൽ പതിച്ചവനല്ല കലാകാരൻ. അയാൾ ജീവിക്കുന്നു കാലഘട്ടത്തിലെ സാമ്പത്തികവും, സാമൂഹ്യവും, രാഷ്ട്രീയവും, സാംസ്കാരികവും, ആദ്ധ്യാത്മികവുമായ പ്രവർത്തനങ്ങളോടു് അയാൾ അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. അയാൾ കാലത്തിന്റെ—ഒരു പ്രത്യേകകാലഘട്ടത്തിന്റെ—സന്താനമാണു്. അയാളുടെ ജനനം, വളർച്ച, വസ്ത്രം, വിദ്യാഭ്യാസം, പരിതഃസ്ഥിതികൾ മുതലായവ അയാൾക്കു സ്വന്തമായ ഒരു സംസ്കാരവും വീക്ഷണവും നല്കുന്നു. അപ്പോൾ ഓരോ കലാകാരനും സ്വന്തമായ ഒരു ജീവിതനിർവ്വഹണരീതി, അഥവാ ലോകവീക്ഷണകോടി, ഉണ്ടായിരിക്കുമെന്നു സിദ്ധിക്കുന്നു. ലെനിൻ പറയുന്നു:—“പ്രകൃതിയേയും സമുദായത്തേയും ചൂഴിഞ്ഞുനോക്കുന്ന മറ്റാരേയുംപോലെ ഒരു സാഹിത്യകാരനും കാലേക്കൂട്ടി നിബന്ധിക്കപ്പെട്ട ഏതാനും ആശയങ്ങളും ധാരണകളുമായിട്ടാണു് യാഥാർത്ഥ്യങ്ങളെ സമീപിക്കുന്നതു്. ജനങ്ങളോടുംസംഭവങ്ങളോടും അയാൾക്കുണ്ടാകുന്ന മനോഭാവത്തെ ഏറിയകൂറും നിർണ്ണയിക്കുന്നതു് ഈ ആശ

യങ്ങളും ധാരണകളുമാണ്. ഒരു സംഭവത്തെ ബലഹീന മാക്കുന്നതിനോ, വികൃതപ്പെടുത്തുന്നതിനോ, ഒരു കമ്മ പരിപാടിയെ ശക്തിപൂർവ്വം പിന്താങ്ങുന്നതിനോ, ഒരു പാത്രത്തെ അവഹേളിക്കുന്നതിനോ, മറെറാന്നിനെ പ്ര ശംസിക്കുന്നതിനോ അയാളെ പ്രേരിപ്പിക്കുന്നതു് അവ യാണു്. തീച്ചയായും കലാകാരന്റെ ലോകവീക്ഷണ കോടി അയാളുടെ സൃഷ്ടിപരമായ പ്രവർത്തനത്തിൽ പ്ര കടമായ സ്വാധീനശക്തി പ്രയോഗിക്കുന്നുണ്ടു്. അഭി പ്രായങ്ങളോ, ഇഷ്ടാനിഷ്ടങ്ങളോ, കലാകാരൻ നേരിട്ടു പ്രകാശിപ്പിക്കുന്നില്ലെങ്കിലും, അയാൾ വിവരിക്കുന്ന സം ഭവങ്ങൾക്കും വർണ്ണിക്കുന്ന പാത്രങ്ങൾക്കും അയാളുടെ ക ലാസൃഷ്ടിയിൽ അന്തർഹിതമായിരിക്കുന്ന ലോകവീക്ഷണ കോടിയെ വെളിപ്പെടുത്താതിരിക്കുവാൻ സാദ്ധ്യമല്ല."

ഇങ്ങനെ വ്യക്തിപരമായ അഭിപ്രായങ്ങളോടും ആ ദർശങ്ങളോടും കൂടിയാണു് ഒരു കലാകാരൻ ജീവിതത്തെ —ലോകത്തെ— വീക്ഷിക്കുന്നതു്. ബുദ്ധിയേയും ഹൃദയ ത്തേയും സമ്മർദ്ദിക്കുന്ന പരിതഃസ്ഥിതികളാണു് അ യാൾക്കു സൃഷ്ടിപരമായ പ്രചോദനം നല്കുന്നതു്, അ ഥവാ നല്കേണ്ടതു്. പരിതഃസ്ഥിതികളെ വിസ്മരിച്ചു കൊണ്ടോ, നോക്കി മനസ്സിലാക്കാൻ കെല്പില്ലാതെയോ കലാസൃഷ്ടി നടത്തുന്നവരുടെ കൃതികളാണു് നീറ്റിലെ കുമിളപോലെ മാഞ്ഞുപോകുന്നതു്. ഒരു സാഹിത്യകാര

ന്റെ വില നിണ്ണയിക്കേണ്ടത് അയാൾ ചരിത്രയാഥാ
ത്ഥ്യങ്ങളെ — മനുഷ്യജീവിതയാഥാത്ഥ്യങ്ങളെ — എത്രമാ
ത്രം സൂക്ഷ്മമായി അയാളുടെ കൃതിയിൽ വിനിവേശിപ്പി
ച്ചിട്ടുണ്ടെന്നുള്ളതിനെ ആധാരമാക്കി വേണമെന്നു ലെ
നിൻ നിഷ്കർഷിക്കുന്നു. പഴങ്കഥകൾ എടുത്തു കൈകാ
ര്യം ചെയ്താലും അവയിൽ ചരിത്രയാഥാത്ഥ്യങ്ങൾ കല
ത്തുവാൻ കഴിയുമെങ്കിൽ അവ വിലമതിക്കപ്പെടേണ്ടവ
തന്നെ. വർഗ്ഗബന്ധത്തിന്റെ വെളിച്ചത്തിൽ വ്യക്തി
കളുടെ വികാരങ്ങളേയും, വിചാരങ്ങളേയും, വാക്കുകളേ
യും, പ്രവൃത്തികളേയും അസത്യമോ ആത്മവഞ്ചനയോ
കൂടാതെ പ്രതിഫലിപ്പിക്കുന്നതിനെയാണ് ചരിത്രയാ
ഥാത്ഥ്യങ്ങളുടെ പ്രതിപാദനമെന്നു ലെനിൻ പറയുന്നതു്.
ശ്രേഷ്ഠതമമായ കലാസൃഷ്ടിയും ഇതാകുന്നു. ഷേക്സ്പീ
യർ, റോമാൻറ്റോയി, ബാൽസക്ക്, ഗോർക്കി മുതലായ
വർ ഈ വിധത്തിൽ കലാനിർമ്മാണം നിർവ്വഹിച്ച വിശ്വ
സാഹിത്യകാരന്മാരായിത്തീർന്നിട്ടുള്ളവരാണ്.

ഒരു കലാകാരൻ ജീവിക്കുന്ന കാലഘട്ടം, ആ കാല
ത്തെ സാമ്പത്തികവ്യവസ്ഥിതി, ആ വ്യവസ്ഥിതിയിൽ
കെട്ടിപ്പടുത്തിട്ടുള്ള വിവിധാശയങ്ങൾ(മതപരം, സാംസ്കാ
രികം, രാഷ്ട്രീയം...etc), അയാളുടെ ലോകവീക്ഷണകോ
ടി, ചരിത്രയാഥാത്ഥ്യങ്ങൾ ഗ്രഹിക്കുന്നതിൽ അയാൾ
ക്കുള്ള കെല്പ് എന്നിവയെ ആസ്പദമാക്കിവേണം അയാ
ളുടെ കലാനിപുണതയ്ക്കു വിലയിരുത്തുവാനെന്നാണ് മു

കളിൽ എഴുതിയ ഖണ്ഡികകളെല്ലാം ചൂണ്ടിക്കാണിക്കുന്നതു്. ഈ അളവുകോൽ വെച്ചുനോക്കുമ്പോൾ സംഗീതം മാത്രമല്ല കേരളീയരെ, പ്രത്യേകിച്ചു കേരളത്തിലെ സാമാന്യജനങ്ങളെ, ചങ്ങമ്പുഴക്കൃതികളിലേയ്ക്കാകർഷിച്ചതെന്നു കാണാവുന്നതാണു്. ജീർണ്ണിച്ചു വിറകൊള്ളുന്ന ജന്മിത്തത്തേയും, മുത്തുമുരടിച്ച മുതലാളിത്തത്തേയും വെല്ലുവിളിച്ചുകൊണ്ടു സോഷ്യലിസ്റ്റാദർശങ്ങൾ കേരളക്കരയിൽ അവ്യാഹതമായി സഞ്ചരിക്കുന്ന ഒരു കാലഘട്ടമാണിതു്. ചങ്ങമ്പുഴ ജീവിക്കുന്ന ഇന്നത്തെ കാലം സാമാന്യജനതയുടെ കാലമാണു്. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെപ്പോലെ നമ്മുടെ നാട്ടിലും സാമാന്യജനങ്ങൾ സാമ്പത്തികവും, സാമൂഹ്യവും, രാഷ്ട്രീയവുമായ പരിവർത്തനങ്ങൾക്കായി വെമ്പൽകൊള്ളുന്ന ഒരു കാലഘട്ടമാണിതു്. കയ്യേറ്റങ്ങളും കുഴപ്പാട്ടകളും നിറഞ്ഞ ഇന്നത്തെ സാമൂഹ്യസംഘടനയെ തട്ടിത്തകർത്തു വർഗ്ഗരഹിതവും സമതാസുന്ദരവുമായ ഒരു നൂതനവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനു ജനസാമാന്യം കുതികൊള്ളുന്നു. "ജീവിക്കുവാനും വളരുവാനും എല്ലാവർക്കും സന്ദർഭങ്ങൾ വേണം"—ഇതാണു് ഇന്നത്തെ മുദ്രാവാക്യം. ഇതിന്റെ പെരുമ്പറയടി കേട്ട നമ്മുടെ കവികളും, കലാകാരന്മാരും, നിരൂപകന്മാരുമെല്ലാം പല വഴിക്കും പാഞ്ഞു പല ചേരിയിലും ചേർന്നിട്ടുണ്ടു്. തനി പിന്തിരിപ്പന്മാർ ഒരുവശത്തു് ഒരു കാൽ യാഥാസ്ഥിതികതത്തിൽ ഉറപ്പിച്ചുകൊണ്ടു

മറ്റേക്കാൽ പുരോഗമനപ്രസ്ഥാനത്തിലേയ്ക്കു നീട്ടിനോക്കുന്ന അവസരസേവകന്മാർ വേറൊരുവക; എങ്ങോട്ടാണ് പോകേണ്ടതെന്നറിയാതെ ചഞ്ചലപ്പെട്ടുന്ന ഭീരുക്കൾ മറ്റൊരിനം. ഒന്നിലും പെടാതെ രണ്ടിൽനിന്നും മുതലെടുക്കാൻ ശ്രമിക്കുന്ന 'സൃഗാലവിരന്മാരും' ഇക്കൂട്ടത്തിൽ ഇല്ലാതില്ല. നിലത്തു തൊടാതെ ആകാശത്തിൽത്തന്നെ നിലകൊള്ളാൻ നോക്കുന്ന ഇന്ദ്രജാലക്കാരും ഈ സൊറിൽപ്പെട്ടുന്നുണ്ട്. എന്നാൽ ശ്രീ: ചങ്ങമ്പുഴയോ? "അതേ, പുരോഗമനസാഹിത്യം കമ്യൂണിസ്സിദ്ധാന്തങ്ങളുടെ കളരിയാണ്. അഭിമാനപൂർവ്വം നിങ്ങൾ ആ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്ന സാഹിത്യത്തെ ആശ്ലേഷിക്കുക, ആശീർവ്വദിക്കുക"—ഒരു സാഹിത്യമഹാസമ്മേളനത്തിന്റെ അധ്യക്ഷസ്ഥാനത്തുനിന്നുകൊണ്ട് തന്റേടത്തോടുകൂടി ഇപ്രകാരം ഉൽഘോഷിച്ച ചങ്ങമ്പുഴയും അദ്ദേഹത്തിന്റെ ചേരിയേതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്.

കാലത്തിന്റെ ആഹ്വാനത്തെ ആദരിക്കുന്നതിനും, തദനുസരണം ഒരു ലോകദർശനകോടി സൃഷ്ടിക്കുന്നതിനും ശ്രീ: ചങ്ങമ്പുഴയ്ക്കു സാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് നാളത്തെ ഭരണാധികാരികളാകുവാൻ പോകുന്ന ഇന്നത്തെ സാമാന്യജനങ്ങളുടെ ഹൃദയങ്ങളിൽ മറ്റൊരു കവിക്കും ലഭിക്കാത്ത മഹനീയസ്ഥാനം അദ്ദേഹത്തിനു ലഭിച്ചത്. എന്താണ് ശ്രീ: ചങ്ങമ്പുഴയുടെ ലോകവീ

ക്ഷണകോടി? നമ്മുടെ ചില മഹാകവികളെപ്പോലെ ഭൗതികജീവിതത്തെ നിസ്സാരകോടിയിൽ തള്ളിക്കൊണ്ട്, ആദ്ധ്യാത്മികസിദ്ധികൾക്കും പരലോകത്തിലെ പരമശാന്തിക്കുംവേണ്ടി ഉഴറുകയല്ല ആദ്ദേഹത്തിന്റെ കവിഹൃദയം ചെയ്യുന്നതു്.

"നിസ്സാരസ്ത്രീസേവനം, നിർദ്ദയമർദ്ദനം!
നിസ്സഹായതാപം, ഹാ, നിത്യദുഃഖം!
നിശിതനിരാശാതിമിരം ഭയങ്കരം!
നിരുപാധികോഗ്രനിയമഭാരം!"

എന്നു 'വാഴക്കുലയിലും',

"പിത്തനാഥന്റെ 'ബെഞ്ചി'ക്കു പാലും
നിർദ്ധനൻ 'ചെറുക്കൻ'നുമിനീരും,
ഈശ്വരേച്ഛയല്ലാകിലമ്മട്ട-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ."

എന്നു 'ഭാവത്രയത്തിലും',

"കമ്രശ്രീമയവിശ്വഗേഹമവനാവാസത്തിനായീശ്വരൻ
നിർമ്മിച്ചേകിയതും കൃതാത്മനവനോ വെട്ടിപ്പുകുത്തുശഠൻ"

എന്നു് ഒരൊറ്റശ്ലോകത്തിലും,

"കപടതയ്ക്കേ കഴിഞ്ഞിട്ടു കാഞ്ചന-
ജയപതാകയിവിടെപ്പറത്തുവാൻ!"

എന്നു 'രമണ'നിലും വികാരനിർഭരമായി വരച്ചു കാണിച്ചിട്ടുള്ള ദുരവസ്ഥയുടെ സംഹാരതാണ്ഡവം നടത്തുന്നു

തിനു് 'ഉൽക്കടപ്രഭാവോഗ്രനായ' ആ 'കൊടുങ്കാറ്റിനെ' ക്ഷണിച്ചുകൊണ്ടു്,

"ജീവിതം ശോകാപ്തമല്ല—ഒരു
ജീവിയും നിസ്സാരമല്ല.

നാനാതത്വം പാടേ മറന്നു—ലോക-
മേകമാം സത്തയിൽ നിന്നു.

ചിത്തങ്ങൾ തമ്മിൽ പുണർന്നു—ദിവ്യ-
സത്യസൗന്ദര്യം നുകർന്നു.

എല്ലാം സുഖത്തിൻ മുകരം—എങ്ങു-
മില്ല ദുഃഖത്തിൻ തിമിരം."

എന്നു 'സങ്കല്പകാന്തി'യിൽ വിഭാവനം ചെയ്തിട്ടുള്ള നവ്യലോകവ്യവസ്ഥിതിയിലേയ്ക്കു മനുഷ്യവർഗ്ഗത്തെ ഉയർത്തുവാനാണു് ശ്രീ: ചങ്ങമ്പുഴ അഭിലഷിക്കുന്നതു്. അദ്ദേഹത്തിന്റെ പരമനിർമ്മലമായ ലോകവീക്ഷണകോടി ഇതല്ലാതെ മറ്റൊന്നുമല്ല. വിധിയെ പഴിച്ചും, മരണത്തെ ക്ഷണിച്ചും, സാഹചര്യങ്ങളോടു പരിഭവിച്ചും ചങ്ങമ്പുഴ കവിതകൾ എഴുതിയിട്ടുണ്ടു്. പക്ഷേ അവയൊക്കെ ചില നിമിഷങ്ങളിലെ ദുർബ്ബലമായ ചഞ്ചലതാത്തെ കാണിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. അദ്ദേഹത്തിന്റെ ഒന്നാന്തരം കൃതികളിലെല്ലാം മുകളിൽ കാണിച്ച ലോകവീക്ഷണകോടിയുടെ അടിയൊഴുക്കുകൾ ദർശിക്കുവാൻ കഴിയും. ഒരു കലാകാരന്റെ ഒന്നാംതരം കൃതി

കളെ ആസ്പദമാക്കി വേണമല്ലോ അദ്ദേഹത്തിന്റെ കലാപൈടശ്ശ്യം നിണ്ണയിക്കുവാൻ. ഷേക്സ്പീയർപോലും മൂന്നാംതരം നാടകങ്ങളെഴുതിയിട്ടുണ്ടെന്നുള്ള വാസ്തവം ഇവിടെ സ്മരണീയമാണ്. യഥാർത്ഥമായ സമത്വത്തിനും സാഹോദര്യത്തിനുംവേണ്ടി കാഹളമൂതുന്ന ഒരു ലോകവീക്ഷണമാണ് ശ്രീ: ചങ്ങമ്പുഴയ്ക്കുള്ളത്. കേരളത്തിലെ സാമാന്യജനങ്ങൾ—കഷ്ടപ്പെടുന്ന ഏഴകൾ—ദിവ്യമോഹനമായ ആ കാഹളധ്വനിയാൽ അപഹൃതചിത്തരായിത്തീർന്നതു് അത്ഭുതജനകമല്ലല്ലോ. ദീനത്വത്തിന്റെ രോദനങ്ങളും, നിസ്സഹായതയുടെ നെടുവീർപ്പുകളുമാണ് രക്തപുഷ്പങ്ങളിലും, അസ്ഥിമാടത്തിലും, രമണനിലും, ഈ അവതാരികയ്ക്കു വിഷയമായ 'യവനിക'യിലുമെല്ലാം മുഴങ്ങിക്കേൾക്കുന്നതു്. വികാരസംക്രമണമാണ് കലയുടെ ജീവനെങ്കിൽ, സാമാന്യജനങ്ങളെ വികാരരഹിതരാക്കിത്തീർത്ത ചങ്ങമ്പുഴയെ അവർ ആരാധിക്കുന്നതിൽ എന്തൊരസാംഗത്യമാണുള്ളതു്? ഇതാണ് ശ്രീ: ചങ്ങമ്പുഴയുടെ അതുല്യമായ ജനസമ്മതിക്കുടിസ്ഥാനം. അല്ലാതെ വികാരശൂന്യമായ ഈരടികൾ സംഗീതത്തിൽ കുഴച്ചു വിളമ്പിയതുകൊണ്ടല്ല അദ്ദേഹം ജനകീയസാഹിത്യകാരനായിത്തീർന്നതു്. സംഗീതത്തിന്റെ പേരിൽ ചങ്ങമ്പുഴയെ കുറ്റം പറയുന്നവർ ജനങ്ങളെ തരംതാഴ്ത്തുന്ന സമുദായദ്രോഹികളാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. മഹാനായ ലെനിനെ ഞാൻ ഒരു പ്രാവശ്യംകൂടി ഉദ്ധരിച്ചുകൊള്ളട്ടെ:—"കല ജനങ്ങളുടെ വകയാണ്. അ

ധാനിക്കുന്ന ജനലക്ഷങ്ങളുടെ (Masses) മദ്ധ്യത്തിലാ
യിരിക്കണം അതിന്റെ നാരായവേരുകൾ ചുഴിഞ്ഞിറ
ങ്ങേണ്ടതു്. അവക്കു മനസ്സിലാകത്തക്കതായിരിക്കണം
കല. അവർ അതിനെ സ്നേഹിക്കണം.'' ഈ പ്രമാണ
ത്തെ സഫലമാക്കുവാൻ ശ്രമിച്ചതാണു് ശ്രീ: ചങ്ങമ്പുഴ
യുടെ വിജയരഹസ്യമെന്നു നിസ്സംശയം പറയാം. 'മല
യപ്പുലയ'ന്റെ കണ്ണീരിലും, രമണന്റെ ദീർഘനിശ്വാ
സത്തിലും, ഭഗ്നരകവിയുടെ (യവനിക) മൂകതയിലു
മെല്ലാം സാമൂഹ്യയാഥാർത്ഥ്യങ്ങളാണു് നിഴലിക്കുന്നതു്.
സ്വാനുഭവങ്ങളെപ്പറ്റി പരിസ്ഫുടമായ പ്രതീതിയുണ്ടാക
ത്തക്കവണ്ണം, ജീവിതയാഥാർത്ഥ്യങ്ങൾ പാടിക്കേൾപ്പിച്ച
കവികോകിലത്തെ പാലും തേനും നല്കിത്താലോലിക്ക
വാൻ ജനസാമാന്യം കരുണപ്പെടുന്നതു് അപ്രകൃതമല്ല
തന്നെ.

സംഗീതമല്ല ചങ്ങമ്പുഴയെ ജനകീയസാഹിത്യകാ
രനാക്കിത്തീർത്തതെന്നിരുന്നാലും, അദ്ദേഹത്തിന്റെ ക
വിതയിൽ തെളിഞ്ഞുപ്രകാശിക്കുന്ന സംഗീതാത്മകത
ത്തിന്റെ വശ്യത അന്യാദൃശമാണെന്നു പറയാതെ ത
രമില്ല. വാഗ്വിചാരഹിതവും, വികാരസമ്പൂർണ്ണവുമായ
സംഗീതമാണു് ശ്രീ: ചങ്ങമ്പുഴയുടേതു്. വികാരലേശ
മില്ലാതെ വാഗ്വിചാരപ്രൗഢികൊണ്ടു് കവിതയിൽ സം
ഗീതം കലർത്താൻ ശ്രമിച്ചിട്ടുള്ള കവികൾ കേരള
ത്തിൽ അനവധിയുണ്ടു്. അവരുടെ കവിത പോട്ടുതേങ്ങ

പോലെ നിഷ്പ്രയോജനവും, ജനഹൃദയങ്ങളെ വശീകരിക്കാൻ അശക്തവുമായിത്തീരുകയാണ് ചെയ്യുന്നത്. കഥയില്ലാത്ത സംഗീതത്തിനു് പാവപ്പെട്ടവരുടെ ഹൃദയത്തിലേയ്ക്കുപോലും എത്തിനോക്കുന്നതിനു കഴിവില്ല. രചനയിൽ മാത്രമല്ല ഭാവത്തിലും 'റിഥ' (Rhythm) മുണ്ടെന്നു് ഒരു സുപ്രസിദ്ധനിരൂപകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ശരിതന്നെ. പക്ഷേ ഭാവത്തിൽ, വികാരങ്ങളുടേയും ചിന്തകളുടേയും സംവിധാനത്തിൽ, റിഥമില്ലെങ്കിൽ രചനയിൽ വികാരാത്മകമായ റിഥം എങ്ങനെയാണുണ്ടാവുക? ചങ്ങമ്പുഴയെ സംബന്ധിച്ചിടത്തോളം ഭാവത്തിന്റെ റിഥംതന്നെയാണു് രചനയുടെ റിഥവുമെന്നു പറയുവാൻ ശങ്കിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ സംഗീതം വികാരങ്ങളുടെ പരിശുദ്ധമായ പകർപ്പല്ലാതെ മറ്റൊന്നുമല്ല. അതിൽ കല്പ്പോ പതിരോ ഇല്ല. വികാരങ്ങൾക്കു സ്വതേ ഒരു സംഗീതാത്മകതപമുണ്ടു്. പിഞ്ചുകൈതങ്ങളുടെ അവ്യക്തഭാഷണങ്ങളും പക്ഷിമൃഗാദികളുടെ ശബ്ദവിശേഷങ്ങളും വികാരമാത്രപ്രസക്തങ്ങളാണു്. അവയ്ക്കു സ്വതേ ഒരു സംഗീതാത്മകത്വം കാണുന്നുണ്ടല്ലോ. അപ്പോൾ വികാരങ്ങളുടെ സ്വാഭാവികമായ പ്രകടനം സംഗീതാത്മകമാണെന്നു പറയുന്നതിൽ തെറ്റില്ല. വികാരാത്മകമായ ഹൃദയസംഗീതത്തെ പരിപൂർണ്ണമായി പ്രകടീകരിക്കുകയാണു് ശ്രീ: ചങ്ങമ്പുഴ ചെയ്യുന്നതു്. അദ്ദേഹത്തിന്റെ വികാരങ്ങൾ വാക്കുകളാകുന്ന

Mohamed Ali

സ്റ്റടികപ്പാത്രങ്ങളിൽ കിടന്നു താളാനുസ്യതം ഓളംവെട്ടുന്നു. ശ്രീ: ചങ്ങമ്പുഴയുടെ ശുദ്ധവും, വാഗ്മിതപ്രസന്നവും, വികാരപരിപൂർണ്ണവുമായ സംഗീതത്തിന്റെ അടിസ്ഥാനം ജന്മായത്തമായ വാസനയല്ലാതെ മറെറാന്നുമല്ലെന്നാണ് എനിക്കു തോന്നുന്നതു്. ആഭ്ടംകൂടാതെ, സംഗീതം തുളുമ്പുന്ന രീതിയിൽ വികാരങ്ങൾക്കു രൂപം നല്കാൻ കഴിയുന്ന കവിക്കായിരിക്കും ജനസാമാന്യം അഗ്രാസനത്വം നല്കുന്നതു്. വികാരാംശത്തിന്റെയും, സംഗീതാംശത്തിന്റെയും സ്വാഭാവികമായ സമ്മേളനമാണ് ചങ്ങമ്പുഴക്കവിതയിൽ കാണുന്നതു്. അവ രണ്ടും വേർപെടുത്താൻ സാദ്ധ്യമല്ലാത്തവിധത്തിൽ ബന്ധപ്പെട്ടുകിടക്കുകയും ചെയ്യുന്നു. വിരോധികൾ പറയുന്നതുപോലെ സംഗീതം മാത്രമല്ല ചങ്ങമ്പുഴയെ ചങ്ങമ്പുഴയാക്കിയതെന്നു സ്പഷ്ടം.

II

അത്യുൽകൃഷ്ടമായ ലോകവീക്ഷണകോടിയും, അനന്യസുലഭമായ സംഗീതാത്മകതത്വവും, സാമൂഹ്യയാഥാത്ഥ്യങ്ങളെ ചിത്രീകരിക്കുന്നതിനുള്ള പ്രാഗത്ഭ്യവുമാണ് ശ്രീ: ചങ്ങമ്പുഴയുടെ തെളിഞ്ഞുവിളങ്ങുന്ന വ്യക്തിമുദ്രകൾ. കൂടാതെ സാരള്യം, സൗകുമാര്യം, ഓജസ്സ് മുതലായ ഗുണങ്ങളും അദ്ദേഹത്തിന്റെ രചനാശില്പത്തെ ആവശ്യാനുസരണം ആശീർവ്വദിച്ചിട്ടുമുണ്ട്. ചങ്ങമ്പുഴക്കവിത

ള്ള മറ്റൊന്നു ഗ്രന്ഥമുണ്ടെങ്കിലും കാളിദാസനില്ലെന്നു പറയുന്നവർ ഉണ്ട്. "അമൃതം തുളുമ്പുമപ്പോർമുലക്കുടം നിങ്ങൾക്കുടിമുപ്പഴക്കമെപ്പാലൂട്ടിപ്പോറാനല്ലേ?" ഇങ്ങനെ കുറിക്കുകൊള്ളത്തക്കവിധം ഭാരതത്തിലെ ഭാവശുദ്ധികളോടു ചോദിക്കുന്ന ചോദ്യത്തിൽ കാളിദാസനെ കാണാത്തവർ മറ്റു പലതും കാണുന്നവരല്ലെന്നോ അത്മാക്കേണ്ടതുള്ളൂ. ചങ്ങമ്പുഴക്കവിതയുടെ എടുത്തു പറയാവുന്ന ഗ്രന്ഥങ്ങളെല്ലാം കൂത്തിണങ്ങിയിട്ടുള്ള ഒരു മനോഹരകാവ്യമാണ് 'യവനിക'.— വിശ്വമഹാകവിയായ രവീന്ദ്രനാഥടാഗോറിന്റെ സുപ്രസിദ്ധമായ ഒരു ചെറുകഥയാണ് ഇതിലെ ഇതിവൃത്തം. ടാഗോറിന്റെ കഥാമർമ്മങ്ങളെല്ലാം സ്ഫീകരിച്ചുകൊണ്ട്, അവയിൽ സ്മരണംചെയ്യുന്ന ഏതാനും ഭാവാംശങ്ങളെ സ്വന്തം കാവ്യാനുഭൂതിയാകുന്ന ഭൂതക്കണ്ണാടിയിൽക്കൂടി, ഒരു ഭക്തഭാസനെപ്പോലെ, വികസിപ്പിക്കുകയാണ് ശ്രീ: ചങ്ങമ്പുഴ ചെയ്തിരിക്കുന്നതു്.

ടാഗോർക്കഥയെ ഇങ്ങനെ സംക്ഷേപിക്കാം: — "സുന്ദരിയും ഗുണവതിയുമായ അജിതകുമാരി അമരാപുരിയിലെ രാജാവായ നാരായണന്റെ പുത്രിയാണ്. സുകുമാരനും, സുശീലനും, ഗായകകവിയുമായ ശേഖരൻ (രാജകവി) അജിതകുമാരിയെ കണ്ടിട്ടില്ല. എങ്കിലും അദ്ദേഹം ഒരു പുതിയ ഗാനം രാജസദസ്സിൽവെച്ചു പാടിയപ്പോൾ, സദസ്സിന്റെ മുകൾഭാഗത്തുള്ള 'ബാൽക്കണി'യിൽ, തിരശ്ശീലയ്ക്കു പിറകിൽ ഇരുപ്പുറപ്പിച്ചിരുന്ന

രാജപുത്രിക്കു കേൾക്കത്തക്കവണ്ണം തന്റെ ശബ്ദം ഉയർത്തിപിടിച്ചു. യവനികയുടെ പിന്നിലുണ്ടായ നിഴൽപ്പാട്ടുകേട്ടു കവിയുടെ കണ്ണിലും, കാൽച്ചിലമ്പൊച്ച കാതിലും പതിച്ചു. അജിതകുമാരിയുടെ നിഴലാണ് താൻ കണ്ടതെന്നും, അവളുടെ തങ്കച്ചിലമ്പൊലിയാണ് താൻ കേട്ടതെന്നും ശേഖരകവിക്കു മനസ്സിലായി. ആ നിഴൽപ്പാട്ടുകളിൽനിന്നു കവിയുടെ ഭാവന ഒരു ജീവിതേശ്വരിയെ സൃഷ്ടിച്ചു സച്ചേതയത്തിൽ ഭക്തിപൂവ്വം പ്രതിഷ്ഠിച്ചു. ദേവീധ്യാനത്താൽ ഉന്മേഷമനസ്കനായിത്തീർന്ന ശേഖരൻ ഗാനാമൃതം തൂകി അമരാപുരിയെ മുഴുവൻ കൊതിമയിർക്കൊള്ളിച്ചു. സന്തോഷപൂർണ്ണങ്ങളായ ദിവസങ്ങൾ നീണ്ടുനിന്നില്ല. തെക്കെങ്ങോനിന്നു് ഒരു മഹാപണ്ഡിതൻ കണ്ണിൽപ്പെട്ട കവികളേയും പണ്ഡിതന്മാരേയുമെല്ലാം തോല്പിച്ചു്, ഘിജയമത്തനായി, നാരായണരാജധാനിയിൽ എത്തി. യുദ്ധമാണ്—'വാക്സമര'മാണ്—തനിക്കു വേണ്ടതെന്നു് പുണ്ഡരീകൻ രാജാവിനോടഭ്യർത്ഥിച്ചു. പുണ്ഡരീകനെ നേരിടാൻ രാജാവു ശേഖരകവിയെ നിയോഗിക്കുകയും ചെയ്തു. പാവം ശേഖരൻ! ആദ്യമായി പുണ്ഡരീകൻ രാജസ്തുതികൊണ്ടു് ഒരു പാണ്ഡിത്യക്കസർത്തു നടത്തി. അതു കഴിഞ്ഞപ്പോൾ രാജവംശത്തിന്റെ ഉത്ഭവംമുതൽ നാരായണരാജാവിന്റെ പ്രശസ്ത ഭരണംവരെയുള്ള ചരിത്രസംഭവങ്ങൾ കോർത്തിണക്കി ശേഖരകവി പാടിയ ഗാനത്തിന്റെ അവസാനം ഇപ്പ

കാരമായിരുന്നു:—'എന്റെ രക്ഷകനായ രാജാവേ, വാക്കുകൾകൊണ്ടുള്ള ഇന്ദ്രജാലത്തിൽ ഞാൻ തോറ്റാലും, അങ്ങയോടുള്ള ഭക്തിയിൽ ഞാൻ പരാജയപ്പെടുകയില്ല.' വാക്കുകളേക്കാൾ ഉപരിയായി എന്താണുള്ളതെന്നായി പുണ്ഡരീകൻ. ഒരു 'സക്സസ്സ്' കൂടി അയാൾ നടത്തി. അന്നത്തെ സദസ്സ് അങ്ങനെ അവസാനിച്ചു. പിറ്റേദിവസം ശേഖരൻ കൃഷ്ണഭഗവാന്റെ മുരളീനാദം ഗോപസ്ത്രീകളെ ആത്മവിസ്മൃതിയിൽ ആറാടിച്ച രംഗം ചിത്രീകരിച്ചുകൊണ്ട് ഒരു ഗാനം പാടി. പുണ്ഡരീകൻ പിടുമോ? 'ആരാണീ രാധയും കൃഷ്ണനും?'—ഇതായിരുന്നു അയാളുടെ ചോദ്യം. ആരും ഉത്തരം പറഞ്ഞില്ല. പുണ്ഡരീകൻ തന്റെ പാണ്ഡിത്യഭാണ്ഡം മുഴുവൻ അഴിച്ചുനിരത്തി. രാജാവും ജനങ്ങളും അത്ഭുതപ്പെട്ടു. തന്റെ കവിക്ക് ഒരു സന്ദർഭംകൂടി നല്കുന്നതെന്നു കരുതി രാജാവു ശേഖരന്റെ മുഖത്തേയ്ക്കു ദൃഷ്ടികൾ അയച്ചെങ്കിലും, ശേഖരൻ ഭയപ്പെട്ട മരപ്പാവപോലെയിരുന്നതേയുള്ളൂ. കോപം വന്ന രാജാവു തന്റെ കഴുത്തിൽനിന്നു വജ്രമാല്യമെടുത്തു പുണ്ഡരീകനു സമ്മാനിച്ചു. ശിഥിലഹൃദയനായിത്തീർന്ന ശേഖരൻ അന്നു രാത്രി തന്റെ കൃതികളെല്ലാം ചുട്ടെരിച്ചശേഷം, വിഷം കുടിച്ചു, മരണവും കാത്തു പട്ടമെത്തയിൽ കിടപ്പായി. അപ്പോഴും തന്റെ ദേവിയെപ്പറ്റിയുള്ള സ്മരണയായിരുന്നു ശേഖരഹൃദയത്തിൽ അലതല്ലിക്കൊണ്ടിരുന്നതു്. ഒരിക്കൽക്കൂടി ചിലമ്പൊലി.

കരു നേരിയ സൗരഭ്യം മുറിക്കകത്തെത്തി. കണ്ണുതുറക്കാതെ ശേഖരൻ ചോദിച്ചു:—"എന്റെ ദേവീ, അവസാനം ഈ ദാസനിൽ കനിവുണ്ടായി നീ അവനെ കാണാൻ വരികയാണോ ചെയ്തത്?" 'എന്റെ കവീശ്വരാ, ഞാൻ ഇതാ വന്നിരിക്കുന്നു'—ഇതായിരുന്നു മറുപടി. ശേഖരൻ കണ്ണു തുറന്നു നോക്കി. കുമാരി വീണ്ടും പറഞ്ഞു:—'ഞാൻ അജിതകുമാരിയാണ്.' ശേഖരൻ വിഷമിച്ച് എഴുനേറ്റിരുന്നു. രാജാവ് അനീതിയാണ് പ്രവർത്തിച്ചതെന്നും, വാസ്തവത്തിൽ ശേഖരകവിയാണ് മത്സരത്തിൽ ജയിച്ചതെന്നും, അദ്ദേഹത്തെ വിജയമകുടം ചൂടിക്കാനാണ് താൻ വന്നതെന്നും ശേഖരന്റെ ചെവിയിൽ മന്ത്രിച്ചുകൊണ്ട് അജിത അവളുടെ കഴുത്തിൽക്കിടന്ന പുഷ്പമാല്യമെടുത്തു കവിയുടെ മുടിയിൽ ചൂടി. തൽക്ഷണം ശേഖരകവി ജീവരഹിതനായി നിലംപതിക്കുകയാണ് ചെയ്തത്."

ഈ കഥാശില്പത്തെ ശ്രീ: ചങ്ങമ്പുഴ 'യവനിക'യിൽ എട്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ നാടകീയഖണ്ഡകാവ്യങ്ങൾ (Dramatic Lyrics) എന്നു പറയുന്ന കൃതികളുടെ രീതിയാണ് കവി സ്വീകരിച്ചിരിക്കുന്നതെന്നു പറയാം. പ്രഥമഭാഗത്തിൽ കരു നാടകരംഗത്തിലെന്നപോലെ അദ്ദേഹം രാജസദസ്സിനേയും, ഗായനിരതനായ ശേഖരകവിയേയും അവതരിപ്പിക്കുന്നു. ആരംഭം അത്യധികം ഹൃദയാവർജ്ജകമായിട്ടുണ്ട്. രണ്ടാംരംഗ

ത്തിൽ 'മഞ്ജരി' (അജിതയുടെ തോഴി) യെ അവതരിപ്പിക്കുകയും, മൂന്നാംഭാഗത്തിൽ അതിമനോഹരമായ വസന്താഗമത്തെ വരച്ചുകാണിക്കുകയും, നാലിൽ ശേഖരഗാനങ്ങൾ നാടാകെ—കൊട്ടാരം തൊട്ടു കുടിൽവരെ—പരന്നതായി ചിത്രീകരിക്കുകയും, അഞ്ചിൽ പുണ്ഡരീകന്റെ വരവും മംഗലശ്ലോകസമർപ്പണവും വിവരിക്കുകയും, ആറിൽ പ്രഥമമത്സരത്തെപ്പറ്റി പ്രതിപാദിക്കുകയും, ഏഴിൽ കൃഷ്ണമുരളിയുടെ സ്വാഗ്ഗീയനാദത്തെ പുകഴ്ത്തുന്നതോടൊപ്പം പുണ്ഡരീകന്റെ വിജയരഹസ്യവും ശേഖരന്റെ പരാജയകാരണവും പ്രകടമാക്കുകയും, അന്ത്യഭാഗത്തിൽ വിജയമാല്യം ശിരസ്സിലേറ്റുകൊണ്ടു ശേഖരകവി മരിച്ചു വീഴുന്ന രംഗം വർണ്ണിക്കുകയുമാണ് ശ്രീ: ചങ്ങമ്പുഴ പ്രധാനമായി ചെയ്തിട്ടുള്ളത്.

ശേഖരകവിയുടെ പാട്ടു കേട്ടു രാജാവു ബാഷ്പംപൊഴിച്ചുവെന്നാണ് കഥയുടെ ആരംഭത്തിൽത്തന്നെ കവി പറയുന്നതു്. മൂലത്തിൽ ഇല്ലാത്ത ഈ കല്പന കാവ്യത്തിൽ ആദ്യന്തം നീണ്ടുകിടക്കുന്നതും, കഥാഗതിയനുസരിച്ചു ശക്തി കൂടിവരുന്നതുമായ വിഷാദാത്മകതന്ത്രത്തിന്റെ (ശോകാത്മകതന്ത്രത്തിന്റെ) ഉൽഘാടനമാണ്. സന്തോഷത്തിന്റെ പിറകിലും സന്താപത്തിന്റെ നിഴലോറ്റം ദർശിക്കുവാൻ കഴിയുമല്ലോ. "ഒരു ചെറിയ പുഷ്പം വിടർത്താൻവേണ്ടി പ്രപഞ്ചം മുഴുവൻ പ്രസവവേദനയനുഭവിക്കുന്നു"വെന്നാണ് 'മാസ്സാർ വൈൽഡ്' പറയുന്നതു്.

മന്മഥന്റെ 'കടമിഴിക്കോണിൽ' പ്രത്യക്ഷപ്പെട്ട കണ്ണീർക്കണങ്ങളിൽ ആരംഭിച്ചു്, ശേഖരന്റെ ഹൃദയവേദനകളിലും മൗനരോദനങ്ങളിലുംകൂടി മുമ്പോട്ടുനീങ്ങി, ആ കവീശ്വരന്റെ ദാരുണമരണത്തെപ്പോലും അതിലംഘിച്ചു്, അജിതകുമാരിയുടെ ഹൃദയശൈഥില്യത്തിൽ ചെന്നാഞ്ഞടിക്കുന്ന ശോകാത്മകതത്വമാണു് യവനികയിലെ ഹൃദയഘാതിതത്തിന്റെ അടിസ്ഥാനം.

യവനികാന്തർഹിതയായ നായികയുടെ കാലുകൾ, കൈകൾ, മേനി, വിലാസം ഇവയിൽ ക്രമേണ സൂക്ഷ്മവും സ്ഥൂലവുമായി പ്രദ്യോതിക്കുന്ന നായകോല്ലേഖ രതിഭാവമാകുന്നു. ആ രതിഭാവവും ചെന്നലിഞ്ഞു ചേരുന്നതു ശോകത്തിലാണു്.

"ഹാ മനസ്സിൽ പ്രതിധ്വനിക്കുന്നു—
ണ്ടാ മനോഹരനൂപുരാരാവം.

തന്മിഴികൾക്കു മുന്നിൽ പ്രപഞ്ചം
നന്മ പൂത്ത പൂവാടിയായ് മിന്നി

പുഞ്ചിരിക്കൊണ്ടു രാഗാർദ്രമാംതൻ
നെഞ്ചകംപോൽ നിലാവല ചിന്നി."

ഇവിടെ ശേഖരകവിയുടെ ഹൃദയഭിത്തിമേൽ രതിഭാവത്തിന്റെ ചിത്രം തൂങ്ങിക്കിടക്കുന്നതായിട്ടു് അനുമേയമാകുന്നു. ഇപ്രകാരം നായികോന്മുഖമായ രതിഭാവമാണു് നായകന്റെ ഗാനോല്ലേഖത്തിന്റെ സവ്വനിദാന

വും. കാവ്യത്തിലെ ശോകാത്മകതചത്തിന്റെ മൂർച്ചകൂട്ടുന്നതിനും ഈ രതിഭാവം ശക്തമായിത്തീർന്നിട്ടുണ്ട്. പൂർവ്വയത്തെ കവർന്നെടുക്കാൻ കെല്പുള്ള മറ്റു പല ഭാവങ്ങളും (അവയുടെ സാങ്കേതികനാമങ്ങൾ എനിക്കറിഞ്ഞുകൂടാ) ഈ കാവ്യത്തെ അത്യന്തം രമണീയമാക്കിയിട്ടുണ്ടെന്നകൂടി പ്രസ്താവിച്ചുകൊണ്ട്, ഭാവങ്ങളിൽനിന്നു പുറത്തു കടന്നുകൊള്ളട്ടെ.

മൂലകഥയിലെ ഒന്നാംതരം അലങ്കാരങ്ങൾ അർത്ഥവും രസവും ചോർന്നുപോകാതെ കാവ്യത്തിൽ അടക്കുന്നതിനു ചങ്ങമ്പുഴയ്ക്കു കഴിഞ്ഞിട്ടുണ്ട്. സർവ്വശക്തന്റെ കാരുണ്യപൂരം പതിതരെ പുല്കുന്നതുപോലെ അജിതകുമാരിയുടെ തുച്ഛവടികൾ മണൽത്തരികളെ പുല്കുന്നതായും, പുണ്ഡരീകനെ കണ്ട ശേഖരകവി ബലിക്കല്ലിന്റെ മുമ്പിൽ നില്ക്കുന്ന ആടിനെപ്പോലെ പേടിക്കുന്നതായും, നൃപാലാജ്ഞ ലംഘിക്കാൻ നിവൃത്തിയില്ലാതെ പാടുപെട്ട പാടാനെഴുനീറ്റ ശേഖരകവി, അമ്പേറ്റാടിയപ്പോൾ മാർഗ്ഗംമുട്ടി ഉഴറുന്ന മാനിനോടു സാമ്യം വഹിക്കുന്നതായും, ഗാനസന്നദ്ധനായ കവി തൊട്ടാൽ ഗാനം തുളുമ്പുന്ന വീണയോടു സാധർമ്മ്യമേലുന്നതായും, മരച്ചീഗാനം കേട്ട മതിമറന്ന ഗോപികകൾ അവാച്യമായ ആ ജീവിതപൂർണ്ണിമയിൽത്തന്നെ മരിക്കുവാൻ ആഗ്രഹിച്ചതായും മറ്റുമുള്ള പ്രയോഗവിശേഷങ്ങൾ രവീന്ദ്രനാഥന്റെ വിശിഷ്ടകല്പനകളുടെ മുഗ്ധമനോജ്ഞങ്ങളായ പ്രതിച്ഛാ

യകളാണ്. ചില സ്ഥലങ്ങളിൽ ചങ്ങമ്പുഴയുടെ പ്രതിപാദനം മൂലത്തിലെ വാചകങ്ങളെ ഉക്കാളം സരളതരമായി അനുഭവപ്പെടുകയുണ്ടായി. ഒരുദാഹരണം കാണിക്കാം:—ടാഗോർ—"And it was rumoured that Princess Ajita also laughed at her maid's accepting the poet's name for her, and Manjari felt glad in her heart."

ചങ്ങമ്പുഴ—

"ഗായകവയ്യനേകിയ നാമ-
ധേയമംഗീകരിച്ചതായ് കേൾക്കെ,
മഞ്ജരിക്കന്നജിതകുമാരി
മന്ദഹാസം പകർന്നേകിയോളും!
മഞ്ജരിതൻ മനസ്സിലാനന്ദ-
മമ്മരങ്ങൾ പൊടിഞ്ഞിതുപോലും!"

കഥാഘടനയിൽ ശ്രീ: ചങ്ങമ്പുഴ വ്യത്യാസമൊന്നും ചെയ്തിട്ടില്ല. ചില ഭാഗങ്ങൾ അദ്ദേഹം സ്വന്തം മനോധർമ്മവും ഭാവനയും കലർത്തി, മൂലത്തിലെ കലാസൗഭഗത്തിനു ഭംഗം വരാതെ, ദീർഘിപ്പിച്ചിട്ടുണ്ട്. ആകൃതിയിലും പ്രകൃതിയിലും ചെറുകഥയിൽനിന്നു വ്യത്യസ്തമായി പരിഗണിക്കേണ്ടതായ കാവ്യത്തിന്റെ മനോഹാരിതാപം തന്നിമിത്തം വർദ്ധിക്കുകയേ ചെയ്തിട്ടുള്ളൂ. വേണുഗോപാലന്റെയും രാധാദേവിയുടേയും നിസ്തുലചിത്ര

ങ്ങൾ, വാസന്തശ്രീവിലാസങ്ങൾ എന്നിങ്ങനെ കാവ്യഗ്ര
ണത്തെ പ്രവൃദ്ധമാക്കുന്ന ശ്രേഷ്ഠാംശങ്ങളാണ് കവി സ്വ
ന്തമായി കൂട്ടിച്ചേർത്തിരിക്കുന്നതു്.

ശ്രീ: ചങ്ങമ്പുഴയുടെ കലാനിപുണത പാത്രസൃഷ്ടി
യിൽ അത്യന്തം ഫലപ്രദമായിട്ടുണ്ടെന്നു പൊതുവേ പ
റയാം. "His youthful delicate figure", എന്ന വർണ്ണ
നയിൽ അന്തർഭവിച്ചിട്ടുള്ള മധുരധ്വനികൊണ്ടും, ഗാനാ
ലാപസാമർത്ഥ്യംകൊണ്ടും ടാഗോർ സമാകർഷകനാക്കി
ത്തീർത്ത നായകനെ ഉചിതസംസ്കാരങ്ങൾ അണിയിച്ചു
ഭാവശുദ്ധിയുടെ പരമോന്നതസ്ഥാനത്തേയ്ക്കുയർത്തുകയാ
ണ് ശ്രീ: ചങ്ങമ്പുഴ ചെയ്തിരിക്കുന്നതു്.

"ഖ്യാതി പൊങ്ങിയെന്നാകിലും ഗർവ്വ-
മേതു മേശാതഭിമതനായി,

നിത്യതൃപ്തിനുകർന്നു"... മുമ്പോട്ടുപോകുന്ന ഒരു സ്ത്രീ
മകലാകാരനാണ് ശേഖരകവി. ശ്ലക്ഷ്ണനിശിതമായ പാ
ണ്ഡിത്യത്തിന്റെ 'കമ്പക്കൂത്താട്ടങ്ങളെ' വെല്ലാൻ സാ
ധിക്കുന്നില്ലെങ്കിലും, അതിന്റെ അർത്ഥശൂന്യതയെ മന
സ്സിൽ കണ്ട സച്ഛന്ദഹൃദയനാണ് ശേഖരൻ. ചിരകാ
ലപരിചിതവും, സുബ്ധസദ്ഗുണസമ്പന്നവുമായ ഗാനധാര
യുടെ യാഥാർത്ഥ്യം, കേവലം വാക്കിനെ പിടിച്ചുകൊണ്ടു
ള്ള 'കസർത്തുവേലകൾ' കണ്ടു സരാജകമായ ജനസം
ഘാതിയാൽ നിരാകൃതമായതിൽനിന്നു് ശേഖരകവി പ്ര

ശംസയുടേയും അഭിനന്ദനത്തിന്റേയും മിഥ്യാത്വം ധാരാളം ഗ്രഹിക്കുന്നുണ്ട്. ഇങ്ങനെ ശേഖരകവി ആത്മഹത്യയുടെ ഗൗരവത്തെപ്പോലും നിസ്സാരകോടിയിൽ തള്ളിക്കൊണ്ടു നിത്യഭാസുരമായ യശോമണ്ഡലത്തിലേയ്ക്കുയരുകയാണ് ചെയ്യുന്നത്. എങ്കിലും ഇവിടെ കരുതേണ്ടുന്ന ചോദ്യം ഉത്ഭവിക്കുന്നുണ്ട്. മണിമേടമുതൽ പുൽമാടംവരെ അമരാപുരിയെ കനകാങ്കം തരംഗതരളിതമാക്കിയ ഗാനധാരയുടെ പ്രഭവസ്ഥാനം കരുണ്ടന്റെ വാശ്യാടിയാൽ ജനദൃഷ്ടിയിൽനിന്നു സന്മൂണ്ണമായി മറയ്ക്കപ്പെട്ടുവെന്നു പറയുന്നതു് അല്പം സാഹസമല്ലേ? തങ്ങളുടെ കാമനക്കവിക്കുവേണ്ടി കരു ചെറുവിരലനക്കാൻപോലും ജനനിബിഡമായ ആ രാജസദസ്സിൽ കരൊറാക്കഞ്ഞെങ്കിലും ഉണ്ടായിരുന്നില്ലെന്നോ? ചങ്ങമ്പു ചെയ്തിട്ടുള്ളതുപോലെ, ശേഖരഗാനങ്ങളുടെ പ്രിയംകരത്വം ടാഗോർ സുദീർഘമായി വർണ്ണിച്ചിട്ടില്ല. അതുകൊണ്ടാണ് കഥയിലേക്കാളധികമായി കാവ്യത്തിൽ ഈ പ്രശ്നം സ്പുടീഭവിക്കുന്നതു്. ശ്രീ: ചങ്ങമ്പുഴയെത്തന്നെ കണ്ടിടത്തിട്ടുനോക്കാം. സർവ്വജനമനോനന്ദനങ്ങളായ കാവ്യങ്ങൾ രചിച്ചു് ഏറ്റവുമധികം ജനപ്രീതി സമ്പാദിച്ചിട്ടുള്ള ഇന്നത്തെ മലയാളകവിയായ ചങ്ങമ്പുഴയെ ഭാവനാശൂന്യനായ കരു ഭാഷാപണ്ഡിതൻ, അനേകായിരമാളുകൾ പങ്കെടുക്കുന്ന കരു സാഹിത്യസമ്മേളനത്തിൽവെച്ചു്, വാക്കുകൾകൊണ്ടു തോല്പിക്കാൻ ശ്രമിച്ചാൽ ഫലമെന്തായിരിക്കും? ആ പാ

ണ്ഡിത്യമൈകൃതത്തെ ഗളഛസ്തം ചെയ്യാൻ ആയിരമായിരം കയ്യുകൾ ഉയരുകതന്നെ ചെയ്യും. ഏതായാലും അന്നത്തെ കാലമല്ല ഇന്നത്തെ കാലമെന്നു കവിക്ക് ഒരു സമാധാനം പറയാൻ കാണും.

രാജാവിനേക്കാളും സദസ്യരേക്കാളും അധികമായി സൗന്ദര്യാംശത്തെയും ജീവിതസത്യത്തെയും കണ്ടറിയുവാനുള്ള കെൽപ്പ് കഥാനായികയായ അജിതകുമാരിക്കുണ്ട്. നായകനിൽ കാലേക്കൂട്ടി ശ്രുഢമൂലമായിക്കഴിഞ്ഞ രതിനിമിത്തം രാജാവും സദസ്സും സമ്മതിച്ച പരാജയം അതേപടി നായകനിൽ നായിക ദർശിച്ചിരിക്കയില്ലെന്ന് ഒരാക്ഷേപമുണ്ടായേയ്ക്കാം. പക്ഷേ, വിജയമാല്യം ശേഖരകവിയുടെ കഴുത്തിൽ വീഴണ്ടതായിരുന്നുവെന്നുള്ള ധ്വനി കഥാമദ്ധ്യമായി നിലകൊള്ളുന്നതുകൊണ്ട് ഈ ആക്ഷേപത്തിനു പ്രസക്തിയില്ല. സുഖഭോഗങ്ങളുടെ നിത്യലാളനത്തിനു വിധേയയായ രാജകുമാരി കേവലം നിസ്സഹായകനായ ശേഖരകവിയെ—പിതാവും സദസ്യരും പരാജിതനെന്നു മുദ്രയടിച്ചുവിട്ട കവിയെ—ചരമശ്ലോകം പിന്തുടരുന്നതുമൂലം മാർഗ്ഗദർശിനിയായിത്തീരുന്നു. വേണമെങ്കിൽ രമണനിലെ ചന്ദ്രികയെപ്പോലെ അവർക്കും ചെയ്യാമായിരുന്നല്ലോ.

"എത്ര ലോകം തപസ്സുചെയ്താലാ-
ണെത്തിടുന്നതൊരിക്കിലിശ്ലുബ്ധം

ഉത്തമകവേ, നന്നായറിവൂ
ഹൃത്തിൽ ഞാനതിൻ ദിവ്യമഹത്വം.
ഇങ്ങിതാ നില്പൂ ഞാനിഗ്ഗളത്തിൽ
മംഗളജയമാല്യമണിയാൻ."—ഇവയാണ് നായികയുടെ ആദ്യവും അന്ത്യവുമായ മൊഴികൾ. ഹൃദയവിശാലത, വീക്ഷണകൌശലം, മനസ്സാന്നിദ്ധ്യം മുതലായി അജിതകുമാരിയിൽ പ്രശോഭിക്കുന്ന വിശിഷ്ടഗുണങ്ങളുടെ മുമ്പിൽ ജീവിതസത്യഗായകനായ നായകൻപോലും കുറുപടി താഴ്ന്നില്ലയോ എന്നു സംശയിച്ചുപോകുന്നു.

കഥയിലെ 'വില്ലനായ' (പ്രതിനായകനായ) പുണ്ഡരീകന്റെ ഒരൊന്നാംതരം ചിത്രമാണ് ശ്രീ: ചങ്ങമ്പുഴ വരച്ചിരിക്കുന്നതു്. പിൻകുടുമയും, ഭസ്മക്കുറിയും, പൂണൂലും, പാളത്താറും, വീശുപാളയുമായി കഥാപ്രസംഗത്തിനും മറ്റും നടക്കുന്ന ഒരു 'പാണ്ടിപ്പട്ടരെ' കൺമുമ്പിൽ കാണുന്നതുപോലെ തോന്നുന്നു ആ ഭാഗം വായിക്കുമ്പോൾ. സൂത്രശാലിയാണെങ്കിലും സർവ്വശാസ്ത്രനിപുണനും ബുദ്ധിമാനുമായ ഒരു മഹാപണ്ഡിതനെയാണ് ടാഗോർ നിർമ്മിച്ചിരിക്കുന്നതു്. ചങ്ങമ്പുഴയുടെ 'ഉദ്ദണ്ഡൻ' സന്ദർഭത്തിനു തികച്ചും അനുരൂപനാണ്. അറപ്പും വെറുപ്പും തോന്നിക്കത്തക്കവിധം കാവ്യത്തിൽ പുണ്ഡരീകനെ നിബന്ധിച്ചിരിക്കുന്നതുമൂലം നായകനായ ശേഖരകവിയുടെ ഔൽകൃഷ്ട്യം വർദ്ധിക്കുന്നുണ്ട്. പു

ണ്ഡരീകന്റെ കഴുത്തിൽ വജ്രമാല്യം ചാർത്തിയ രാജാവും കാവ്യത്തിൽ അപഹാസപാത്രമായിത്തീരുകയാണു് ചെയ്യുന്നതു്. ഒരവസാനത്തെ നോക്കാൻ ടാഗോറിന്റെ രാജാവു പല പ്രാവശ്യവും ശേഖരകവിയെ ഉറുനോക്കുകയുണ്ടായി. എന്നാൽ ചങ്ങമ്പുഴയുടെ രാജാവു് ഒരു പ്രാവശ്യം മാത്രമേ കവിയുടെ നേരേ നോക്കുകയുണ്ടായുള്ളൂ. ഹൃദയമില്ലാത്ത പാണ്ഡിത്യത്തെയും, അതിനെ ആദരിക്കുന്ന രാജത്വത്തെയും അപലപിക്കുന്നതിനു് ഈ വ്യത്യാസം ഉപകരിക്കുന്നുണ്ടു്. പുണ്ഡരീകനേയും രാജാവിനേയും ഇങ്ങനെ തരംതാഴ്ത്തുന്നതുമൂലം ചങ്ങമ്പുഴയുടെ ലോകവീക്ഷണകോടി വ്യക്തീഭവിക്കുകയും ചെയ്യുന്നു. പുലമാടത്തിൽപ്പോലും ആദരണീയമായ വ്യക്തിത്വം ദർശിക്കുന്ന കവി—സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം മുഴക്കുന്ന സ്നേഹഗായകൻ—രാജകൊട്ടാരത്തിലെ വൻപും മടിയും ഗർവ്വുമൊക്കെ വലിച്ചുതാഴ്ത്തുന്നതു് അത്ഭുതകരമല്ലല്ലോ. ഇക്കാലത്തുപോലും ചെറും മൂന്നാംതരക്കാർക്കു് 'തിലകത്വവും,' 'കുശലത്വവും', 'പ്രവീണത്വ'മെല്ലാം ലഭിക്കുന്നതായി നാം കാണുന്നില്ലേ? ഇത്തരം സ്ഥാനലബ്ധികളെപ്പറ്റിയുള്ള സ്മരണ ചങ്ങമ്പുഴയുടെ നാരായണനേന്ദ്രനും പുണ്ഡരീകപണ്ഡിതനും വായനക്കാരിൽ ഉളവാക്കുന്നുണ്ടു്. പണ്ഡിതവരേണ്യനായ എ. ബാലകൃഷ്ണപിള്ളയുടെ ഭാഷയിൽ പറയുകയാണെങ്കിൽ 'റൊമാൻറിക്ക്' സാങ്കേതി

കമാത്തും പ്രയോഗിച്ചിട്ടുള്ള ഈ കാവ്യത്തിൽ അങ്ങിങ്ങായി തിളങ്ങിക്കാണുന്ന 'റിയലിസ'ത്തിനു് ഒന്നാന്തരം ഉദാഹരണമാണു് പുണ്ഡരീകനെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം.

ടാഗോറിന്റെ കഥയിലും യവനികയിലും വർണ്ണിക്കപ്പെട്ടിട്ടുള്ള തോഴിക്കു പറയത്തക്ക വ്യക്തിത്വമൊന്നും കാണുന്നില്ല. രാജപുത്രിക്കൊരു തോഴി—ഇതിൽ കവിഞ്ഞു കഥയുമായി 'മഞ്ജരി'ക്കു യാതൊരു ബന്ധവുമില്ല. 'മഞ്ജിമയ്ക്കൊരു കുഞ്ഞലയാഴി'യാണവളെന്നും, 'പൂവു പോലെ ചിരിക്കുന്ന ചിത്ത'മാണവളുടേതെന്നും ചങ്ങമ്പുഴ വർണ്ണിക്കുന്നുണ്ടെങ്കിലും കഥാഗതിയിൽ അവൾക്കുള്ള സ്ഥാനമെന്താണെന്നു് അജ്ഞാതമായിരിക്കുന്നതേയുള്ളൂ. രമണനിലെ ഭാനുമതിയെപ്പോലെ മഞ്ജരി ഒരു സജീവകഥാപാത്രമായിത്തീർന്നിട്ടില്ല. മൂലകഥയിലുണ്ടെങ്കിലും കാവ്യത്തിൽ തോഴിയെക്കൂടാതെ കഴിക്കാൻ പാടില്ലായിരുന്നോ എന്നൊരു ചോദ്യത്തിനു വകയുണ്ടു്. എന്നാൽ പുരാണകഥകളും മറ്റും ഇഷ്ടാനുസരണം കൈകാര്യം ചെയ്യുന്നതുപോലെ ടാഗോറിന്റെ ജഗൽപ്രസിദ്ധമായ ഒരു ചെറുകഥ കൈകാര്യം ചെയ്യുന്നതു ശരിയല്ലെന്നു സമ്മതിക്കാതിരിക്കാനും നിവൃത്തിയില്ല. ശൈരസദനത്തിൽ പ്രതിദിനം പൊയ്ക്കൊണ്ടിരുന്ന 'വാസന്തമഞ്ജരി' കവിയുടെ ഗുണഗണങ്ങൾ വർണ്ണിച്ചു് അജിതകുമാരിയുടെ അനുരാഗത്തിനു കൊഴപ്പുകൂട്ടിയെന്നു

സങ്കല്പിക്കുന്നതിൽ അപാകമില്ല. എന്നാലും ഇതൊരു സങ്കല്പം മാത്രമാണല്ലോ.

അലങ്കാരത്തിനുവേണ്ടി കാട്ടുകയുന്ന പ്രകൃതക്കാരനല്ലല്ലോ ശ്രീ: ചങ്ങമ്പുഴ. അതേസമയത്തു സന്ദർഭോചിതമായി അലങ്കാരം പ്രയോഗിക്കുന്നതിൽ അദ്ദേഹത്തിനും പ്രശംസനീയമായ പ്രാഗത്ഭ്യമുണ്ടുതാനും. സ്വകപോലകല്പിതങ്ങളായ കുന്നാന്തരം അലങ്കാരങ്ങൾ—ടാഗോറിന്റെ അലങ്കാരങ്ങളുടെ അടുത്തു തലയുയർത്തി നില്ക്കാൻ അർഹതയുള്ളവ—യവനികയിൽ പലതുമുണ്ട്. സ്ഥാനസ്ഥിതിയും അകൃത്രിമവുമായി അലങ്കാരങ്ങൾ പ്രയോഗിക്കുക നിസ്സാരകാര്യമല്ല. കാവ്യമർമ്മജ്ഞതയുടെ പരമകാഷ്ഠയിലുള്ളൊരു വിജയമാണതു്.

"കൊക്കുരുമ്മാനിണയടുക്കുമ്പോൾ
കൊഞ്ചിനീങ്ങും കുയിൽപ്പേടപോലെ."

ആർദ്രമനസ്കനായ കാമിനീകാമുകന്മാരുടെ പ്രണയസല്ലാപം ഇതിനേക്കാൾ ചേതോഹരമായി പകർത്തുവാൻ സാദ്ധ്യമല്ലെന്നു—ഒരു മഹാകവിക്കും സാദ്ധ്യമല്ലെന്നു—പറയാം.

"ആറുവക്കിലാ മാമരക്കാവി-
ലാത്മശാന്തിതന്നാകരം പോലെ"—സത്യഗായകനായ കവിയുടെ ശാന്തിമന്ദിരം എത്ര പരിസ്ഫുടമായി പ്രകാശിക്കുന്നു. ഇങ്ങനെ പലതും എടുത്തു കാണിക്കു

വാൻ കഴിയും. എല്ലാം സന്ദർഭത്തിന്റെ തരളപ്പൊടിപ്പുകൾതന്നെ.

യവനികയിലെ ഒരു ചിത്രം നോക്കുക: —

"കന്ദളിതമദാലസയാമ-
ക്കൺമണി രാധ തോൾചേർന്നു നില്പൂ;
ഹാ വലംകാലൊരല്പം മടങ്ങി-
പ്പൂവെതിരിടംകാൽത്തണ്ടുരുമ്മി;
തെല്ലിടഗളം ചായ്ഞ്ഞംഗ്രലികൾ
ലല്ലലല്ലലം തത്തിക്കളിക്കെ;
ചുണ്ടിലോടക്കുഴൽ ചേർന്നു ഹർഷം
ചെണ്ടിട്ടൊരു പുഞ്ചിരിയോടെ;
താളമൊപ്പിച്ചു പീലിയിളകി-
ച്ചേലിലാ വനമാലകളാടി;
ഗാനധാരയിൽ വിശ്വംമയക്കി
വേണുഗോപാലനങ്ങുല്ലസിച്ചു."

'ലല്ലലല്ലല'മായപ്പോൾ എന്റെ കൈവിരലുകൾ താനേ ഇളകിപ്പോയി. മലയാളസാഹിത്യത്തിന് എന്നുമെന്നും അഭിമാനപൂർവ്വം ഉയർത്തിപ്പിടിക്കാവുന്ന ഒരു സജീവചിത്രം സംഭാവനചെയ്ത ചങ്ങമ്പുഴ എന്തൊരു ഭാഷാസ്നേഹിയുടേയും കൃതജ്ഞത അർഹിക്കുകതന്നെ ചെയ്യുന്നുണ്ട്.

ഒരെണ്ണംകൂടി എടുത്തുകാണിച്ചുകൊള്ളട്ടെ:—

"പൊന്നൊലിക്കുമിളവെയിൽ ച്ചാലിൽ
മിന്നിയാടും തളിർക്കുലച്ചാത്തിൽ
നൂണിറങ്ങിക്കറങ്ങിപ്പതുങ്ങി-
ത്താണയന്നു പൂമ്പാറാങ്കുരുവി പാടി"—ഉത്തരാർദ്ധത്തിലെ ഓരോ പദവും പൂമ്പാറ്റയുടെ പൂഞ്ചിറകിന്റെ ചലനം മാത്രമാണെന്നു തോന്നിപ്പോകുന്നു!

ചങ്ങമ്പുഴയ്ക്കു ധനമില്ലെന്നും ആഢ്യനല്ലെന്നുമൊക്കെ ചിലർ പറയാറുണ്ട്. വാഗ്വിലാസശ്രീകമായ അദ്ദേഹത്തിന്റെ മധുരഗാനം തൽക്ഷണം അത്മപ്രതീതിയുണ്ടാക്കത്തക്കവണ്ണം സരളകോമളമായി പ്രവഹിക്കുന്നതു് ഒരു വലിയ അനുഗ്രഹമാണെന്നാണു് എനിക്കു തോന്നുന്നതു്. പക്ഷേ ഹൃദയസ്പൃക്കായ ഭാവധ്വനി—അതും ക്ലേശംകൂടാതെ തെളിഞ്ഞുകാണത്തക്കവണ്ണം—കവിതയിൽ കലർത്താൻ ചങ്ങമ്പുഴയ്ക്കു കഴിവുണ്ടെന്നു് അദ്ദേഹത്തിന്റെ കവിതകളിൽ നിഷ്പക്ഷബുദ്ധിയോടുകൂടി വായിക്കുന്നവർക്കു കാണാൻ സാധിക്കും. യവനികയിൽനിന്നുതന്നെ ഒരുദാഹരണം ഉദ്ധരിക്കുന്നു:—

"ഉച്ചനേരത്തു പൊത്തിലൊതുങ്ങി-
ക്കൊച്ചരിപ്രാവു കുറുകുന്നനാളിൽ;
ചേരിലങ്ങിങ്ങു ചേരിനിരന്നു
ഞാറുപാകും പുലപ്പെൺകിടാങ്ങൾ

കൂട്ടിനുള്ളിലിരുന്നു കുകാനും

ഭാഗ്യമില്ലാത്ത കൊച്ചരിപ്രാക്കൾ"

ഇവിടെ പുലയപ്പെൺകിടാങ്ങളുടെ പരാശ്രയത്വത്തെ എത്ര ഭംഗിയായി ധ്വനിപ്പിച്ചിരിക്കുന്നു. കവിയുടെ ലോകവീക്ഷണകോടിയും ഇവിടെ അഭിവ്യഞ്ജിക്കുന്നുണ്ട്.

ആകപ്പാടെ നോക്കുമ്പോൾ ചങ്ങമ്പുഴയുടെ സഹജമായ രചനാസൗഷ്ഠവം തികഞ്ഞ ശാലീനതയോടെ യവനികയിലും വിജൃയനടനം ചെയ്യുന്നതായിട്ടാണ് കാണുന്നത്. 'ലളിതകോമളകാന്തപദാവലി'കളുടെ യഥാസ്ഥാനസന്നിവേശമാണ് ചങ്ങമ്പുഴയുടെ രചനയുടെ ഭംഗിയും വശ്യതയും കൂട്ടുന്നത്. ശേഖരകവിയുടെ ഗാനങ്ങൾ അങ്ങാടിമുതൽ അരമനവരെ, അടുക്കളമുതൽ 'അസംബ്ലി'വരെ പരന്നതുപോലെ ചങ്ങമ്പുഴയുടെ ഗാനങ്ങളും ഏതൊരാണ്ണംകേറാമൂലയിലും എത്തിയിട്ടുണ്ട്. ഈ നിസ്തുലവിജയത്തിന്റെ പ്രധാനകാരണങ്ങൾ അദ്ദേഹത്തിന്റെ ലോകവീക്ഷണകോടിയും, സംഗീതാത്മകതയും തന്നെ. രചനാസൗഷ്ഠവത്തിൽ യവനിക രമണനെപ്പോലും പിൻതള്ളിയിട്ടുണ്ടെന്നു നിസ്സംശയം പറയാം.

"എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-

ന്തവിടെല്ലാം പൂത്ത മരങ്ങൾമാത്രം"—

എന്ന മട്ടിൽ എവിടെ നോക്കിയാലും അവിടെയെല്ലാം രചനയുടെ സാരസ്യം കുറ്റാലന്യൂനം ചെയ്യുന്നതായിട്ടാ

ണ്ട് അനുഭവപ്പെടുന്നതു്. വിശ്വമഹാകവിയുടെ ദേവശില്പം യവനികയെ സവിശേഷം അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ടു്.

കൈരളിയുടെ തൃപ്പാദങ്ങളിൽ മറെറാരു കനകമാല്യംകൂടി സമർപ്പിച്ച ചങ്ങമ്പുഴ കൃഷ്ണപിള്ളയ്ക്കു് ആയുരാരോഗ്യാദികൾ ആശംസിച്ചുകൊണ്ടു് കേവലം അനാവശ്യമായ ഈ അവതാരിക അവസാനിപ്പിച്ചുകൊള്ളുന്നു.

കോട്ടയം,
15—8—1946.

കെ. സി. സഖറിയാ,
എം. എ. എൽ. എൽ. ബി.

യവനികയെപ്പറ്റി

വിശ്വമഹാകവി രവീന്ദ്രനാഥ് ടാഗോറിന്റെ 'പിക്കറ്ററി' എന്ന വിശിഷ്ടമായ ചെറുകഥയിലെ ഇതിവൃത്തത്തെ ആധാരമാക്കി സ്വതന്ത്രമായിച്ചെയ്തിട്ടുള്ള ഒരു കലാസൃഷ്ടിയാണ് 'യവനിക'. എന്റെ സ്വന്തം കല്പനകളൂടെ കെല്പില്ലായ്മയിൽ മൂലകൃതിയുടെ മൂല്യത്തിനു സാരമായ ഉടവു തട്ടാതിരിക്കാൻ ഞാൻ ഹൃദയപൂർവ്വം ശ്രമിച്ചിട്ടുണ്ട്; അതു ഫലപ്പെട്ടിട്ടുണ്ടോ എന്തോ!

എന്റെ കവിതകൾ പൊതുവേയും, യവനിക പ്രത്യേകമായും ശ്രദ്ധിച്ചു പഠിച്ചു, ആകർഷകമായ ആകാരം മാത്രമല്ല അമൂല്യമായ ആത്മാവുകൂടി ഉൾക്കൊള്ളുന്ന വിമർശനാത്മകമായ ഒരവതാരികയാൽ ഈ കൃതിയെ അനുഗ്രഹിച്ച ശ്രീ: കെ. സി. സഖറിയാ അവർകളോട് ഞാൻ കൃതജ്ഞനാണ്. എന്റെ ഈ കൃതികൂടി സഹിക്കേണമെന്ന അപേക്ഷയോടുകൂടി ഞാനിതു സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ചങ്ങമ്പുഴ കൃഷ്ണപിള്ള

P. H. M. Salim

ജീവിച്ചിട്ടന്നു മുതിയാൽ ചിലർ, ചത്തുകൊണ്ടു
ജീവിക്കയാണു പലർ—മൃത്യുവിൽ ഞാൻ മരിപ്പൂ!

ജി.

സ്തബ്ധമായീ സഭാസദനാന്തം
ലബ്ധസംഗീതസാന്ദ്രപ്രശാന്തം.

സ്വർണ്ണസിംഹാസനത്തിലിരിക്കും
മന്നവനേറെ കടമിഴിക്കോണിൽ,

വന്നുനിന്നൊത്തിനോക്കിച്ചിരിച്ചൂ
മിന്നിടും രണ്ടു കുണ്ഡലീർക്കണങ്ങൾ.

ചാരവേ പിന്നിൽ ചേടികൾ വീശും
ചാമരങ്ങളനങ്ങിടാതായി.

മന്ത്രിപുംഗവർ, സൈനികർ, രാജ്യ-
തന്ത്രകോവിദ,രംഗപാലന്മാർ,

കിങ്കര,രെന്തി,നസ്സദസ്സൊന്നോ-
ടങ്കിതചിത്രരംഗമായ് മാറി.

ആ വിശാലമാം ശാലതൻ മദ്ധ്യ-
ഭ്രുവി,ലുന്നതമണ്ഡപമൊന്നിൽ,
ഗായകകവി ശേഖരൻ ഹർഷ-
ദായകസപ്തസ്വരിയായ് മേവി.
തൽഗ്ലളനാളവേണുവിൽനിന്നും
നിർഗ്ഗളിച്ചോരമൃതപ്രവാഹം,
കാമനിച്ചു ചെന്നാരോ മനസ്സും,
രോമഹർഷശിശിരിതമാക്കി.

വന്ദ്യഭ്രുവരൻ തന്നേകപുത്രി
സുന്ദരിയാം അജിതകുമാരി
കാണുവാനിടയായീല രാജ-
കാവ്യകാരനക്കന്യാമണിയെ!...

തെല്ലകലത്തുയരത്തു വെണ്ണ-
ക്കല്ലുകെട്ടിപ്പടുത്തോരെടുപ്പിൽ,
മഞ്ഞവർണ്ണച്ചുരുളിടതിങ്ങി-
ക്കുഞ്ഞലത്തൊങ്ങലങ്ങിങ്ങൊഴുകി,
മിന്നും പട്ടയവനികയൊന്നിൻ
പിന്നിൽനിന്നൊരു നിശ്വാസലേശം
സംക്രമിപ്പൂ ഞൊടിയിടയേതോ
കുങ്കുമസുരഭിമോടിടക്കുടി!

ഗാനധാരതന്നാരോഹണത്തിൽ
പ്രാണഹർഷത്തിൻ പൂണ്ണോടയത്തിൽ,
മഞ്ജിമയ്ക്കു മണിയരങ്ങാമാ
മഞ്ഞവർണ്ണത്തെറികൾക്കു നേരേ,
പാട്ടറഞ്ഞ ഹൃസ്പന്ദങ്ങളോടേ
പാതി ക്ലമ്പിയ കണ്ണുകളോടേ,
ശ്രീയുതസ്മിതസാന്ദ്രാസ്യനായി-
ശ്ശ്രായകൻ ശിരസ്സൊന്നു തിരിച്ചു.

ചെണ്ടൊളി ചേർന്നതിമൃദുവാകും
രണ്ടു കൈപിരൽത്തുമ്പുകൾ ചൂടി,
ഹാ, ഞൊടിയൊരു മിന്നൽക്കൊടിയ്ക്കാ-
യാ ഞെറിപക്കൊരിത്തിരി നീങ്ങി.
അഞ്ജനക്കൺമുനയൊന്നുലഞ്ഞു
മഞ്ജുഹാസമൊരല്പം പൊഴിഞ്ഞു.
അത്രമാത്രം— അരഞൊടിക്കുള്ളിൽ
ബദ്ധമായീ മറഞ്ഞെറി വീണ്ടും.
സ്വപ്നതുല്യമാശ്ശിഞ്ജിതം മാത്ര-
മുത്തരിപ്പതുണ്ടപ്പൊഴമല്പം.
വ്യക്തമല്ലാത്തൊരു നിഴൽപ്പാടാ
വസ്തുഭിത്തിതൻ പിന്നിൽ ത്രസിപ്പൂ!...

ആ മണിപ്പൊൻചിലമ്പൊലിയോലും
പൂമുറ്റപടമെമ്മട്ടിരിക്കും?

ആത്തരിവള മിന്നിക്കിലുങ്ങും
പൊൽത്തളിർക്കൈകളെമ്മട്ടിരിക്കും?

ആ നിഴൽപ്പാടിനാലംബമാകും
മേനിതന്നഴകെന്തായിരിക്കും?

ഹാ, വിടുത്തദൃശ്യമായ് നില്പു-
മാ വിലാസമെന്തത്ഭുതമാവോ!

സവ്യശങ്കതന്റെ കാരുണ്യപൂര-
മുച്ചിയിങ്കൽ പതിതരെപ്പോലെ,

മൺതരികളെപ്പുൽകുമത്തുക്കാൽ-
ച്ചെന്തളിരുകളന്തരംഗത്തിൽ,

ഭക്തിപൂവ്വം പ്രതിഷ്ഠിപ്പതേക്കാ-
ളിദ്ധരയിലെന്തുണ്ടൊരു ഭാഗ്യം!

ഗായകനു ഹൃദയം പിടഞ്ഞു
ഗാനധാരയിലോളം വളഞ്ഞു.

ആത്തിരകളായന്നു പിണ്ണാള-
മെത്തി മുട്ടി നുറുനുറുങ്ങായി,

താരകോടികൾ വാരിത്തഴകി-
ത്താഴെ വീണ്ടും പതിയ്ക്കുന്നപോലെ;

ഏകമായാപ്രതീതി കൊളുത്തി-
ശ്ലോകമൊട്ടുക്കുകലെത്തുരത്തി,
ആദിമദ്ധ്യാന്തഹീനമാം മട്ടാ
നാദവാഹിനി വീപ്പിട്ടൊഴുകി.

മുഗ്ദ്ധഗാനസരിത്തതിൽ ജ്ജീവ-
നുകന്തരായ് മുങ്ങി നീന്തിയെല്ലാരും!...

നിന്നു ഗാനം—കുറച്ചുനേരത്തേ-
യ്ക്കൊന്നുമാരുമനങ്ങിയില്ലൊട്ടും.

പിന്നെയേറ്റു ന്യപേന്ദ്രനൽപ്പല്ല-
സ്പിന്നശാന്തസ്മിതാഢ്യനായി.

ആ മിഴികളിൽത്തിങ്ങിത്തുളുമ്പി
സീമയറ്റഭിനന്ദനഭാവം.

ആനതാസ്യനായ് കുപ്പുകൈയോട-
ഗ്ഗാനലോലൻ സഭാഗൃഹം വിട്ടു.

ഹാ, മനസ്സിൽ പ്രതിദ്ധ്വനിയ്ക്കുന്നു-
ണ്ടാ മനോഹരനൂപുരാരാവം.

തന്നിഴകൾക്കു മുന്നിൽ പ്രപഞ്ചം
നന്ന പൂത്ത പൂവാടിയായ് മിന്നി;

പുഞ്ചിരിക്കൊണ്ടു, ഗാനാഢ്യമാം തൻ
നെഞ്ചകംപോൽ നിലാവല ചിന്നി!

ആറുവക്കിലാ മാമരക്കാവി-
ലാത്മശാന്തിതന്നങ്കുരം പോലെ,

നേത്ത നീലനിലാവിൽ, പുളകം
ചാത്തിനില്ക്കും കുടിലിനു നേരേ;

പാല പൂത്തു പരിമളം കാറ്റിൽ
പാറിയെത്തുമപ്പാതയിലൂടേ,

മായികനൃത്തമാടിട്ടും മൂക-
ച്ഛായകൾതന്നകമ്പടിയോടേ,

കാട്ടുപൊന്തയിൽ രാക്കിളി പെയ്യും
പാട്ടു കേട്ടു രസിച്ചു ഗമിപ്പൂ,

ബദ്ധകൃത്യകം മന്ത്രിച്ചിതിത്ഥം
ശുദ്ധശുദ്ധമാശ്ലായകചിത്തം: —

"വിശ്വസൗന്ദര്യമൊന്നിച്ചൊരാത്മ-
വിസ്മൃതിയ്ക്കുധിനായികയായി,

സ്വപ്നരൂപമെഴാതേയമെന്നോ-
ടൊട്ടിനില്പവളാര നീ, ദേവീ?..."

* *
*

രാമണീയകം മേളിച്ചിണങ്ങി
രാപകലുകളോരോന്നു നീങ്ങി.

ശേഖരകവിപുംഗവകീർത്തി-
മേഖലയിൽ വസന്തം വിളങ്ങി.

മാനവേന്ദ്രനാം നാരായണനാൽ
മാനിതനായ്, യശോധനനായി,

ചേലിയലു'മമരാപുരി'യിൽ
ലാലസിച്ചിതശ്ശായകവയ്മൻ!

ധന്യധന്യമത്തുലിക ജീവ-
സ്പന്ദമേകിന ഗാനശതങ്ങൾ,

വർണ്ണനാതീതവശ്യത വാഴ്ക്കും
വർണ്ണസങ്കീർണ്ണപിഞ്ഛരിക പീശി,

മർത്ത്യഹൃത്തിനടിത്തട്ടിലെത്തി-
ത്തത്തി മാസ്മരനൃത്തം നടത്തി!

അപ്രതിമപ്രതിഭയിൽ മങ്ങാ-
തുജ്ജ്വലിക്കും മയൂഖനാളങ്ങൾ,

ഇന്ദ്രചാപങ്ങൾ നെയ്തനെയ്താട്ടം
സുന്ദരമാമബ്ഭാവനതന്നിൽ,

ചിത്തമൊന്നായ്ക്കവന്നിട്ടുമോരോ
ചിത്രവംക്തികൾ മേളിച്ചിണങ്ങി,

ചിന്ത പൂത്തും തളിർത്തും പുളകം
ചിന്തിനിന്നു സൂക്ഷ്മയിൽ മുങ്ങി.

പുറമിറുപ്പടന്നതിൽത്തങ്ങി
കുറമറ കലാത്മകഭംഗി.

ഹാ, മരതകപ്പച്ചയൊലിക്കും
കോമളശ്രീയമുനാതടത്തിൽ,

നിത്യപുരുഷനച്യുതൻ, കൃഷ്ണൻ,
നിത്യനാരിയാം രാധയുമായി,

ആത്തരാഗം രമിച്ച രംഗങ്ങൾ-
ക്കാത്മമീവിപുലമാം രൂപമിണക്കി,

പുല്ലുഗാന്ധവ്വമാധുര്യമുൾച്ചേർ-
ന്നുല്ലസിച്ചിതപ്രേമഗാനങ്ങൾ!

മഞ്ജരി—രാജകന്യതൻ തോഴി—
മഞ്ജിമയ്ക്കൊരു കുഞ്ഞലയാഴി

ഉണ്ടവൾക്കൊരു ചെമ്പനിനീർപ്പൂ-
ച്ചെണ്ടിനൊപ്പം ചിരിക്കുന്ന ചിത്തം!—

അംഗുലിയൊന്നനങ്ങുകിൽ, ഗാനം
വിങ്ങിടും വീണപോലൊരു ചിത്തം!—

സ്പന്ദനങ്ങളിൽ സൗരഭം തേങ്ങും
മന്ദവായുപോൽ നേർത്തൊരു ചിത്തം!—

സാന്ദ്രികാസ്വപ്നങ്ങളെപ്പുൽകി-
സ്സല്ലപിക്കുന്ന സന്മൃതചിത്തം!.....

ആ നടപ്പാത നിർജ്ജനമായി-
പ്പൂനിലാവുലഞ്ഞാന്തി വരുമ്പോൾ,

കട്ടിപെച്ച നിഴലുകൾ മുന്നിൽ
മുട്ടുകുത്തി നമസ്കരിക്കുമ്പോൾ,

ഗായകാലയപാർശ്വത്തിലൂടേ
ഗാനസാന്ദ്രമാം നെഞ്ഞിടിപ്പോടേ,

സ്നാനകർമ്മാർത്ഥമാറുവക്കത്തേ-
യ്ക്കാനതാംഗിതന്നാഗമം കാണാം.

പോയിടാതെ കവിയുടെ പീഠിൽ—
പോയിടാറില്ലവളൊരു നാളും.

കാലമേഞ്ഞു, മൺഭിത്തികളോടും
ശ്രീലഹർഷസച്ഛ്മതയോടും;

ഉച്ചയെയ്തുമഴിച്ചിറങ്ങാതേ
പച്ചകെട്ടിയ പന്തലുപോലെ,

നാലുദിക്കിലും പൂമരം തിങ്ങി
ലോലമമ്മരം മാറാതിണങ്ങി,

മന്ദവായുവിൽ പൂമഴ വീഴും
സുന്ദരാങ്കണവീഥികളോടും;

ലാലസിയ്ക്കുമക്കൊച്ചു കുടിലിൽ
കാലുകഴുത്താൻ കഴിവതുപോലും,

ഭാഗ്യമെന്നോത്തു നിത്യപ്രശംസാ-
യോഗ്യമാശ്ലോകന്യായമുദിക്കും.

ദീപദീപ്തമാ മച്ചിൽ, സുഗന്ധ-
ധൂപലാളിതയായൊരു കോണിൽ,

അങ്കിതലതാപുഷ്പാദിചിത്ര-
സങ്കലിതമാം കൊച്ചു പുൽപ്പായിൽ;

തെല്ലിടം ചാഞ്ഞു കൈ നിലത്തൂന്നി,
മുല്ലമൊട്ടൊന്നു ചെഞ്ചുണ്ടിൽ മിന്നി,

ഹാ, വലംകൈത്തളിരിൽച്ചിബുകം
പൂവിതൾപോലലസമായ്ത്താങ്ങി,

പ്രീതിപൂവ്വം ചടഞ്ഞിരുന്നോരോ-
ന്നോതിടുന്നതു കേട്ടു രസിപ്പൂ;

എത്ര ഗന്ധർവ്വലോകം കടന്നാ
മുഗ്ധകന്യകാചിത്തം പറന്നു!

നിർമ്മലാശയൻ ഗായകൻ തൂകും
നർമ്മസൂക്തത്തിരമ്പാത്തിലൂടെ,

എത്ര വിദ്യുൽപ്രഭാപങ്ങൾ ചുറ്റി-
ത്തത്തിയാ സ്വപ്നലോലയൗവ്വനം!

നീലിമയിൽക്കിനാവുകൾ നീന്തും
നീണ്ടിടംപൊട്ടൊരാ മിഴി രണ്ടും,

മിന്നി മിന്നി, മനോഹരസ്മേരം
ചിന്നി, നക്ഷത്രരേണുക്കൾ പൂശും!

ആ വിലാസിനി തൻതളിർപ്പട്ട-
ദ്യാവണികൾതൻ വർണ്ണപ്രിയത്തിൽ,

കറുവാർകുന്തൽ പൂവെച്ചു ചീകി-
ക്കെട്ടി മോടി ചമയ്ക്കുമാ മട്ടിൽ,

അല്പനാളായഭിനവകാമ്യ-
കല്പനയൊന്നു വേറിട്ടു കാണാം.
ആടയാഭരണാദികളാലാ
മോടികൂട്ടുന്നതാരാസ്ഥികൾക്കാൻ?

കക്കിൽ മൺകുടം പെറ്റു, കിണറ്റിൻ
വക്കിലെത്തുന്ന നാട്ടുപെണ്ണുങ്ങൾ,

കായ്യ കൈ കഴത്തോരോന്നൊളിവിൽ -
ക്കാണിനേരം പരസ്പരം നോക്കി,
തെല്ലസൂയ തികട്ടി വിഴുങ്ങി
മെല്ലെയൊന്നു ചിരിച്ചുതിൻശേഷം,
തമ്മിലെന്തോ കുണുകുണുത്തൊന്നോ -
ടൺമയിൽച്ചെന്നൊരുത്സവംകൂടി.
ശിഞ്ജിതംപോലിടയ്ക്കിടെപ്പൊങ്ങി
മഞ്ജരിയെന്ന പേരിൻറെ ഭംഗി!.....

അമ്പലക്കുളം,മാപണം, രഥ്യാ -
മണ്ഡലം, വഴിയമ്പലം, സത്രം,
എന്നുവേണ്ടൊരു നാലുപേർ നാട്ടി -
ലൊന്നുചേരുമിടങ്ങളിലെല്ലാം,
മഞ്ഞിനെപ്പുനിലാവുപോൽപ്പുൽകീ
മഞ്ജരീശേഖരാഖ്യകം തമ്മിൽ!

വല്ലതുമൊന്നു കിട്ടിയാലേറെ -
ച്ചൊല്ലുവതാണു ലോകസ്വഭാവം.
എന്നുമല്ലിതിൽക്കുറ്റപ്പെടുത്താ -
നൊന്നുമില്ല ജനങ്ങളെയാരും!
ശേഖരനൊരു കാരണം പാകി
ശാഖകളതിനന്യരുമേകി.

മന്ദിരാന്തവിജനതയിങ്കൽ
മഞ്ജരിയുടെ സന്ദർശനങ്ങൾ,
തന്മനസ്സിനു സമ്മതമാമൊ-
രുന്മദാസ്പദമാണെന്ന സത്യം,
പാരിൽനിന്നൊളിയ്ക്കാനൊരുനാളും
പാടുപെട്ടില്ലവനണപോലും!

മഞ്ജരി—ലസൽത്രൃക്ഷരി—ശബ്ദ-
രഞ്ജനതൻ മൃദുമധുമാരി;
അത്ഥമോ?—തുമലർക്കലയെന്നാ-
ണെത്ര മാധുര്യപൂർണ്ണമാ നാമം!
ഹന്ത, സാധാരണക്കീയഭിജ്ഞ-
യ്ക്കെന്തഴകൊന്നിതിൽപ്പരം വേണം?
എങ്കിലും, രുചി പൂർണ്ണമായീലാ
തൻകരളിൽക്കവി,യ്ക്കുത്തമൂല്യം,
ഭംഗിക്കുട്ടാനപ്പേരിനൊരോമൽ-
ത്തൊങ്ങൽക്കൂടിത്തൊടുത്തിട്ട ധന്യൻ
അങ്ങനെ, വെറും മഞ്ജരി പേർത്തും
പൊങ്ങി വാസന്തമഞ്ജരിയായി!
'ചിത്ര!'മെന്നായ് ച്ചിരിച്ചു സാമാന്യ-
മർത്ത്യർ കേട്ട തലയാട്ടിയോതി!!

* *
*

മൂന്നു്

വന്നു ചേന്നു വസന്തം — വനശ്രീ-
യണ്ണലഞ്ഞു വഴിഞ്ഞു ചിരിച്ചു.
തത്തിയെത്തുന്ന തൈമണിക്കാറിൻ
തല്ലമേറിസ്സുഗന്ധം മടിച്ചു.
വണ്ടു വന്നു വലംവെച്ചുരുമ്മി-
ത്തണ്ടുലയുന്ന താമരപ്പൂക്കൾ,
പാടലശ്രീ പകന്നിടത്തിങ്ങി
സ്സാടികോജ്ജ്വലവാപികൾ മിന്നി.
നീട്ടി നീട്ടിക്കുറുക്കിക്കുറുക്കി-
ക്കൂട്ടിൽ നീളെക്കരിങ്കുയിൽ കൂകി.
പൊന്നൊലിയ്ക്കുമിളവെയിൽച്ചാലിൽ
മിന്നിയാട്ടം തളിർക്കുലച്ചാത്തിൽ,
നുണ്ണിറങ്ങിക്കറങ്ങിപ്പതുങ്ങി-
ത്താണയൻ പൂമ്പാറ്റകൾ പാറി.

Mohamed Ali.

താലി മാലകൾ കെട്ടിക്കണ്ണാടി-
ത്തായ്മരം ചേർന്ന വല്ലി നിന്നാടി.
അഷ്ടദിഗ്വധൂതങ്ങളേന്തി
തുഷ്ടി തുകം ഹിരണ്മയകാന്തി!—

ഏവമോരോ വിലാസങ്ങൾ നേടി-
ബ്ഭാവമോഹനമായൊരൈശ്വര്യം,
നൽകി നൂതനചോദനം മേന്മേൽ
പുൽകി ദീപ്തമാം ശേഖരചിത്തം!

ഭാവനക്കുളിത്തോണിയിലേറി-
ദ്ദേവഗംഗയിലങ്ങിനെ പൂരി,
ഉർവ്വീപുളകമണിഞ്ഞണിഞ്ഞോമൽ-
ക്കല്പപുഷ്പമധുളികൾ മൂടി,
നന്ദനോദ്യാനസൗന്ദര്യസാരം
സ്പന്ദനങ്ങളിൽക്കുട്ടിക്കലർത്തി,
ജന്മജന്മാന്തരങ്ങളിൽത്തങ്ങും
നന്മയൂറിയൊഴുകിയൊന്നായി,
കമ്മവൈഭവാഖ്യമക്കാവ്യ-
കമ്മയോഗിതൻ മാനസം പാടി!

അന്നു ശേഖരഗാനത്തിൽ നീന്തി
വന്നു രാജസദസ്സിൽ വസന്തം.

കണ്ടു കൺപൂട്ടി ശ്രോതാക്കൾമുന്നിൽ—
ച്ചെണ്ടുലഞ്ഞ ഹരിതവനാന്തം.

കേട്ട ചുറ്റും ചിറകടിയ്ക്കൊപ്പം
കൂട്ടപോവും കളകളഘോഷം;

ശംഖനാദസമാനം മുഴങ്ങി—
സ്സംക്രമിക്കും മധുകരരാവം!

ഏതു ലോകമി,തേതാഭിചാര—
സ്ഥിതശക്തിതൻ പൂർണ്ണവിപാകം?

ഏതു രംഗമി,തെന്തഭിമാദ—
തന്ത്രികകൾതൻ മാന്ത്രികോത്സംഗം?

ഹാ, ജനൗഘമെവിടെഗ്ഗമിച്ചു?
രാജസൗധവുമെങ്ങെങ്ങൊളിച്ചു?

എങ്ങു ഭ്രഷ്ടരൻ, രാജസദസ്സെ—
ങ്ങെങ്ങുപോയിതദ്ഭായകൻ പോലും?

കനവുമി,ല്ലൊക്കെ മിത്ഥ്യയാണുള്ള—
തൊന്നുമാത്രം—ആ വർണ്ണപ്രപഞ്ചം!—

വിഭ്രമോന്മുക്തചേതനയാത്മ—
വിസ്മൃതിയെപ്പുണരുന്ന മഞ്ചം—

സത്യസൗന്ദര്യസത്തകൾ പൂത്ത
നിത്യശീതളശ്രീലനികുഞ്ജം—

ജാതമോദമെങ്ങോറ്റ ഞൊടിയിൽ
നീതരായിതാശ്രോതാക്കളെല്ലാം.

ആന്ദമത്തിരുൾനീലയ്ക്കുപിന്നിൽ-
നിന്നുതിന്ന വളക്കിലുക്കങ്ങൾ.
ഭിത്തിമേലിടയ്ക്കുവ്യക്തമായി-
ത്തത്തിയേതോ നിഴലുകളാടി.
പൂത്ത പൊൻകൊന്നപ്പൂങ്കാവുപോലെ
പൂനിലാവു പരന്നതുപോലെ;
ലോലസുസ്മിതമാലകൾപോലെ
ലാലസിച്ചിതാ മഞ്ഞതെറികൾ.
ഗായകാത്മാവിലേയ്ക്കുനിന്നും
പായുകയായൊരാവേശനാളം!...

കേവലം ഗാനമല്ലതൊരേതോ
ദ്രാവകീകൃതസ്വപ്നസാമ്രാജ്യം.
തൽപ്രവാഹത്തിലേതോ ജഗത്തേ-
യ്ക്കിപ്രപഞ്ചമൊലിച്ചുപോയി.
തണ്ടലർപോൽ വിശേഷിച്ചതിങ്കൽ
രണ്ടുചിത്തം വിടർന്നുനിന്നാടി.
രാജകന്യകതൻ കടക്കണ്ണിൽ
രാജസമൊരു ലാളനം ക്ലമ്പി!...

*　　*　　*

ആ വസന്തവിലാസാപഹാന-
ഭാവഗാനങ്ങൾ കേട്ടതിൻശേഷം,

മന്ദഹാസമോടാത്താനുഭാവം
മന്ത്രവനനം ചോദിച്ചിതേവം: —

"പുല്ലുപുഷ്പപ്രസന്നമായുള്ളോ-
രുല്ലസൽചൈത്രരാജാങ്കണത്തിൽ,

മത്തടിച്ചാത്ത മൂളുകയെന്നേ
മാറുയാതൊന്നും മക്ഷികയ്ക്കില്ലേ?..."

തെല്ല കണ്ണൊന്നു ചിമ്മിച്ചിരിച്ചു
ചൊല്ലി മെല്ലെക്കവീന്ദ്രനമിത്രം: —

"ഉണ്ട്—വാസന്തമഞ്ജരിതൻ തേ-
നുണ്ടിടും ജോലിക്കൂടി,യെൻ സ്വാമിൻ!..."

കൂട്ടമായിതു കേട്ടു ചിരിച്ചു
കേട്ടനിന്നവർ രാജസദസ്സിൽ!

ഗായകവന്ദ്യനേകിയ നാമ-
ധേയമംഗീകരിച്ചതായ്ക്കേൾക്കെ,

മഞ്ജരിസ്സുന്ദരജിതകുമാരി
മന്ദഹാസം പകർന്നേകിപോലും!

മഞ്ജരിതൻ മനസ്സിലാനന്ദ-
മമ്മരങ്ങൾ പൊടിഞ്ഞിതുപോലും!—

ഒത്തുചേരുന്നു ജീവിതംതന്നിൽ
സത്യവും പൊയ്മുമാവിധം തമ്മിൽ,

എങ്ങുമീശ്വരൻ തീപ്പുതിൽ, സ്വന്തം
തൊങ്ങൽ കുട്ടിയിണക്കുന്നു മർത്ത്യൻ.

അക്കവീശ്വരഗാനങ്ങളെന്നാ-
ലൊക്കെയൊന്നുപോൽ സത്യങ്ങൾമാത്രം.

ആടിമാത്രതൊട്ടുള്ളാത്മഖേദം
ഏതുമന്തമൊന്നില്ലാത്ത മോടം—

നിത്യഭാവങ്ങളേവമിണങ്ങി
നിസ്തുലങ്ങളഗ്ഗാനങ്ങൾ മിന്നി!!

* *
*

നാല്

നാട നീളെപ്പരന്ന യശസ്സിൻ
സ്ഫാടികാഭയിലാമഗ്നമായി,
പൂജതൻപൂർണ്ണകുംഭാഭിഷിക്ത-
രാജഗായകനാമം വിളങ്ങി!

പുല്ലണിപ്പച്ചത്താഴ്വരക്കാട്ടി-
നുള്ളിലാട്ടകൾ മേഞ്ഞലയുമ്പോൾ,
ശ്യാമളസരിൽത്തീരത്തിലോരോ
പൂമരം ചേർന്നിരുന്നിടയന്മാർ,
സച്ഛശേഖരഗാനങ്ങൾ വഷ്നി-
ച്ചുച്ചവെയ്ലിൽ നിലാവു പരത്തി!

കാറുപായ്ക്കട നീത്തിപ്പിടിച്ച-
ങ്ങാറിൽ നീങ്ങുന്ന തോണികൾക്കുള്ളിൽ,
ഭാവമൊപ്പിച്ചു നേർപ്പിച്ചു നീട്ടി-
ക്കേവുകാരാക്കവിതകൾ പാടി!

താരകകളം വിളറി,ക്കിഴക്കിൻ
താമരപ്പൊയ്ക പൂത്തുല്ലസിക്കെ;
വൃക്ഷരാശിയിലങ്ങിങ്ങുണർന്ന
പക്ഷികളോരോ കീർത്തനം ചൊൽകെ;
ശീകരാർദ്രമാം വായുവിൽ, നേർത്ത
പൂഗഗന്ധമൊളിച്ചുകളിയ്ക്കെ:
കങ്കണങ്ങളം കിലുങ്ങിക്കിലുങ്ങി
മങ്കമാരത്തയിർ കലക്കുമ്പോൾ,
ഗ്രാമഗേഹമുഖങ്ങളിൽനിന്ന-
പ്രേമഗാനങ്ങളം ചീർപ്പുവിട്ടെത്തി:
താലി പൊട്ടിച്ചൊരോമൽക്കൃഷക-
ബാലികതൻ സ്മൃതികളെപ്പോലെ!

ചന്ദ്രശാലയിൽ, ഗ്രീഷ്മാന്തശാന്ത-
ചന്ദ്രികാമയമാകിയ രാവിൽ;
രോമഹർഷങ്ങളം തിങ്ങി ശ്വസിക്കും
കാമുകൻതൻ മലർമടിത്തട്ടിൽ;
ആഞ്ഞുപുൽകവേ, ലജ്ജിച്ചു താനേ
ചാഞ്ഞു വീഴും പ്രഭവരപുത്രി,
കൊക്കുരുമ്മാനിണയടുക്കുമ്പോൾ
കൊഞ്ചി നീങ്ങും കയിൽപ്പേടപോലെ,

പ്രേമസാന്ദ്രസാകൂതസ്മിതത്തോ-
ടാ മനോഹരഗാനങ്ങൾ പാടി!

ആറരണ്ടേ വരുതിയിൽ വെള്ളം
തൊട്ടിടാതെ, വയലുകൾക്കുള്ളം,

കത്തിടുമ്പോൾ, കനിവിൻ കഴുത്തിൽ
കത്തിവെയ്ക്കാത്ത കഷ്കയോധൻ,

കൊക്കരണിയിൽ തീളാവിട്ട തേകി
നില്ക്കും,യാപ്പാട്ടമൊപ്പമൊഴുകി!

പൂട്ട മാറി,പ്പുതുമഴ ചാറി-
പ്പാടമൊക്കെക്കുളിർക്കുന്ന നാളിൽ;

നീലമേഘത്തെ നോക്കിക്കുടക-
പ്പാല കോൽമയിർക്കൊള്ളുന്ന നാളിൽ;

ഉച്ചനേരത്തു പൊത്തിലൊതുങ്ങി-
ക്കൊച്ചരിപ്രാവു കുറുകുന്ന നാളിൽ;

ചേറിലങ്ങിങ്ങു ചേരിനിരന്ന
ഞാറുപാകും പുലപ്പെൺകിടാങ്ങൾ—

കൂട്ടിനുള്ളിലിരുന്നു കൂകാനും
ഭാഗ്യമില്ലാത്ത കൊച്ചരിപ്രാക്കൾ—

ചേലുമീട്ടമൊഴീണത്തിലൊന്നി-
ച്ചാലപിച്ചിതാഗ്ഗാനശതങ്ങൾ.

അന്തി മായുമ്പൊഴമ്പലമുറ-
ത്തന്തികത്തുള്ളരയാൽത്തറയിൽ,

വട്ടമിട്ടിരുന്നോരോ വിനോദം
തട്ടിമൂളിച്ചു, ധൂമങ്ങൾ ചിന്നി,

മാറി മാറിച്ചിലമ്പി കൈമാറി
മാദമാളുന്ന കാപ്പടികന്മാർ,

പാടി, രാധികാമാധവരാഗ-
ധാടി വായ്ക്കുമാദ്ദിവ്യഗീതങ്ങൾ!

ചന്ദ്രലേഖയൊരൽപം സ്മരിച്ചാൽ
മന്ദവായു വന്നൊന്നു മന്ത്രിച്ചാൽ,

ജാലകങ്ങൾ, സദനാങ്കണങ്ങൾ
ചോലവൃക്ഷച്ചുവട്ടകം, ളേവം,

എങ്ങുനിന്നുമെയന്നു നാടാകെ-
ത്തങ്ങിടുമക്കവിയുടെ ഗാനം!

പിച്ച യാചിച്ചലയുമോർപോലു-
മുച്ചരിച്ചിതാക്കാവ്യഖണ്ഡങ്ങൾ.

പൊൻമുടിച്ചൂടും മന്നവർപോലു-
മുണ്മയിൽപ്പാടിയഗ്ഗീതകങ്ങൾ—

എന്നുവേണ്ടൊക്കവിയുടെ ഗാന-
മൊന്നുരണ്ടു വരികളെന്നാലും

അല്ലലറ്റു ഹൃദിസ്ഥമാക്കീടാ-
തില്ല നാട്ടിലന്നൊറ്റൊരാൾ പോലും!...

ഖ്യാതി പൊങ്ങിയെന്നാകിലും ഗർവ്വ-
മേതുമേശാതഭിമതനായി,

നിത്യതൃപ്തി നകന്നില്ലസിച്ച
നിഷ്കളങ്കഹൃദയൻ കവീന്ദ്രൻ.

വന്നു സുന്ദരി മഞ്ജരി വീട്ടിൽ
ചെന്നതാനെന്നും രാജസദസ്സിൽ;

പാടി, മുന്നിലാ മഞ്ഞത്തെറികൾ-
ളാടി—നേരിയ ശിഞ്ജിതം ചിന്നി!

ശിഞ്ജിതങ്ങളും, ശിഥിലങ്ങളും, മുന്നിൽ
മഞ്ജുളങ്ങളാ മഞ്ഞത്തെറികളും!

നേർത്ത നീലനിഴലുകൾ,ളേതോ
വാസ്തവത്തിൻ മുഖാവരണങ്ങൾ!—

ആ യവനികയ്ക്കപ്പുറം, ദിവ്യ-
മായൊരജ്ഞാതഗൂഢപ്രപഞ്ചം!

തന്നനാർഭാടജീവിതാലംബ-
സ്പന്ദനങ്ങൾക്കധിഷ്ഠാനതാരം,

ഉല്ലസിപ്പതുണ്ടെങ്ങതി,ളേതോ
ഫുല്ലവിദ്യുൽ പരിവേഷപൂർവ്വം!

താനതിനെത്തന്നാത്മഗാനത്താൽ
താണ കൈക്കുപ്പിയച്ചനചെയ്തു!—

എന്തു ശാന്തിയാ,ണെന്താത്മഹർഷം!
എന്തു ദിവ്യപ്രചോദനാവേശം!

എത്ര ധന്യനാ,ണെത്ര സന്തുഷ്ടൻ
നെത്ര സംതൃപ്തനക്കവിവര്യൻ!

കന്മഷമറ്റരാജ്ജീവിതമോമൽ—
ക്കുമ്രകൽഹാരവാപിപോൽ മിന്നി!!...

* *
*

രാഗമോഹമദാദികൾ തങ്ങി
രാപകൽത്തിരയോരോന്നു നീങ്ങി.

ദക്ഷിണദിക്കിൽനിന്നാത്തണഞ്ഞു
ദക്ഷദക്ഷനൊരു കവിമല്ലൻ;

ശീതശാന്തശരൽക്കാലസന്ധ്യാ-
വേളിയിലൊരിടിവെട്ടുപോലെ—

സപ്തസാന്ദ്രസുഷുപ്തിയിലേക-
ഗൂഢമകപണദംശനംപോലെ—

ചാരുനൃത്തഗാനോത്സവമദ്ധ്യേ
ചീറിടുമൊരു വേമാരിപോലെ—

വ്യാപൃതഭാവകാവ്യകർമ്മത്തിൽ
വ്യാകരണവിഡംബനം പോലെ!

നാട്ടിൽനിന്നു തിരിച്ചു, താൻ ചെന്ന
നാട്ടിലെങ്ങും ജയക്കൊടി നാട്ടി,

ലോകമൊട്ടക്കെഴും കവിവയ്യർ-
ക്കാകമാനമടിയറവേകി,
അന്നൊടുവിലമരാപുരിയിൽ
വന്നതാണപോലാ മഹോദ്ഭണ്ഡൻ!

മുണ്ഡിതശീഷ്പചിണ്ഡ,മതിങ്കൽ
തുണ്ഡതുല്യം നട്ടക്കല്പകേശം.

ചന്ദനാങ്കിതസചിന്നലലാടം
നിന്ദ പൊങ്ങിക്കുമളച്ച നേത്രം.

കുഞ്ചിതാഗ്രമാം നാസ,യിന്നോളം
പുഞ്ചിരിയൊന്നു പുല്കാത്ത വക്ത്രം—

വല്ലകാലത്തതിനതു വന്നാൽ
പല്ലുമാത്രമിളിയ്കുന്ന വക്ത്രം.

കട്ടിയ കവിൾത്തട്ടകാം, കണ്ണം
മുട്ടി മിന്നിടും സപ്ണ്ണദ്രാക്ഷം.

കുങ്കുമസ്സചന്ദനരേഖാ-
സങ്കരാങ്കിതപങ്കിലഗാത്രം.

കൈയിലാ പീഠുപാള, പിൻപേ വാ-
ക്യ്യ പൊത്തിയ ശിഷ്യസമൂഹം.

ചുറ്റുപുണരുൽ മാറിലതേതോ
തറ്റുടുത്ത സജീവകങ്കാളം.

സവ്വശാസ്ത്രികവും, ഉരയും
ഗവ്വു, വൻപും, കുളിയും കുറിയും,

ഛാ, കുതർക്കം പിശുക്കും കുറുമ്പും
ലോകനിന്ദ കുനിഷ്ഠം കുശുമ്പും,

കൈയൊന്നിച്ചു ചേത്തൊന്നുണക്കാ-
നൊക്കുമെങ്കി,ലശ്ശാസ്ത്രിയോടൊക്കും!

കക്കശൻ കലി ചത്തുയന്നോറാ
കല്പിതന്നെയപ്പണ്ഡിതരാജൻ!!

വാക്കിലോരോന്നുമെട്ടുപത്തത്ഥം
വാ പൊളിച്ചും, പൊളിപ്പിച്ചു കൊന്നും,

ശ്ലേഷവും, ധ്വനി, പ്രാസം, യമകം
ശേഷമുള്ള സമസ്തകസത്തും,

അട്ടിയട്ടിയായ്ച്ചേന്നൊരു കീറാ-
മുട്ടിയായി മരവിച്ച പദ്യം,

ബദ്ധഗവ്വമൊടിച്ചു മടക്കി-
സ്സുദ്ധരച്ചട്ടക്കുട്ടിലടക്കി,

കാഴ്ചവെച്ചു നരേന്ദ്രനെ വാഴ്ത്തി-
ക്കാൽത്തളിരിലക്കാവ്യപ്രഭാവൻ!

പദ്യപാരായണാൽ പരം ഭ്രുവൻ
ഹൃദ്യമായോതി സസ്മിതമേവം:—

"ഭദ്ര, ഹേ, കവേ, സ്വാഗതം, നീണാ-
ളുദ്രസം ഭവാൻ വാഴുകായുഷ്മാൻ!"
മെല്ലെയൊന്നു നമിച്ചു സഗർവ്വം
ചൊല്ലിനാനിദം പുണ്ഡരീകാഖ്യൻ:—

"മന്ദിരേ, ഭോ, മദാഗമം, ശബ്ദ-
ചന്ദയുദ്ധാത്മമാണെന്ദ്ര, ധീമൻ!
കുത്ര കഥ്ചിൽ കശിതം, ഹാ, മൽ
ജൈത്രയാത്രാകലാഹകം, ശ്രീമൻ!
ദേഹി ദേഹി മേ വാഗ്രണഭ്രമൗ
ദാഹികപ്രതിദ്വന്ദ്വിയെ, സ്വാമിൻ!....."

കുനയന്കവീന്ദ്രനു നേരേ
കുണ്ണെറിഞ്ഞൊരു പുഞ്ചിരി തൂകി,
"ഉണ്ടു ഞങ്ങൾക്കു ശേഖരൻ"—മാനം
വിണ്ടുകീറാതെ കാത്തു മഹീശൻ!

സ്പന്ദനങ്ങൾക്കു തീവ്രതയേറി
സുന്ദരമാം കവിഹൃദയത്തിൽ—
അന്തരാത്മാഭയിൽ സപ്തവർണ്ണം
ചിന്തിമിന്നും മണിമുകുരത്തിൽ!
വാസ്തവത്തിൽ തനിക്കറിവീലാ
വാകുസമരമതെന്തെന്നു പോലും!

വാക്കുകൾ — അവർ യുദ്ധത്തിനെന്നോ?
പോർക്കളത്തിലവർക്കെന്തു കാര്യം?
തറുട്ടത്തു തുടയ്ക്കുവ തല്ലി-
പ്പറഞ്ഞലരോടെതിർപ്പവരാണോ?
കുട്ടികെട്ടുന്ന രക്തക്കളത്തെ-
പ്പുട്ടമെത്തയെന്നോക്കുവോരാണോ?
പ്രാണനിലാ നഖാഗ്രങ്ങൾ കോറി-
ശ്ശോണിതം നക്കി നില്പുവോരാണോ?
ദേവഹമ്മ്യങ്ങൾ തീവെച്ചു മാട-
പ്രാവുകളെപ്പിടിപ്പവരാണോ?
വാക്കിൽനിന്നാണു സർവ്വവും — അയ്യോ,
വാക്കുകൾ! — അവർ യക്ഷികളാണോ?
വൈചിത്ര്യമിതെന്തു, താൻ കണ്ട
വൈഖരികളഥോ, കുലസ്ത്രീകൾ!
കന്ദുകക്രീഡയാടിട്ടുമോമൽ-
സുന്ദരികൾ, സുശീലകൾ മാത്രം.
ശപ്തസംഗ്രാമഭൂമിയിലേയ്ക്കാ
സപ്തലോലകളെന്മുട്ട ചെല്ലും?
രോമഹർഷം വിതയ്ക്കുമക്കൈകൾ
ഭീമഖഡ്ഗങ്ങളേന്തിടുമെന്നോ?
ചുംബനങ്ങൾ തുളുമ്പിടുന്നോര-
ച്ചുണ്ടു രക്തംകുടിച്ചിടുമെന്നോ?

വിശ്വസിക്കാനരുതു തനിയ്ക്കീ
വിക്രിയാവൈകൃതങ്ങളെത്തെല്ലും!
—എങ്കിലു,മൊരു നൊമ്പരം തോന്നീ
തൻകരളിൽ കവിയ്ക്കെന്തുകൊണ്ടോ!

* * *

അന്നു രാത്രിയിലേകാന്തശാന്ത-
സുന്ദരമാം നിജാലയംതന്നിൽ,
വിഭ്രമനിദ്ര വീണ്ടും തൊട്ടുത്തു
വിശ്രമിക്കും കവിയുടെ മുന്നിൽ,
കുഞ്ഞുകുഞ്ഞല ചിന്തിയുലഞ്ഞാ
മഞ്ഞവർണ്ണയവനിക മിന്നി.
ഇല്ല ശിഞ്ജിത,മില്ല സുഗന്ധ-
മില്ല നേരിയോരാ നിഴലാട്ടം.
എന്തു മൂകത,യെന്തൊരു ശൈത്യം
എന്തസഹനീയോഗ്രജഡത്വം!
കണ്ണു പാടാൻ കഴിഞ്ഞെങ്കി,ലയ്യോ,
തന്നിൽനിന്നുമാപ്പാട്ടെങ്ങു പോയി?
ജീവനാണു തൻപാ,ട്ടതു പോയി
കേവലം താൻ വെറുംപ്രേതമായി!
പ്രേതമാണു താൻ—തൻപേരിൽ മേലിൽ
പ്രീതി തോന്നിയിട്ടാർക്കെന്തു കായ്യം?

അത്ഭുതം, മാ യവനികയെമ്മ-
ട്ടിത്ര വേഗം കരിന്തുണിയായി?

എങ്ങു പോയിതാ മഞ്ഞഞ്ചെറികളം?—
മംഗലത്തിൻെറ പൂപ്പുഞ്ചിരികളം!
അക്കരിമറതൻ പിന്നിലെന്താ-
ണഗ്നിനാളങ്ങളം, ചെന്തീപ്പൊരികളം!

കത്തിപോൽക്കൈവിരലുകളം മീതേ
തത്തിനില്പൂ നഖാഗ്രകോഗ്രങ്ങളം!
ചഞ്ചലിപ്പൂ തിരശ്ശയതിന്നോതിൻ
നെഞ്ചെരിക്കം തിരപ്പുറപ്പാടോ?.....

മാറിയാ മറ—പന്തങ്ങളാളി
മാരകമതെന്തുദ്ഭവിപ്പാളി!
അട്ടഹാസം, മാ ദംഷ്ട്രകളം—കണ്ടാൽ
ഞെട്ടം—എന്തു ഭയങ്കരസത്വം!

മുണ്ഡിതോച്ഛ്രിഖശീർഷമതാരാ-
പ്പുണ്ഡരീകൻ!—നടുങ്ങീ കവീന്ദ്രൻ!
കണ്ണു ഞെട്ടിത്തുറന്നു—തമസ്സിൽ
കമ്രതാരം പിളിപ്പൂ നഭസ്സിൽ!!.....

* *
*

പാടലബ്ബലിക്കല്ലിനു മുൻപൊ-
രാടിനെപ്പോലണ്ടോഞ്ഞു പൂളി,

പണ്ഡിതാഢ്യനെതിരേ, വിവർണ്ണ-
ഗണ്ഡനായ് കവി ചെന്നൊന്നു നിന്നു.

ധ്യാനലോലമാം പുഞ്ചിരിയോടേ
താണു കൈക്കുപ്പിത്താഴത്തിരുന്നു.

ഒന്നു ശീഷ്മനക്കിയതല്ലാ-
തൊന്നുമേ ചെയ്തീലുദ്ധതഗവ്വൻ.

പിന്നിൽ മേവുന്ന ശിഷ്യർതൻ നേരേ
പിന്നെയൊന്നർത്ഥഗർഭമായ് നോക്കി.

മത്സ്യലക്ഷ്മനിബിഡിതം വാണീ-
മത്സരാങ്കമാ മന്ത്രശാലാന്തം.

ശ്വേതഭിത്തികാശീർഷശാലാഗ്രേ
പീതലോലയവനിക മിന്നി.

അങ്ങു നോക്കവേ ഗായകവൃത്തി-
ലങ്ങുമിങ്ങുമൊഴിക്കിളിയോടി.

ധ്യാനപൂർവ്വം നമിച്ച പിന്നീട-
ജ്ഞാനലോലഹൃദയമിതോതി:—

"മത്സമീപേ വിജയമണഞ്ഞീ
മത്സരത്തിലിന്നൊന്നോ വരിക്കിൽ,
കാംക്ഷിതമാമിങ്ങവിരാമം
സ്നേഹത്രുടിണി, ദേവി, നിൻ നാമം!..."

ദേവി പൊങ്ങി മുഴങ്ങി—വണങ്ങി-
ച്ചോരപാലകൻ വാങ്ങിയൊതുങ്ങി.

"വെൽക, നാരായണാഖ്യൻ നരേന്ദ്രൻ
വെൽക, നാടിൻ പുരാപുണ്യചന്ദ്രൻ!"—

വാച്ച കേതിയോടൊത്തു കൈകൂപ്പി
വാഴ്ത്തിയുച്ചത്തിൽ വൈതാളികന്മാർ.

മാവ്വടമൊന്നിളകീ—ജനൗഘം
സാവ്വഭൗമനെക്കണ്ടേറുകുലുപ്പി.

വൈരധ്വളികൾ പാളിപ്പൂങ്കും
ഗൗരനീരാളധാരാഞ്ചലങ്ങൾ,

ചന്ദ്രകാന്തത്തറയിലിഴഞ്ഞു
മന്ദഹാസം മെഴുകിസ്രവിക്കെ;

വജ്രകുണ്ഡലം വെട്ടിത്തിളങ്ങി
വക്ത്രമണ്ഡലമീച്ചി വദ്ധിക്കെ;

മുഗ്ധകോടീരപുഷ്പകപിച്ഛം
മുത്തൊളിയിലിളകിക്കളിക്കെ;

മാറിൽ മഞ്ഞുമണിമയമാല്യം
മാരിവിൽ മാറി മാറി മഥിക്കെ;

ഹാ, പടേ പടേ രാജസശ്രീതൻ
വ്യാപിതാംശുക്കൾ പൂമഴപെയ്കെ;

അങ്കിതശസ്ത്രസജ്ജാഢ്യരായോ-
രംഗരക്ഷകന്മാരോടുംകൂടി;

കാന്തിതൻ നീലനീരലച്ചാലിൽ
നീന്തിനീങ്ങും ശരന്നുകിൽപോലെ;

വന്നു, ഹേമാംഗസിംഹാസനത്തിൽ
വന്ദ്യധാത്രീന്ദ്രവര്യൻ നിരന്നു.

ആദരമാന്നിടംവലമൊപ്പ-
മാളികൾ നിന്നു ചാമരം വീശി.

—അല്പമാത്രകൾ പോയി, ജനൗഘം
അപ്പൊഴേയ്ക്കുമൊന്നൽബുദ്ധമായി.

"വെൽക, ശേഖരൻ, രാജകവീന്ദ്രൻ
വെൽക സംഗീതവാസന്തചന്ദ്രൻ!..."

വാച്ച തുഷ്ടിയോടൊത്തു കൈയാട്ടി
വാഴ്ത്തിയുച്ചത്തിലാത്ത പൗരന്മാർ.

"വെൽക, പുണ്ഡരീകാക്ഷൻ, സുധീന്ദ്രൻ!
വെൽക, വിശൈകകാലാപകേന്ദ്രൻ..."

വർദ്ധിതാദരം പ്രാർത്ഥിച്ച പാശ്ച-
വർത്തികളായ ഭക്തശിഷ്യന്മാർ.....

പുണ്ഡരീകനെഴുന്നേറ്റു—ശാലാ-
മണ്ഡലാന്തം പ്രശാന്തത പൊറ്റു.

ധിക്കൃതത്തുള്ളലാൽ സ്വയം കണ്ണും
പൊക്കി, മുറിറി മുഴങ്ങും സ്വരത്തിൽ,

കാപടികൻ ന്യസ്തതിക്കുമ്പ-
ക്കാലിനു തീ കൊളുത്തിപ്പൂച്ച.

അക്കൃതിയിൽ ന്യായാലനൊരിക്കൽ
പൊക്കമുള്ളൊരു പർവ്വതമായി.

പിന്നെ വിസ്തൃതസാഗരമായി
പിന്നെയുഗ്രവനാന്തരമായി.

ചന്ദ്രനായ്നിന്നിട്ടിന്ദ്രനായ്മാറി
ചന്ദ്രഹാസമിളക്കിയലറി.

ബ്രഹ്മനായ്, വിഷ്ണുവായ്, ശിവനായി
ഷണ്മുഖനായി, വിഘ്നേശനായി.

മിത്രവത്സത്തിൽ കല്പകമായി
ശത്രുരാശിക്കു കാലനുമായി.

കാമിനിമാക്കു കൺകുളിരേകി-
ക്കാമദേവനായ് കാൽക്ഷണം മേവി

ഹന്ത, പാവം നൃപനെപ്പിടിച്ചെ-
ന്തിന്ദ്രജാലങ്ങൾ കാട്ടിയാ വീരൻ!

അഞ്ജിപീചികൾ പോലിരച്ചോത്ത-
ഖ്ഭിത്തികളിലടിച്ചു ചിതറി,

കേട്ടനില്പും ജനങ്ങൾതന്നസ്ഥി-
ക്കൂട്ടിനുള്ളിലൂട്ടുളിയിട്ടോടി,

ചിത്രസിച്ചിതക്കൗസ്തുതികൻതൻ
ചിത്രമപ്രയോഗചിഹ്നങ്ങൾ!

തൽക്കൃതിയിൽ ധനികളും മറ്റും
തിക്കുകൂട്ടും പരമരഹസ്യം,

കെട്ടഴി,ച്ചിഴയോരോന്നു പൊക്കി-
ക്കാട്ടി പിന്നെയക്കായ്യകണ്ഡൂലൻ.

ഹ്രസ്വമാകുമാ നാരായണാഖ്യ-
യ്ക്കുത്തമായിരമേച്ചേച്ചുകെട്ടി,

പന്തലിപ്പിച്ചുയർത്തിപ്പിടിച്ചോ-
രിന്ദ്രജാലത്തെ ദർശിച്ച നേരം,

ഒന്നൊഴിയാതെ കണ്ണും മിഴിച്ചു
നിന്നുപോയ് മത്സ്യരാജ ലവൃന്ദം!

പുണ്ഡരീകനിരന്നു—ഹാ, മത്സ്യ-
മണ്ഡലമൊന്നു മൂരിനിവർന്നു.

സ്വർണരാശിയ്ക്കിടകളിൽ, മത്സ്യ-
മാനസങ്ങളിൽ, മാറൊലി വീശി,

പിന്നെയും തങ്ങിനില്പതായ്ത്തോന്നി
മന്ദ്രഗംഭീരമാ സചരസ്പന്ദം.

അന്യദേശത്തുനിന്നണഞ്ഞോരാ-
ണന്യരോരോ മഹാപണ്ഡിതന്മാർ,

"പീര,നെന്തൊരു പീരൻ!"—എന്നിത്ഥം
പീരൊടൊന്നിച്ചു കൈയടിച്ചാർത്തു!

മന്നവന്റെനൊരുൽക്കണ്ഠ മെമ്പും
കണ്ണുചുവപ്പു കപിയുടെ കണ്ണിൽ.

കാതരമാം കടമിഴിയാലേ
കാവ്യകാരൻ സ്വപനെയും നോക്കി.

അസ്സമേറും കുതിക്കുവേ, മാർഗ്ഗം
മുട്ടി വീണൊരു മാനിനെപ്പോലെ,

പാട്ടുപെട്ടൊന്നെഴുന്നേറ്റു, പാവം,
പാട്ടുവാനായൊരുമ്പെട്ട നിന്നു.

മുത്തൊളിക്കവിൾത്തട്ടകം മങ്ങി
മുഗ്ധയെപ്പോലെ നാണിച്ചൊതുങ്ങി,

ലോലതയിൽ തരുണിമയാടി
ലാലസിയ്ക്കുമക്കോമളത്രുപം;

കുണ്ഡകീലകബന്ധമൊരുക്കി-
ക്കമ്പിയെല്ലാം മുറുക്കിയിണക്കി,

കന്നുതൊട്ടാലുടൻ പാട്ടുപെയ്യാ-
നന്നി നിന്നിടം വീണപോൽ തോന്നി!

നേത്ത സൗമ്യസ്വരത്തിൽ, നിജാസ്യം
താഴ്ത്തി ഗായകൻ ഗാനം തുടങ്ങി.

കന്നുമേ കേട്ടതില്ലതിലാദ്യ-
മൊന്നു രണ്ടു വരികളൊരാളും.

മന്ദമന്ദമശ്ലീഷ്ടമയന്നു
മഞ്ജുഗാനവുമൊപ്പം വളർന്നു.

ഒരുമാത്രം തെളിമയും ചേരു-
മൊത്തിണങ്ങിയൊരസ്വരനാളം,

പാളി മേലോട്ടു മേലോട്ടു, കുത്തി-
ക്കാളിടുമൊരു തീജ്വാലപോലെ!

ഭ്രുതകാലതിമിരാന്തരത്തിൽ
പാതി മാഞ്ഞു,മൊളിഞ്ഞും, തെളിഞ്ഞും,

ലാളസിയ്ക്കുമാ വിശ്രുതധാത്രീ-
പാലവംശപവിത്ര ചരിത്രം,

വാഴ്ത്തി,യോരോരോ സംഭവചിത്രം
കോർത്തിണക്കി രസാത്മകമാക്കി,

ഥാ, വിശിഷ്ടമൊരു ലഘുകാവ്യം
ഭാവസാന്ദ്രമായ് പാടീ കവീന്ദ്രൻ.

വീരകൃത്യസഹസ്രാപദാനം
ചോരയിൽനിന്നുറഞ്ഞൊരാ ഗാനം

വന്നു വന്നതു മുന്നിലാ മിന്നും
മന്നവന്റെ ചരിതത്തിലെത്തി.

കാട്ടമായ്ച്ചുടരക്തം ഞരമ്പിൽ
കേട്ടു നില്ക്കും പ്രജകളിലെല്ലാം.

വിഷ്ടപേന്ദ്രമുഖത്താക്കവീന്ദ്രൻ
ദൃഷ്ടി ബന്ധിച്ചു ഗാനമച്ചിക്കെ,

കേട്ട ചുറിലും കോൾമയിർക്കൊള്ളും
നാട്ടുകാർക്കെഴും ഭക്തിപ്രകർഷം,

തുഷ്ടിവായ്ക്കുമഗ്ഗാനത്തിൽനിന്നു-
മുഷ്ണഗന്ധപ്പുകച്ചുരുൾപോലെ,

പൊങ്ങിയുൻമലഞ്ഞങ്ങനെ ചെന്നാ
മന്നവേന്ദ്രന്റെ സിംഹാസനത്തെ,

ചുറ്റി, മാലാകലാപമിണക്കി-
പ്പുറ്റി മിന്നിടും മാതിരി തോന്നി!
അത്രമാത്രം മതിമറന്നോരോ
മത്സ്യഹൃത്തുമീയാശംസയേകി:—

"ഭാഷ പൂത്തും, വികാരം തളിർത്തും
ഭാവനയ്ക്കു പുളകം കിളിർത്തും,
ചോരയിൽച്ചേന്നലിഞ്ഞുപോം, ഗാന-
ധാരകളേ, ജയ, ജയ, നിങ്ങൾ!!..."

പാടവത്തിൽ, ധനാശിയിൽ, മെല്ലെ-
പ്പാടി നിർത്തിയസ്സായകനിത്ഥം:—

"പാക്കരകുമാരൻ മഹേന്ദ്രജാലത്തിൽ
തോല്പ്പുവാനിടയാകാമടിയൻ;
എങ്കിലും, പ്രഭോ, മാമകഹൃത്തിൽ-
തങ്കുമങ്ങയോടുള്ളൊരീ സ്നേഹം,
വാശിയെത്ര വടംവലിച്ചാലും
വാടുകില്ല കടുകിട പോലും."

പാട്ടു നിന്നു—കടക്കണ്ണിൽനിന്നു
കേട്ടു നിൽപോൽ കണ്ണീരു വന്നു.
ചീർത്തുയർന്ന ജനാവലി പെട്ടെ-
ന്നാർത്തോരാ ജയകോലാഹലങ്ങൾ

മത്തടിച്ചാക്കൽ മേല്പുമേൽ പൊങ്ങി
ഭിത്തിചുറ്റും കിടുങ്ങിക്കേറുങ്ങി.

മൂഢനെന്നാമട്ടാ മത്സ്യഘോഷ-
മൂഢഗർവ്വം തൃണപ്രായമാക്കി,

ചില്ലി രണ്ടും ചുളിച്ചു,തൻശീഷ്ടം
മെല്ലെയാട്ടി,ച്ചൊടിച്ചൊന്നു മൂളി,

പുണ്ഡരീകനെഴുന്നോറു മത്സ്യ-
മണ്ഡലത്തിലിച്ചോദ്യമെറിഞ്ഞു:—

"ചൊന്നിടുകൊന്നു സംശയിക്കാതെ
മന്നിലെന്തുണ്ടു വാക്കിനുമീതെ?..."

മുറ്റിനിൽക്കും ജനക്കൂട്ടമൊന്നോ-
ടൊറ്റമാത്രയിൽ നിശ്ശബ്ദമായി.

പുണ്ഡരീകൻ പ്രസംഗം തുടങ്ങി
മണ്ഡപാന്തം മുഴക്കെക്കേറുങ്ങി.

കെട്ടഴിച്ചു നിരത്തിയൊന്നൊന്നാ-
യൊട്ടസംഖ്യകം വിജ്ഞാനഭാണ്ഡം:—

വാക്കു, വാക്കാണു സൃഷ്ടിയിലാദ്യം
വാക്കിനില്ലൊരുകാലവുമന്ത്യം.

വാക്കു ശക്തിതന്നുത്ഭവകേന്ദ്രം
വാക്കുവാക്കതേ, വാക്കാണു ദൈവം!—

വൈഭവേന സമത്തിച്ചിതിത്ഥം
വൈഖരീവൈശ്രവണനിത്തതപം.

നാലു വേദവും ചിക്കിച്ചികഞ്ഞു
നാവടിച്ചടിച്ചാത്താക്കികാഗ്ര്യൻ

ഉല്ഖുതസ്മേരതജാലം പട്ടത്തൊ-
രുജ്ജ്വലോന്നതമണ്ഡപം തീത്തു.

മന്നിലെന്നല്ല വിണ്ണിലും പേറി-
ട്ടൊന്നുതിൻ മീതെയില്ലാത്തമട്ടിൽ;

വാച്യ ഭക്തിയോടാ മണ്ഡപത്തിൽ
വാക്കിനെപ്പൊക്കിപ്പൂജിച്ചുവെച്ചു.

പേത്തുപേത്തിടിവെട്ടം സഭയിൽ
വാത്തെറിഞ്ഞു സദസ്സിലച്ചോദ്യം:—

"ചൊന്നിട്ടുകൊന്നു സംശയിക്കാതെ
മന്നിലെന്തുണ്ടു വാക്കിനു മീതെ?"

ചുറുചുറുപ്പാട്ടം, മിഴികളിൽ ഗർവ്വം
മുറിനിന്നു, വൈതണ്ഡികൻ നോക്കി.

പുണ്ഡരീകനോട്ടുണ്ടായീലൊട്ടും
ഖണ്ഡനത്തിനൊരുത്തനും ധൈര്യം

പോർവിളികൊണ്ടിനിക്കായ്മ,യെന്തൊ-
രാവിയുമില്ലനക്കവുമില്ല.

ചെന്താരിയെക്കടിച്ചുകുടഞ്ഞു
മണ്ണിലിട്ടടിച്ചാത്തള്ളി മാന്തി,

എല്ലുകൾ കാന്നിറച്ചി കഴിച്ചു
പള്ള വീർപ്പിച്ചു സംതൃപ്തിയോടെ,

ഉത്തടസട മാടിയിരിപ്പോ-
രുഗ്രകണ്ഠീരവാഗ്രനെപ്പോലെ,

മണ്ഡിതസേഷശീഷ്ടം തുടച്ച-
പ്പുണ്ഡരീകൻ ഞെളിഞ്ഞൊന്നിരുന്നു.

"വീര,നെന്തു വിചാരഗംഭീരൻ!"—
വീറൊടൊത്താത്തു പണ്ഡിതസംഘം.

അപ്രതിമപ്രതാപനാം ഭൂപ-
നത്തുതസ്സുഖ്യനായ് മുന്നിൽ മേവി.

"അദ്രികല്പനപ്പണ്ഡിതൻ, താനോ
ക്ഷുദ്രമാകും ചിതൽപ്പുറ്റുമാത്രം!"

ലോലലോലമാം ശേഖരഹസ്തത്തിൽ
നുലു പാകിയിക്ലീബവിഷാദം!

അന്നു മത്സരമേവം കഴിഞ്ഞു
പന്തുവർ പലപാടും പിരിഞ്ഞു!...

* *
*

വാ തുറന്നൊന്നു മിണ്ടുമ്പൊഴേയ്ക്കും
പാടവാത്തയാണെല്ലുതന്നാക്കം.

പാനിലോളമുയർന്ന നാടാകെ
വാശി വാച്ചൊരാ വാഗ്ചാടഘോഷം.

"കണ്ടറിഞ്ഞിടാം, നാം തമ്മിലേവം
ശണ്ഠകൂട്ടിയിട്ടെന്തിതിൽ കായ്യം?..."

രണ്ടുകൂട്ടരുമൊന്നുപോലോതി
"കണ്ടറിഞ്ഞിടാം" — "കണ്ടോളൂ, കാണാം"

"കന്നു നിശ്ചയം ശേഗരൻ തോക്കും"
"ഞാനും കാക്ക മലന്നു പറക്കും!"

"താനിതിനെക്കുറിച്ചെന്തറിഞ്ഞു?" —
"താനറിഞ്ഞതേക്കാളുമറിഞ്ഞു."

"താനറിയും മരക്കൊള്ളികുത്താൻ" —
"താനറിയും വിമാനം പറത്താൻ"

"താനൊരു വെറും പുല്ലാഞ്ഞിമോറൻ"—
"താനോ?—താനൊരു വില്ലാളിവീരൻ!"

"നിന്നെ ചുമ്മാ ചെലയ്ക്കാതെ പോയേ!"—
"ഒന്നുപോടാ കൊരയ്ക്കാതെ നായേ!"

"എന്തു ചൊന്നെടാ ക്ഷുദ്രാളിമന്താ?"—
"മന്തനോ?—മന്തൻ, നോക്ക്, നിൻതന്ത!"...

വാക്കു മൂത്തു പടക്കങ്ങൾ പൊട്ടി
വാശി വീർപ്പിച്ചതച്ചെവിക്കുറി.

ആളുകൾ കൂടി, മദ്ധ്യസ്ഥരെത്തി—
ത്തോളുചേർത്തു പൊരുത്തപ്പെടുത്തി!

* * *

തൊട്ടടുത്ത ദിവസം സദസ്സി—
ലൊട്ടുപേർ പുത്തനായ് വന്നണഞ്ഞു.

എന്തു തിക്കും, തിരക്കും, വഴക്കും
ഹന്ത, വീർപ്പിടാൻപോലും ഞെരുക്കം!

മണ്ണിടകിലും ചോരാത്തമട്ടിൽ
മണ്ഡപത്തിൽ നിറഞ്ഞു ജനങ്ങൾ.

ശാലയിലില്ല സൂചികടത്താൻ—
പോലുമല്പമിടമൊരിടത്തും.

ഭിത്തികാഗ്രതടങ്ങളിലങ്ങി—
ങ്ങുത്തരങ്ങളിൽ, ജാലകത്തട്ടിൽ,

നിന്നൊത്തുങ്ങിയും തുങ്ങിയും തങ്ങി
വന്ന മുറിയ മത്ത്യപ്രവാഹം!

മന്നവേന്ദ്രനെ വന്ദിച്ചെഴുന്നേ-
റന്ന ശേഖരനാട്യമായ് പാടി.

*　　*　　*

ആ മനോഹരഗാനം വരച്ചു
ശ്യാമസുന്ദരവൃന്ദാവനാന്തം;

ചിത്തമാടകചൈത്രവിലോലം
ചിത്രശീതളയാമുനക്കുലം;

മന്ദമാരുതചുംബിതശ്വേത-
ചന്ദ്രികാവൃതയാമിനീകാലം;

വിണ്ണിൽ പെൺമുകിൽ വീപ്പിട്ട പൂൽകി
മിന്നിനിന്നിടും താരകജാലം;

അന്തരീക്ഷത്തിൽ മന്ദിതസ്പന്ദം
ചിന്തിടും നേത്ത ചെമ്പകഗന്ധം!—

എങ്ങുനിന്നെങ്ങുനിന്നെങ്ങുനിന്നീ
മംഗളാലാപമാവിർഭവിപ്പൂ?—

സ്വാപകൗതുകംപോലും മറന്ന
ശ്രോതകന്യകൾ മുറ്റത്തു വന്നു—

എങ്ങുനിന്നെങ്ങുനിന്നെങ്ങുനിന്നീ
മംഗളാലാപമാവിർഭവിപ്പൂ?—

നീലലോലാളകാവലി മാടി
നാലുപാടുമുഴന്നവർ നോക്കി—

"മന്നിൽ വിണ്ണി,ലെവിടെനിന്നൂറി
വന്നിടുന്നതാണീ വേണുഗാനം?

മന്ദമങ്ങിങ്ങു വീപ്പിട്ടലാത്തും
തെന്നലിൻ മുദ്ധഹൃത്തിൽനിന്നാമോ?

ഭൂദ്രിശൃംഗത്തിലെത്തിയലയു-
മഭ്രഖണ്ഡശതങ്ങളിൽനിന്നോ?

കുമ്മപുഷ്പിതമായിടുമേതോ
നമ്മസങ്കേതസ്ഥനയോടേ,

പൊന്നുഷസ്സിന്റെ നാട്ടിൽനിന്നൂറി
വന്നിടുന്നുവോ വണ്ണഗംഗേ, നീ?

വേഗവേപിതമായിടുമേതോ
വേദനതൻ നെടുവീർപ്പുമേന്തി,

അന്തിതൻ വക്കിലൂടൊലിച്ചെത്തി-
ച്ചിന്തിടുവതോ രാഗസുധേ, നീ?

ശർവ്വരിതൻ കിനാവുകൾ സർവ്വം
ദിവ്യസംഗീതധാരയിൽ മുക്കി,

ലാലസിക്കുമോ വേണുവിൻ സ്വപ്ന-
ജാലമോ, താരകങ്ങളേ, നിങ്ങൾ?

പുഷ്പവാടങ്ങൾ, കൈരാതകങ്ങൾ,
ശഷ്പശായിതശാദ്വലാങ്കങ്ങൾ;

പൂത്ത കായ്കനിത്തോപ്പുകൾ, ഹർഷം
ചാർത്തുമേകാന്തസൈകതകങ്ങൾ;

നീളെ നീളെയൊലിച്ചുപോം, വിണ്ണിൻ
നീലിമതൻ തരംഗരംഗങ്ങൾ,

നിർജ്ജനസ്ഥിരസ്ഥൈര്യം, ലോലം
പിച്ചവെച്ചുപോം പച്ചകൾ, ദേവം,

എങ്ങുനിന്നും ഞൊടിയ്ക്കുകം പൊട്ടി-
പ്പൊങ്ങി മാസ്മരസംഗീതമേ, നീ!

സാരമെന്തിതി,നാരതറിഞ്ഞു
ചാരുഗാനമേ, ഞങ്ങൾ വലഞ്ഞു!!.....”

എന്തിനോവേണ്ടി ദാഹിച്ചു ദാഹി-
ച്ചന്തരംഗമവക്കു തളർന്നു.

എന്തിനെന്നു പറഞ്ഞറിയിയ്ക്കാൻ
ഹന്ത, വാക്കില്ലവക്കെന്തു ചെയ്യും!

ഭംഗിയുമൊത്തവരുടെ കണ്ണിൽ-
ത്തൊങ്ങിനിന്നു, ഹാ, കണ്ണീർക്കണങ്ങൾ!

“ഇന്നീ ജീവിതപൂർണ്ണിമയിങ്ക-
ലൊന്നു ഞങ്ങൾ മരിച്ചിരുന്നെങ്കിൽ!

എന്തു നിർവൃതി!...” കണ്ണുകൾ ക്ലമ്പി,
ചെന്തളിരിൽ നിലാവു വിതുമ്പി,

സപര്യതുല്യ,മസ്സംഗീതകേന്ദ്രം
ലക്ഷ്യമാക്കി നടന്നവർ പോയി.

കണ്ണാടവിൽത്തുറക്കവേ—നില്പൂ
കണ്ണനു മൻപിൽ, പൂമരച്ചോട്ടിൽ!!

കന്ദളിതമദാലസയാമ-
ക്കൺമണി രാധ തോൾചേർന്നു നില്പൂ;

ഹാ, വലംകാലൊരല്പം മടങ്ങി-
പ്പൂവെതിരിടംകാൽത്തണ്ടുരുമ്മി;

തെല്ലിടംഗളം ചാഞ്ഞും,ഗ്രീവകൾ
ലല്ലലല്ലലം തത്തിക്കളിക്കെ,

ചുണ്ടിലോടക്കുഴൽചേർന്നു, ഹർഷം
ചെണ്ടിടുമൊരു പുഞ്ചിരിയോടെ;

താളമൊപ്പിച്ചു പീലിയിളകി-
ച്ചേലിലാവനമാലകളാടി;

ഗാനധാരയിൽ വിശ്വം മയക്കി
വേണുഗോപാലനങ്ങുല്ലസിപ്പൂ!

കാൽക്ഷണത്തിലത്താളക്രമത്തിൽ
കാൽച്ചിലമ്പൊലി ചുറ്റിലും വീശി,

വെമ്പലയൊന്നിച്ചു കൈകോത്തുലഞ്ഞ-
ച്ചെമ്പകകാംഗികൾ വട്ടമിട്ടാടി;

നീലനീരദരേഖയ്ക്കു ചുറും
ലോലചഞ്ചലാലേഖകൾ പോലെ!

കുമ്മമംഗല്യരാത്രിയ്ക്കു ചുറും
കന്യകതൻ പ്രതീക്ഷകൾ പോലെ!

ജ്ഞാനകന്നോരവസ്ഥയെ ചുറി
ജ്ഞാനഭക്തികമ്മങ്ങളെപ്പോലെ!

വെണ്ണിലാവിൻെറ വെണ്മ വളർന്ന
കണ്ണിമയ്ക്കാതെ താരകൾ നിന്നു.

കാളമൊന്നോടൊരുക്കിയൊരോമൽ-
ച്ചോലപോലാ യമുനയൊലിച്ചു.

ചുറഴിഞ്ഞു ലതാവലി താഴേ-
യ്ക്കാറുവീണോറു മൊട്ടിട്ടു നിന്നു.

തെന്നലുംകൂടി നിശ്ചലമായി
മന്ദാലിഞ്ഞലിഞ്ഞില്ലാതെയായി!—

കുന്നുമാത്രമുണ്ടോ വേണുഗാന-
സ്പന്ദിതമായ നാദപ്രപഞ്ചം!.....

* * *

ശേഖരഗാനമീവിധം മുകുന്ദ-
മേഖലയിലേയ്ക്കാത്മാവുയർത്തി.

അസ്സഭാഗൃഹം, രാജാ,വതിലീ
മത്സരം, മഹാമത്ത്യസമൂഹം,

അപ്രമേയപ്രധീയുതനായോ-
രപ്രതിദ്വന്ദി, പണ്ഡിതസംഘം,

തത്സമാധിയിൽ സർവ്വം മറന്നു
ചിത്സുഖത്തിലാ ഗായകൻ നിന്നു!

ചഞ്ചലഗ്രീഷ്മവായുവിൽ,ത്തത്തി-
ക്കൊഞ്ചിടും പച്ചിലകളെപ്പോലെ,

ചൂഴിലുമുള്ള, ചിന്തകൾക്കെല്ലാ-
മൊത്ത മദ്ധ്യത്തിലൊറ്റയ്ക്കു മേവി,

പ്രാണവേണുവിൽക്കൂടിയപ്രേമ-
ഗാനധാര പകർന്നു കവീന്ദ്രൻ!

നിന്നിടുന്നില്ല തൻതോളുരുമ്മി-
ട്ടന്യയാമൊരു രാധിക മാത്രം.

എങ്കിലും തൻമനസ്സിനു മുൻപിൽ
തങ്കിടുന്നൊരാ മഞ്ഞത്തിരമേൽ,

പീണ നീലനിഴൽപാടിൽനിന്നും
ചേണെഴുമൊരു മംഗളരൂപം,

വ്യക്തമല്ല—മുഖപടം മാറാ-
ത്തുത്തവിപ്പു, ഹാ, സ്വപ്നസമാനം!

കാൽത്തളിർവെപ്പിൽ ദൂരെനിന്നോതോ
നേത്തുനേത്തൊരു ശിഞ്ജിതം കേൾപ്പൂ!...

നിന്നു ഗാനം—ഇരുന്നു കവീന്ദ്രൻ
മുന്നിലൊക്കെ പ്രതിമകൾമാത്രം!

ഉണ്ടൊരാൾക്കു ചലനം—മഹാന-
പ്പുണ്ഡരീകൻ, മഹാഭാഗ്യശാലി!

മത്തുലക്ഷ്മുന്നിന്നു—പെട്ടെന്ന-
സംവൽലോകവുമെങ്ങോ പറന്നു.

വർണ്ണനാതീതമാമൊരാനന്ദം-
തന്നിൽ നിന്നുറുമേതോ വിഷാദം;

ഉൽകടം,മപ്രമേയം,മവ്യക്തം
ഉൾക്കളത്തിലുലാവിയുലാവി,

ഹസ്തതാഡനം ചെയ്യുവാൻപോലും
വിസ്മരിച്ചു വിറച്ചവർ നിന്നു.

ആത്മമേലൊരനുഭ്രതിയുൾച്ചേർ-
ന്നദ്സുപ്തിയിലാണ്ടുപോയ് ഭ്രവൻ...

തെല്ലുനേരം കഴിഞ്ഞീ വികാരം
മെല്ലെ മാഞ്ഞു മറഞ്ഞതിൻശേഷം,

പുണ്ഡരീകനെഴുന്നേറു രാജ-
മണ്ഡപാഗ്രേ നിവന്നൊന്നു നിന്നു.

"പിന്നീടൊന്നു ചൊല്ലിടുകാരാ-
ണിത്ര കീർത്തിച്ചൊരിക്കുമിതാക്കവി?..."

ആഞ്ഞൊറിഞ്ഞിതിച്ചോദ്യം കവിത-
ന്നാനനത്തിലാ വാടപ്രവീണൻ.

ഒന്നുമോതീല ശേഖരൻ,നൊന്നു-
മുന്നയിയ്ക്കാൻ തനിയ്ക്കില്ല തത്പരം.

കാളിടുന്നോരഹന്തയിൽ,ചൂഴ-
മാളുകഠതൻ മുഖത്തൊറുനോക്കി,

ഭേഷശിഷ്യസമൂഹത്തിനത്മം-
വെച്ചു കണ്ണാലൊരുത്സവമേകി,

പിന്നെയും ജനമദ്ധ്യത്തിലേയ്ക്കു-
പ്പണ്ഡിതനെടുത്തെറിയച്ചോദ്യം:—

"കാമുകൻ കൃഷ്ണനാരാണു നേരിൽ-
ക്കാമുകിയാമാ രാധയുമാരാം?..."

ശബ്ദമില്ല!—അശ്ലാഘ്യകൻ വേഗം
ശക്തിയായൊന്നു കൈകുലിച്ചാർത്തു.

പിന്നെ ഗംഭീരഗൗരവത്തോടേ
നിന്നുരക്കെ പ്രസംഗം തുടങ്ങി.

ആ മനോഹരനാമദ്വയത്തെ—
പ്രേമസൗന്ദര്യസാരോദയത്തെ,

ബുദ്ധിതൻ കത്തി കുത്തിയിറക്കി-
മ്പുദ്ധവീര്യം പിളർത്തി മലർത്തി,

ധാതു കിട്ടുവാൻ ചിക്കിച്ചികഞ്ഞു
വീതശങ്കം മദിച്ചിതാ ജ്ഞാനം!

ശകുതിചെയ്തൊരശ്ലീലസ്സുകൃതിയതൻ
യുക്തിവൈഭവം സാധുകരിയ്ക്കാൻ,

പാണിനി,യപ്പുതഞ്ജലി, വ്യാസൻ
ബാണഭട്ടൻ,നശ്ശങ്കരാചാര്യൻ

എന്നുവേണ്ടൊരു ദീക്ഷിതന്മാരാ-
ണന്നിറങ്ങിയതാ നാവിലൂടെ!

എട്ടപത്തത്മാന്ന ധാതുക്കൾ
കെട്ടുകെട്ടിയതാണുചോൽക്കൃഷ്ണൻ!—

നാവുകൊണ്ടു നിമിഷത്തിനുള്ളി-
ലേവമുൽക്കടപാടവമോടേ,

മല്ലവൈരിതൻ കണ്ണനൊരൊറാ-
ത്തല്ലിലക്കവിമല്ലനൊടിച്ചു!

നന്ദനന്ദനൻ കൃഷ്ണൻ മരിച്ചു
സുന്ദരനായ കൃഷ്ണൻ മരിച്ചു—

അത്മസന്തുഷ്ടമായ, കൃഷ്ണൻത-
ന്നസ്ഥികൂടമൊന്നങ്ങുയന്നോറു!...

ആ മനോജ്ഞഗാനത്തിൽ മുൻപ-
പ്രേമസാന്ദ്രയായ് സ്പന്ദിച്ച രാധ—

പുല്ലണിഞ്ഞ യമുനാതടത്തി-
ലുല്ലസൽപ്പൊൻകടമ്പിൻ ചുവട്ടിൽ;

പുല്ലശൈവലശീതളമാകും
നല്ല നീലശിലാതലമൊന്നിൽ;

കാന്തി ചിന്തുമക്കാൽത്തളിർ പുല്കാൻ
നീന്തിയോളങ്ങൾ വന്നോന്തിനില്ക്കേ,

അന്തിമാരുണകാന്തിയിൽ മുങ്ങി-
ക്കുന്തളാവലി കെട്ടുന്ന ചിന്നി,

ചെന്തളിർച്ചുണ്ടിൽ മന്ദസ്മിതമൊ-
ന്നെന്തിനോ വന്നലസമായ്ത്തങ്ങി,

അല്ലിലോടക്കുഴൽ വിളിച്ചെത്തും
വല്ലഭന്റെ കഴത്തിലണിയാൻ,

ചിഞ്ചിമാല കൊരുത്തുകൊ,ണ്ടോമൽ
സ്വപ്നവും കണ്ടിരുന്നൊരാ രാധ—

മഞ്ജുഹേമന്തചന്ദ്രികയിങ്കൽ
മന്മഥവ്യഥയേന്തിയ രാധ—

അന്യഗോപികാസംഗമശങ്കാ-
ജന്യഖേദപരവശയായി,

വൃഷ്ണിവംശശ്രീചിത്രകനാമ-
കൃഷ്ണനോടു ചിണങ്ങിയ രാധ—
നീലവേണിയഴിച്ചു വിതുക്കും
ശ്രീലകാളിന്ദിതൻ തടഭൂവിൽ;
പൂഞ്ഞമേളിച്ച വൃന്ദാവനത്തിൽ
പൂനിലാവല ചിന്നിയ രാവിൽ;
വാസുദേവനുമൊത്തൊരുമിച്ചു
രാസകേളികളാടിയ രാധ—
വിശ്വനായികമാക്കൊരു ശീഘ്ര-
മഴകുതികമാം മദാലസ രാധ—
വിശ്വനാഥന്റെ ഹൃത്തിനെപ്പോലും
വിഭ്രമിപ്പിച്ച സൗന്ദര്യധാര—
മോഹബദ്ധമീ ലോകത്തിലെന്നും
സ്നേഹദീപമായ് മിന്നുമാ രാധ—
അത്ര മോഹിനി രാധതൻമാറിൽ-
ക്കുത്തി താഴ്ത്തിയക്കാരവയോധൻ!
ഹന്ത, കഷ്ടമപ്പൂവുടൽപോലും
ചിന്തിമാന്തിയക്രൂശികവ്യാധൻ!
ധാതുമൂല,മപ്രേമസർവ്വസ്വം
പ്രേതമായ് പ്രാണനാഥനൊടൊപ്പം!
കോട്ടുവായിട്ടടിമുടി വേത്ത-
ക്കേട്ടുനില്പൂയോർ കണ്ണു മിഴിച്ചു.

ഫസ്സതാഡനഘോഷം മുഴക്കി
ബദ്ധകൗതുകം ശീഷ്മം കുലുക്കി,

മേളമോടേ, മതിമഠനേപം
മേവി മുന്നിലപ്പണ്ഡിതസംഘം.
ഒത്തുചേന്നിതവരോടൊന്നിച്ചാ
മത്ത്യപംക്തിയുമുത്സാഹപൂവ്വം.
"എന്തു പാണ്ഡിത്യ,മമ്പോ!" — ജനങ്ങൾ-
ക്കന്തരംഗത്തിലത്ഭുതം പൊട്ടി.
"എന്തു വേഷജ്ഞ,നെന്തു ഗംഭീരൻ
എന്തു താക്കിൽ,നെന്തൊരു വാഗ്മി!
കഷ്ടം,മീ വടവൃക്ഷത്തിനോടോ
പുൽക്കൊടി നില്പൂ മത്സരിച്ചീടാൻ!..."
ആത്മ കൈയടിച്ചുച്ചത്തി,ലുള്ളി-
ലോത്തിതേവമാ മാനവയൂഥം.

സത്യമുള്ളിലൊതുക്കി മറച്ചു
നിത്തിയോരത്തിരശ്ശീലയെല്ലാം,
കെട്ട പൊട്ടിച്ചു കീറിനിലത്തേ-
യ്ക്കിട്ട നില്പിതപ്പണ്ഡിതരാജൻ!
ഇന്നൊരു തടവില്ലാതെ തങ്ങൾ
മുന്നിൽ നേരിട്ട കാൺമിതസ്സത്യം!

വാച്യ ഗവ്വിലച്ചക്രാടകൻ തൻ
വാക്കുകൊണ്ടുള്ള കമ്പക്കുത്താട്ടം;

അമ്പരപ്പിച്ചു മത്സ്യത്തെയൊന്നോ-
ടിമ്പമാർന്നവരേറെം രസിച്ചു.
അപ്രകാരം മുഴങ്ങി, ഹാ, മേന്മേ-
ലത്ഭുതത്തിൻെറ കൂട്ടക്കുറാരാരം!

കാണിയും സത്യമൊന്നതിൻ പിന്നിൽ
കാണുമോ?—വെറും കമ്മട്ടമാണോ?
ശേഖരോന്മാഥിയാ വീരനിന്നോ-
രാഖനികബകൻ മാത്രമാണോ?—
കൂടിനില്പോരതാരാഞ്ഞറിയാൻ
പാടുപെട്ടി,ല്ലവക്കെന്തു കായ്യം!!

അത്രമാത്രമാവേശകമാകു-
മത്ഭുതംകൊണ്ടു കല്പിച്ച ഭ്രമൻ.
ഹന്ത, പാട്ടിൽ മയക്കംപിടിച്ചോ-
രന്തരീക്ഷത്തിനന്തരം കിട്ടി.
സ്വപ്നമൊക്കെപ്പറന്നു—യാഥാത്ഥ്യം
തപ്പുടിച്ച പടയണി തുള്ളി
ആ മരതകപ്പച്ചകൾപോയി
ഭൂമിയിൽക്കൂട്ടക്കൽപ്പാതയായി!

വാങ്ങ്മയഗന്ധമാദനത്തിങ്കൽ
വായുനന്ദനൻ ഭീമനെപ്പോലെ,
കണ്ട കല്ലും മരങ്ങളും തല്ലി-
ത്തുണ്ടുതുണ്ടാക്കി ദൂരത്തു തള്ളി,

വാദപ്രതിവാദങ്ങൾ പുരോഗമിച്ചു
വാടിടാതെ ഗമിച്ചൊരാ വീരൻ!—
തത്സമീപത്തു ശേഖരൻമാടത്തത്തതന്നിളം കുഞ്ഞുപോൽത്തോന്നി!

"എന്തു ഗാനങ്ങൾ, സാധാരണങ്ങൾ
ചിന്തയില്ല,തിലില്ലൊരു മൂക്കും.
കാറവാക്കുമില്ലുത്തമമായാ—
നൊത്തിടാത്തതായ്—കാവ്യമിതാണോ?
ഇല്ലതിങ്കൽ പുതുമയശേഷം
ഇല്ല ലേശവും ധർമ്മോപദേശം.
കാൽക്കഴഞ്ചു സംഗീതം കുഴച്ച
കാമജല്പനം കാവ്യമാണെന്നോ?
എന്തിനാണതു ലോകത്തി,നയ്യോ
ഹന്ത താനെന്തതോർത്തീലിന്നോളം?
വേണമെങ്കിൽത്തനിക്കുമെഴുതാ—
മാ നിലയ്ക്കുള്ളൊരായിരം ഗാനം.
കണ്ണുമാത്രം, മിനക്കെട്ടതിനാ—
യുന്നിയില്ല താൻ—അല്ലെങ്കിലിപ്പോൾ....."

മന്ത്രശാലയിലോരോ മനസ്സും
മന്ത്രണം ചെയ്തിതീഷ്യയോടേവം.

ചിന്തയിൽനിന്നുണർന്നു ചീറാന്നി—
ട്ടന്ത്യമായൊരുകൈയൊന്നു നോക്കാൻ,

ക്ഷോണിപൻ കാര്യകൃത്തിനെത്തൻ കൺ–
കോണവെച്ചൊന്നയത്നുവാൻ നോക്കി.
കത്തതി,ല്ലനങ്ങീ,ലൊരു ബിംബം
കൊത്തിവെച്ചതോ?—കോപിച്ച ഭൂപൻ.
"എന്തു ഭോഷനിശ്ശേഖരൻ!"—എവം
ചിന്തയോടേറനുഭാവപൂർവ്വം,
ഉജ്ജ്വലാഭം ഗളത്തിൽത്തിളങ്ങും
വജ്രമാല്യമെടുത്താത്തവേഗം,
പുണ്ഡരീകന്റെ കണ്ഠത്തിലിട്ട
മണ്ഡലം കൈയടിച്ചുടിച്ചാത്തു!
അത്തുമുലപ്പൂപ്പിൽക്കുലുങ്ങീ
കുഡ്മ്യകുട്ടിമനസ്സംഭകീർമ്മങ്ങൾ.....
ആ വിജയകോലാഹലം പൊങ്ങി–
ത്താപിയല്ലാല്ലമായ് സ്വയം താണു.
ഭിത്തികാഗ്രപ്പറയില്ലിയിങ്കൽ–
ത്തത്തുമക്കീണ്ണകഞ്ചലജാലം,
മിന്നിയപ്പൊഴും—പിന്നിൽനിന്നൊത്തീ
സന്താമം വസ്രധ്വനനനാദം.
മാലകൾ മണിമഞ്ജീരകങ്ങൾ
ലോലമായ്പ്പെയ്ത ശിഞ്ജാരവങ്ങൾ!—
കോപമയിക്കൊണ്ടു ശേഖരനേറു
കോമളമാം സഭാഗൃഹം വിട്ടു!.....

* *
*

എട്ട്

തോറാറു ശേഖരൻ!—അന്തി വന്നോതി-
ക്കേട്ടമാത്രയിക്കണ്ണുനീർ പൊട്ടി,
മുന്നിരുട്ടും പുതച്ചുവന്നെത്തി
മന്നിടത്തിലഗ്രീഷ്മാന്തരാത്രി!

പുണ്ഡരീകന്റെ ജ്യൈഷ്ഠാടനത്തിൽ
ഡുണ്ഡുഭാവലി കൈമണി കൊട്ടി.

മന്ദത വിട്ട ജംബുകവൃന്ദം
മുന്നുഭോച്ചണ്ഡനാദം മുഴക്കി.

കുപ്പകീടശ്രുതിയിടക്കുടി-
ക്കങ്കശായങ്ങൾ കാഹളമൂതി.

രണ്ടു പുള്ളോപ്പുമമ്പയിട്ടാത്ത്ത
കുണ്ടുമാക്രി കുരവയുതിത്ത്ത.

ഇന്ദുഗോപങ്ങൾ പന്തം കൊളുത്തി
കുന്തുളങ്ങൾ കളിമ്പക്കുത്താടി—

എവമാടോപഘോഷങ്ങളൊത്ത-
ന്നാവിധാനഗജന്മപ്പുരം വിട്ട!.....

അക്കൂടിലിനകത്തതാ കാൺമൂ
പൊൽക്കതിരുകൾ പൂത്തൊരു ദീപം;
മുറി മൂടും വിഷാദപ്പുടപ്പിൻ
കുറിരുട്ടിൽ മനശ്ശക്തി പോലെ!
ദുർവ്വിധിക്കാറുതുതിക്കെട്ടുത്താൻ
സർവ്വയത്നവും ചെയ്യുകയാണോ?

ഏഡുകോപാന്തപേടകംതന്നി-
ലീടെഴും മാറാട്ടക്കിയടക്കി,
വെച്ച കൈപ്രതിക്കെട്ടെടുത്തെല്ലാം
തച്ചുതുത്തിട്ട താഴെക്കവീന്ദ്രൻ.
എന്തതെന്താണവയിൽച്ചിലതിൽ?—
ഹന്ത, തൻബാല്യകാലകാവ്യങ്ങൾ!—
ജീവിതത്തീവെയിലല്ല, ശൈത്യം
താവിടും കാല്യകാലസ്മിതങ്ങൾ!
അക്ഷതികളെത്താനിന്നു, കഷ്ടം,
മിക്കവാറും മറന്നിരിക്കുന്നു!

എടുകൾ മറിച്ചൊന്നതിലങ്ങി-
ങ്ങോടിയോടിച്ച വായിച്ച നോക്കി.
ഒക്കെയോടുകൾ, തൊണ്ടുകൾ, പൊട്ട-
ക്കടുകൾ!—വെറും കൂട്ടിക്കളികൾ!

ആളിട്ടന്നോരവജ്ഞയാലൊക്കെ-
ത്താളുതാളായ് വലിച്ചൂടൻ ചീന്തി,
മുന്നിലാളും നെരുപ്പോടിനുള്ളി-
ലൊന്നിനൊന്നിട്ടെരിച്ചു കപീന്ദ്രൻ.
ചവ്വണം ചെയ്ത തീയത്തുത്തപ്ത-
യവനത്തിൻ പിപാസകൾ പോലെ!
പിന്നെ,യത്യന്തവേദനയോടേ
ചൊന്നിതിത്ഥമജ്ജ ചാലകൾ നോക്കി:—

"ആഗ്നിപുഞ്ജമേ, നിഷ്ഫലമായ് നി-
ന്നിത്രനാളുമെൻ ഹസ്തത്തിൽ നീ കത്തി,
മന്ദഭാഗ്യനായ് നിൻമുന്നിലിന്നാൻ
മഞ്ജിമേ, മനം നൊന്തു ഞാൻ നില്പൂ.
അപ്പണം ചെയ്യൂ ഞാൻ നിനക്കായെ-
ന്നത്ഥത്തുന്ന്യമാം സപ്തപുങ്ങളായ്മേ!
ഇഴ മഹിയിലെൻ ജീവിത,മയ്യോ,
ഹോമലേശമൊന്നായിരുന്നെങ്കിൽ,
തല്പരീക്ഷയിൽ മാറേറ റിയേറി-
ന്നജ്ജ ചലിച്ചീടുമായിരുന്നല്ലോ!
അല്ലയ്യ വെറും പുല്ലും,ഞണക്ക-
പ്പുല്ല്, ചിക്കിച്ചയ്ച്ചിട്ട പുല്ല്!
ആയതിലിനി ബാക്കിയായുള്ള-
തീയൊരുപിടിച്ചാമ്പലുമാത്രം!

അശ്മരാത്മവസുന്ധരേ, കൈക്കൊൾക-
കസ്മദഗ്നൃത്ഥമീ യജ്ഞഭസ്മം!!.....
നാഴികകൾ കടന്നുപോയ്—ദീപ-
നാളമാളിപ്പിടയുന്ന കാറിൽ!

വീട്ടിലുള്ള വിളക്കുകളെല്ലാം
കോട്ടമറ്റൊട്ടത്തെണ്ണചകത്തി,
പട്ടുനൂൽത്തിരിയിട്ടൊക്കെ നീട്ടി-
പ്പുഷ്പമോദം കൊളുത്തീ കവീന്ദ്രൻ.
ജാലകങ്ങൾ തുറന്നിട്ട—കാറിൽ-
ച്ചൂളമിട്ടാടിനിൽപ്പൂ മരുങ്ങൾ!
സ്വർണ്ണരശ്മികൾ പാവീട്ടിരുട്ടിൽ
മിന്നിയാ ദീപമാലകൾ മുന്നിൽ
അഷ്ടഗന്ധം പുകച്ചു, തല്പത്തിൽ-
പ്പട്ടെടുത്തു നിവത്തി വിരിച്ചു:
മുല്ലമൊട്ടുകൾ, വെൺചമ്പകപ്പൂക്കൾ
ഒല്ലുമല്ലികാപുഷ്പങ്ങൾ,ഭേദം,
പ്രീതിയേറാതെ തനിയ്ക്കിയന്നോരു-
ശ്വേതപുഷ്പങ്ങളെല്ലാമൊരുക്കി,
ഒട്ടധികം,മാ മിന്നിമിനുത്ത
പട്ടമെത്തയിൽ വാരി വിതറി.
പിന്നെ,യേതോ വിഷച്ചെടിയേറിൽ-
നിന്നു ഞെക്കിയെടുത്തതാം നീരിൽ,

തേനൊഴിച്ചിട്ടു,തുറിക്കടിച്ചു-
ജ്ഞാനലോലൻ കിടന്ന തല്പത്തിൽ!.....

* * *

പാരമാസ്യം വിളറിത്തളർന്ന
പാതിരാക്ഷീണചന്ദ്രൻ കിളർന്നു.

കാറിലാ മദച്ചാത്തൊന്നലഞ്ഞു
കാട്ടുപക്ഷിയൊന്നോതോ കരഞ്ഞു...

* * *

അമ്മലരണിമുറത്തൊരതോ
പൊന്മണിക്കാൽച്ചിലമ്പൊലി കോൾപ്പു.

തെന്നലിൽ നീന്തി നീന്തിയാ മച്ചിൽ
പന്നൊരു നേത്ത സൗരഭം നിൽപ്പൂ.

ശേഷിയറ്റു, മിഴി തുറക്കാതേ
ശേഖരനിടം ചോദിച്ചു മന്ദം:—

"എത്രകാലമായിന്നെങ്കിലുമി-
ബ്ഭീഭത്സാസനിലുൾക്കനിവേന്തി,

കന്നവനെയനുഗ്രഹിച്ചീടാൻ
വന്നിതോ നീയൊട്ടവി,ലെൻ ദേവി?....."

"വന്നു ഞാൻ, കവിരത്നമേ!..." ലജ്ജാ-
സന്നതസ്വരമൊന്നു മന്ത്രിച്ചു.

* * *

കെട്ടണഞ്ഞ വിളക്കുകൾ, ധൂപ-
ക്കുറികൾ, ഏകവിഫലദീപം!
ഹാ, നിലമാകെച്ചിന്നിച്ചിതറി
വീണ വാടിക്കിടക്കുന്ന പൂക്കൾ!
കത്തമദ്യത്തിൽപ്പുട്ടടപോലെ
കത്തിനീറിയടങ്ങിയ ചാരം!.....

* * *

കണ്ണശേഖരൻ ചിമ്മിത്തുറന്നു
മുന്നിലാരിതൊരംഗനാത്രുപം!
കാണുവാനുള്ള കെൽപൊക്കെ മങ്ങി
കാമിനിയവളാരായിരിക്കും?
ചിത്തമാം മണിശ്രീകോവിലിൽത്താ-
നിത്രകാലവും പൂജിച്ച രൂപം;
നേത്ത നീലനിഴൽപ്പാട്ടിൽനിന്നും
വാത്തൊരുജ്ജ്വലവിദ്യുത്സചരൂപം;
തന്നവസാനയാത്രയിൽ, ക്കാണാൻ
വന്നതല്ലല്ലി ബാഹ്യലോകത്തിൽ?...

നാവെടുക്കെക്കഴയും സചരത്തി-
ലാപിധിഹതൻ ചോദിച്ചു മന്ദം:—
"മായ മഞ്ഞപിഴിഞ്ഞു ഞെറിഞ്ഞോ-
രാ യവനിക നീങ്ങിയോ, മുഗ്ധേ?
സത്യമോതണേ, നീയെൻറെ സാക്ഷാൽ
മൃത്യുദേവതയല്ലയോ, ഭദ്രേ?..."

"അ,ല്ലല്ലജിതകുമാരി ഞാൻ!..."മെല്ലെ-
ച്ചൊല്ലിയല്ലസഭല്ലകീവാണി.

പാരവശ്യം വളർന്നു, കവീന്ദ്രൻ
പാടുപെട്ടൊന്നെഴുന്നേറ്റിരുന്നു.

മഞ്ഞവർണ്ണയവനികയിന്മേൽ
മഞ്ഞുമഴവില്ലുകളാടി
മന്ദമന്ദമതങ്ങനെ നീങ്ങി—
മന്ദഭാഗ്യന്റെ കണ്ണുകൾ മങ്ങി!

ശിഞ്ജിതദുകൂലാഞ്ചലനാദ-
രഞ്ജിതസപ്തസ്വരപിണിയായി,

സർവ്വസന്താപഭഞ്ജകമാകും
നിർവൃതിതൻ പരിമളം വീശി,

ദേവദുർല്ലഭമാകുമൊരാദ്യ-
ഭാവസാന്ദ്രമുദുസ്മിതം പൂശി,

വന്നതാ, ദിവ്യകല്യാണമൂർത്തി
മുന്നിൽ നില്ക്കുന്നു, സുന്ദരയ്യലക്ഷ്മി!!

തഴുകിത്തിരുതിപുടംതന്നി-
ലുയരുചലാപാംഗി മന്ത്രിച്ചിതിത്ഥം:—

"മത്സരത്തിൽ വിജയമങ്ങയ്ക്കാ-
ണഭ്യുകയാണു ഞാനിതൊന്നോതാൻ!

നീതിയായില്ല ചെയ്തതിന്നച്ഛൻ
നീരസം തോന്നരുതതിൽ, ദേവ!

അജ്ഞതൻ മൃദുഹസ്തത്തിൽനിന്നുറി-
പ്പൊങ്ങിടും ഗാനമെന്തൊരു ഗാനം!
ഏതു ലോകം തപസ്സുചെയ്താലാ-
ണെത്തിടുന്നതൊരിക്കലിഗ്ഗുഹം!
ഉത്തമകവേ, നന്നായറിവൂ
ഹൃത്തിൽ ഞാനതിൻ ദിവ്യമന്ത്രം!
ഇങ്ങിതാ നില്പൂ ഞാ,നിഗ്ഗുഹത്തിൽ
മംഗളജയമാല്യമണിയാൻ!...''

കോമളാംഗി, തൻകണ്ഠത്തിൽനിന്ന-
ത്തുമലർമാല കൈയിലെടുത്തു.
രോമഹർഷപരവശയായി-
ട്ടാ മഹാൻതൻ ഗളത്തിലണിഞ്ഞു!

ശിഞ്ജിതങ്ങൾ!—കവിയുടെ കണ്ണ-
മൊന്നു ചാഞ്ഞു... മിഴികൾ മറിഞ്ഞു.
''വൈകി, ദേവി!...'' മുഖത്തുടനേതോ
വൈകൃതം വന്നു... വൈഖരി നിന്നു.
ഉത്തരക്ഷണമക്കവിവര്യൻ
മെത്തയിന്മേൽ മരവിച്ചുവീണു!...

കെട്ട ദീപം!—നിഴൽച്ചുരുൾക്കുന്തൽ-
ക്കെട്ടഴിഞ്ഞു നിലാവു കരഞ്ഞു!!.....

(1820 വരി)


ERNAKULAM

ചങ്ങമ്പുഴയുടെ കൃതികൾ

രമണൻ	....	1	8	0
ദേവഗീത	....	2	0	0
സ്പന്ദിക്കുന്ന അസ്ഥിമാടം	....	2	0	0
അപരാധികൾ	....	1	0	0
ദിവ്യഗീതം	....	1	8	0
രാണപ്പൂക്കൾ	....	1	0	0
ബാഷ്പാഞ്ജലി	....	1	8	0
രക്തപുഷ്പങ്ങൾ	....	1	4	0
സങ്കല്പകാന്തി	....	1	4	0
ആകാശഗംഗ	....	1	0	0
കളിത്തോഴി	....	2	8	0
വത്സല	....	0	8	0
ആരാധകൻ	....	0	8	0
മോഹിനി	....	0	8	0
ദേവത	....	0	8	0
തിലോത്തമ	....	0	8	0
കലാകേളി	....	0	12	0
ശ്രീതിലകം	....	1	0	0
മൂഡാമണി	....	1	0	0
കരടി	....	0	8	0
വിവാഹാലോചന	....	0	8	0
അനശ്വരഗാനം	....	0	8	0
യവനിക	....	1	8	0
ഹേമന്തചന്ദ്രിക	....	1	8	0
സാഹിത്യചിന്തകൾ	....	1	0	0
നിർവൃതി	....	0	8	0
ദേവയാനി	....	0	8	0

1646

ചങ്ങമ്പുഴയുടെ കൃതികൾ (ഇടച്ച്)

മഞ്ഞക്കിളികൾ	....	1	0	0
കല്ലോലമാല	....	1	4	0
മൌനഗാനം	....	1	0	0
നിർവ്വാണമണ്ഡലം	....	0	12	0
അസ്ഥിയുടെ പൂക്കൾ	....	0	12	0
പാട്ടിനു പിശാച്	....	2	0	0
മദിരോത്സവം	....	2	0	0
സപ്തരാഗസുധ	....	2	0	0
ഉദ്യാനലക്ഷ്മി	....	1	2	0
മണിവീണ	....	0	12	0
മാനസേശ്വരി	....	0	6	0
മയൂഖമാല	....	0	9	0
സുധാംഗദ	....	0	15	0
അമൃതവീചി	....	0	12	0
പെല്ലീസും മെഹിസാന്ദയും	....	1	8	0
മാനസാന്തരം	....	1	8	0
പ്രതികാരദുർഗ്ഗ	....	2	8	0
കഥാരത്നമാലിക	....	1	2	0
നീറുന്ന തീച്ചൂള	....	1	4	0
തളിർത്തൊത്തുകൾ	....	1	0	0
രാഗപരാഗം	....	1	0	0
ഹനോലെ	....	1	8	0
നത്തകി	....	0	8	0
ശ്മശാനത്തിലെ തുളസി	....	0	12	0
പൂനിലാവിൽ	....	1	8	0
ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാള്യത്തിൽ	....	5	0	0
നവഭാവന (ശ്രീദേവി ചങ്ങമ്പുഴ)	....	0	8	0

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.